# നവകേരളത്തിനായി നഗരസഭകൾ

നഗരസഭ ജനപ്രതിനിധികൾക്കുള്ള
കൈപ്പുസ്തകം

4

## സാമൂഹ്യക്ഷേമവും സേവനങ്ങളും
Social Welfare & Services

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
KERALA INSTITUTE OF LOCAL ADMINISTRATION (KILA)


www.kila.ac.in
ഡിസംബർ 2020

| | |
|---|---|
| സാമൂഹ്യക്ഷേമവും സേവനങ്ങളും | Social Welfare & Services |
| | |
| ചീഫ് എഡിറ്റർ | *Chief Editor* |
| ഡോ. ജോയ് ഇളമൺ | Dr. Joy Elamon |
| ഡയറക്ടർ ജനറൽ, കില | Director General, KILA |
| | |
| *എഡിറ്റർ* | *Editor* |
| ഡോ. സണ്ണി ജോർജ്ജ് | Dr. Sunny George |
| പ്രൊഫസർ, അർബൻ പ്ലാനിംഗ്, കില | Professor, Urban Planning, KILA |
| | |
| *അസോസിയേറ്റ് എഡിറ്റേഴ്സ്:* | *Associate Editors:* |
| ശ്രീ. എം. രേണുകുമാർ | Shri. M. Renukumar |
| ശ്രീ. പി.എം. ദേവരാജൻ | Shri. P.M. Devarajan |
| അഡ്വ. ടി.എസ്. സെയ്ഫുദ്ദീൻ | Adv. T.S. Saifudeen |
| ശ്രീ. ആർ. ബാലഗംഗാധരൻ | Shri. R. Balagangadharan |
| | |
| *രചനയിൽ സഹായിച്ചവർ:* | *Contributors:* |
| ശ്രീ. എ. അജ്മൽ | Shri. A. Ajmal |
| ശ്രീ. വി.കെ. ഉണ്ണികൃഷ്ണൻ | Shri. V.K. Unnikrishnan |
| ശ്രീ. എൻ.വിജയരാജൻ | Shri. N. Vijayarajan |
| ശ്രീ. കെ.എം.മുഹമ്മദാലി | Shri. K.M. Muhammedali |
| | |
| *നിർവഹണ ഏകോപനം* | *Production Coordination* |
| മാത്യു ആൻഡ്രൂസ് | Mathew Andrews |
| അസിസ്റ്റന്റ് ഡയറക്ടർ, കില | Assistant Director, KILA |
| | |
| *പ്രസാധനം* | *Published by* |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ (കില) | Administration (KILA) |
| മുളംകുന്നത്തുകാവ്, തൃശൂർ 680581 | Mulamkunnathukavu,Thrissur- 680581 |
| ഫോൺ: +914872207000, 2201312 | Phone: +91-487-2207000-, 2201312 |
| ഫാക്സ്: +914872201062 | Fax: +91-487-2201062 |
| ഇമെയിൽ: info@kila.ac.in | Email: info@kila.ac.in |
| വെബ്സൈറ്റ്: http://www.kila.ac.in | Website: http://www.kila.ac.in |
| | |
| *കവർ ഡിസൈൻ* | *Cover Design* |
| ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ് | Godfrey's Graphics |
| | |
| *അച്ചടി* | *Printed at* |
| ഗ്രാമലക്ഷ്മി മുദ്രാലയം | Gramalakshmi Mudralayam |
| ഡിസംബർ 2020 | December 2020 |


---

*Copyright: Everyone can use this for noncommercial public purpose with acknowledgement to KILA*

കേരള സർക്കാർ



**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.662/പ്രസ്/സി.എം.ഒ/2020. ഡിസംബർ 4, 2020.

# സന്ദേശം

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ജനങ്ങളുമായി നേരിട്ട് ഇടപെടുവാനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും കഴിയുന്നത് പ്രാദേശികഭരണ സംവിധാനത്തിലൂടെയാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്.

സുസ്ഥിരവും സർവ്വതോമുഖവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസന പ്രക്രിയയിലൂന്നിയ ഒരു നവകേരള സൃഷ്ടിക്കായാണ് 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയവയെല്ലാം നടപ്പാക്കുന്നതും തദ്ദേശസ്വയംഭരണ സംവിധാനം വഴിയാണ്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് സാധിക്കണം.

പ്രാദേശിക ഭരണസംവിധാനം ശക്തമാക്കുന്നതിന് കാര്യശേഷി വികസനം അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ട് കില തയ്യാറാക്കിയ എട്ട് കൈപ്പുസ്തകങ്ങളുടെ സമാഹാരം ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in



കേരള സർക്കാർ

**എ.സി. മൊയ്തീൻ**

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി
കേരള സർക്കാർ

# സന്ദേശം

**2020–2025** കാലയളവിലേക്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ഹൃദ്യമായ ആശംസ കൾ! ജനങ്ങൾ തങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളും സാക്ഷാത് ക്കരിക്കുവാൻ നിങ്ങളോരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് കരുതുന്നു.

1996–ൽ അധികാരത്തിൽ വന്ന നായനാർ സർക്കാർ നടപ്പിലാക്കിയ ജന കീയാസൂത്രണ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തീക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ മാതൃകാപരമാണ്. കേരളം നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിലൂടെ ശക്തമായ പ്രാദേ ശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇതിന്റെ ഫലമായി, ജനാഭിലാഷം കണ്ടറിഞ്ഞ് ഒട്ടേറെ നൂതനാശയങ്ങൾ പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കി വരുന്നു. 2017–ൽ ആരംഭിച്ച നവകേര ളത്തിനായി ജനകീയാസൂത്രണവും നവകേരള കർമ്മപരിപാടിയും വിവിധ ദൗത്യങ്ങളും ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്ന് മുമ്പോട്ടു പോകുന്നു. 25 വർഷം പൂർത്തിയായ ജനകീയാസൂത്രണ പ്രസ്ഥാനം ഇന്ന് രാജ്യത്തിന് തന്നെ മാതൃകയാണ്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണ സംവിധാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുമായി കൂടുതൽ ഇഴുകിചേർന്ന് അവരുടെ വികസനാ വശ്യങ്ങളെ യഥാർത്ഥ ബോധത്തോടെ സമീപിക്കാനും ഉൾക്കൊള്ളാനും പഞ്ചായത്തുരാജ് ഭരണ സംവിധാനത്തിന് കഴിയുമെന്നത് നിസ്തർക്കമാണ്. ഇപ്രകാരം ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം.

നമുക്കെല്ലാം അറിയാവുന്നതുപോലെ ലോകം ഇന്ന് കോവിഡ് 19 എന്ന മഹാമാരിയുടെ പിടിയിലാണ്. തീർച്ചയായും മനുഷ്യകുലം ഈ മഹാമാരിയെ അതിജീവിക്കുക തന്നെ ചെയ്യും. പുതിയ കാലത്തിനനുസൃതമായ തരത്തിൽ തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലനം നല്കുന്നതിന് കില, കൈപ്പുസ്തകങ്ങളും പുതിയ പഠനരീതികളും ഒരുക്കിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഈ കൈപ്പുസ്തകങ്ങൾ പ്രാപ്തരാക്കും എന്നതും നിസ്തർക്കമാണ്. ജനപ്രതിനിധികൾക്കായി സാമൂഹ്യക്ഷേമവും സേവനങ്ങളും എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തണമെന്ന് എല്ലാ ജനപ്രതിനിധികളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം
01.12.2020

സസ്നേഹം,



എ.സി. മൊയ്തീൻ



**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# അവതാരിക

കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം കാൽ നൂറ്റാണ്ട് പൂർത്തീകരിച്ചിരിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ഭരണത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും രാജ്യവും ലോകവും ഉറ്റുനോക്കുന്ന വികസനത്തിന്റെ മാതൃകാ സംസ്ഥാനമായി മാറാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി നിലകൊള്ളുകയാണ്. 73, 74 ഭരണഘടനാ ഭേദഗതികൾക്ക് ശേഷം, ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനമാണ് നമ്മുടെ സംസ്ഥാനത്തെ രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമാക്കിയത്. ഒട്ടേറെ വികസന മാതൃകകൾ സൃഷ്ടിക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പ്രാദേശിക സർക്കാരുകളുടെ ഏറ്റവും മഹത്തായ സ്വഭാവവിശേഷം അവയ്ക്ക് ജനങ്ങളുമായുള്ള അടുപ്പം തന്നെയാണ്. ജനകീയാസൂത്രണത്തിനൊപ്പം മറ്റ് നിരവധി നടപടികളും അന്നുമുതൽ കൈക്കൊള്ളുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനമാണ് 1996-ൽ തന്നെ രൂപീകരിച്ച സെൻ കമ്മിറ്റിയും അവരുടെ റിപ്പോർട്ടിൻപ്രകാരമുള്ള തുടർ നടപടികളും. 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. അതോടൊപ്പം, പുതിയ കേരള സൃഷ്ടിക്കായി നവകേരള കർമ്മ പരിപാടി പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ ഭാഗമായി ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിത കേരളം എന്നീ ദൗത്യങ്ങളും പ്രവർത്തനമാരംഭിച്ചു. ഇവയെല്ലാം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഔന്ന്യത്യത്തിലെത്തിച്ചു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ ജനപ്രതിനിധികൾക്ക് അവരുടെ പ്രവർത്തന തുടക്കത്തിൽ തന്നെ ഈ പരിശീലനം നൽകേണ്ടതുണ്ട്. മുൻകാലങ്ങളിൽ കില ഈ പ്രവർത്തനം സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ട്.

ഇന്ന് നമ്മെ വലയം ചെയ്തിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിയുടെ കാലത്തിനും വരാനിരിക്കുന്ന കോവിഡാനന്തര കാലത്തിനും അനുയോജ്യ മായ പ്രവർത്തനങ്ങൾക്കുതകുന്ന പരിശീലന പരിപാടികളും കൈപ്പുസ്തക ങ്ങളുമാണ് കില രൂപം നല്കിയിരിക്കുന്നത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭാ ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും വിധം തയ്യാറാക്കിയ സാമൂഹ്യക്ഷേമവും സേവനങ്ങളും എന്ന ഈ കൈപ്പുസ്തകം രൂപപ്പെടു ത്തുന്നതിന് നേതൃത്വം നല്കിയ പ്രൊഫ. സണ്ണിജോർജ്ജിനെയും അദ്ദേഹ ത്തോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ കില ടീം അംഗങ്ങളെയും അഭിനന്ദിച്ചുകൊണ്ട് ഈ പുസ്തകം ഞാൻ കിലയ്ക്കുവേണ്ടി സമൂഹത്തിന് മുമ്പാകെ സമർപ്പിക്കുന്നു.

ഡോ. ജോയ് ഇളമൺ



**ഡോ. സണ്ണി ജോർജ്ജ്**
പ്രൊഫസർ, അർബൻ പ്ലാനിംഗ്, കില

# ആമുഖം

**73, 74** ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പിൽ വന്ന അധികാര വികേന്ദ്രീകരണ ഭരണസംവിധാനങ്ങളും വികേന്ദ്രീകരണ ആസൂത്രണവും മറ്റ് രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും മാതൃകയായി തീരുകയും വിജയം കൈവരിക്കുകയും ചെയ്തതിന്റെ പ്രധാന ഹേതുക്കളിൽ ഒന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും വിവിധ മേഖലകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിന് നേതൃത്വം നല്കിയ സ്ഥാപനങ്ങളിൽ മുൻനിരയിൽ നില്ക്കുന്നത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ അഥവാ കിലയാണ്. ഓരോ തെരഞ്ഞെടുപ്പിന് ശേഷവും പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിക്കും വരെ തുടർപരിശീലനം നല്കി കൊണ്ടിരിക്കുകയും ചെയ്യുക എന്നത് കില വർഷങ്ങളായി തുടർന്നു വരുന്ന നടപടിക്രമമാണ്. അടുത്ത തെരഞ്ഞെടുപ്പിനുശേഷം വരുന്ന ജനപ്രതിനിധികൾക്കും ഈ രീതിയിലുള്ള പരിശീലനം നല്കുന്നതിനുള്ള തയ്യാറെടുപ്പുകൾ കില ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

സാങ്കേതിക മുന്നേറ്റത്തിന് വിധേയമായി കാലാകാലങ്ങളിൽ പഠനരീതിയിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് കില പഠനസമ്പ്രദായങ്ങൾ പരിഷ്ക്കരിക്കുന്നു. ഈ കാര്യത്തിൽ പഠിതാക്കൾ മുതിർന്നവരാണെന്ന കാര്യവും കണക്കിലെടുക്കുന്നു. നീണ്ട അവതരണ രീതികൾക്ക് പകരം പങ്കാളിത്ത പഠന രീതിക്ക് അനുയോജ്യമായ ദൃശ്യ-ശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ് തുടങ്ങിയ രീതികൾ കാലാകാലങ്ങളിൽ ഉപയോഗിക്കുന്നു.

എന്നാൽ ഇന്ന് സ്ഥിതി മറ്റെല്ലാ കാലത്തേയുംക്കാൾ സങ്കീർണ്ണമാണ്. കോവിഡ് 19 എന്ന മഹാമാരി മറ്റെല്ലാ ജീവിതമേഖലകളിലുമെന്നതുപോലെ അറിവിന്റേയും പഠനത്തിന്റേയും തലങ്ങളിലും പുതിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. പഴയ രീതിയിൽ പഠിതാക്കളെ ഒരു കേന്ദ്രത്തിൽ ഒന്നിച്ചു കൂട്ടി ക്ലാസ്സുകൾ നല്കുക എന്നത് പ്രായോഗികമായി ഇപ്പോൾ പ്രയാസമാണ്. സ്വാഭാവികമായും ഡിജിറ്റൽ ഓൺലൈൻ രീതികൾ അടക്കം പരീക്ഷിക്കേണ്ടി വരും. അങ്ങനെയാവുമ്പോൾ കൈപ്പുസ്തകങ്ങൾ അടക്കമുള്ള പഠന സാമഗ്രികൾക്ക് പ്രാധാന്യം ഏറുന്നു. ഈ പുതിയ

സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് കഴിയുന്നത്ര സമഗ്രമായി ഈ കൈപ്പുസ്തകങ്ങൾ രൂപപ്പെടുത്താൻ കില പരമാവധി ശ്രമിച്ചിട്ടുണ്ട്.

പുതുതായി തെരഞ്ഞെടുത്ത് വരുന്ന നഗരസഭാ ജനപ്രതിനിധികൾക്ക് നഗരഭരണത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഏകദേശം പൂർണ്ണമായ ധാരണ കിട്ടുന്ന രീതിയിൽ എട്ട് വാല്യങ്ങൾ അടങ്ങുന്ന ഒരു സെറ്റ് ആയിട്ടാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ഓരോ പുസ്തകവും ഓരോ വിഷയത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നു. ഇതിൽ നാലാമത്തേതായ 'സാമൂഹ്യക്ഷേമവും സേവനങ്ങളും' എന്ന പുസ്തകം എട്ട് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. ഇന്ന് കേരളത്തിൽ സാമ്പത്തികമായി അടിത്തട്ടിൽ ജീവിക്കുന്ന വലിയൊരു വിഭാഗം മനുഷ്യരുടെ ജീവിതാടിസ്ഥാനമായി ക്ഷേമപെൻഷനുകളും സർക്കാർ ധനസഹായങ്ങളും മാറിയിട്ടുണ്ട്. വിവിധങ്ങളായ ഇവയുടെ വിശദാംശങ്ങൾ ഈ പുസ്തകം സമഗ്രമായി ചർച്ച ചെയ്യുന്നു. അതോടൊപ്പം വിദ്യാഭ്യാസം മുതൽ മത്സ്യബന്ധനം വരെയുള്ള വിവിധ മേഖലകളിൽ നഗരസഭകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. കച്ചവടവും മറ്റും സംരംഭങ്ങളും ആരംഭിക്കുന്നവർ നഗരസഭയിൽ നിന്ന് എടുക്കേണ്ട അനുവാദങ്ങളും ലൈസൻസുകളും സംബന്ധിച്ച നടപടിക്രമങ്ങളും ഈ പുസ്തകത്തിൽ നിന്ന് പഠിതാവിന് മനസ്സിലാക്കാനാവും. കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന രചനാരീതിയാണ് എല്ലാ ലേഖന കർത്താക്കളും സ്വീകരിച്ചിട്ടുള്ളത്. ഇപ്രകാരം ഈ പുസ്തകം രൂപകല്പന ചെയ്യുന്നതിന് കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളും ജീവനക്കാരും പൂർണ്ണമായി സഹകരിച്ചിട്ടുണ്ട്. അവർക്കും സമയാസമയങ്ങളിൽ ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബഹുമാന്യനായ കില ഡയറക്ടർക്കും നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ.

ഡോ. സണ്ണി ജോർജ്ജ്

# ഉള്ളടക്കം


1 **സാമൂഹ്യ സുരക്ഷ പെൻഷനുകളും ധനസഹായങ്ങളും.......................... 17**

1.1 ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട നഗരസഭയുടെ ചുമതലകൾ .......... 18

1.2 ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട പൊതു മാനദണ്ഡം .......... 18

1.3 നഗരസഭ മുഖേന നൽകുന്ന പെൻഷനുകൾ .......... 18

1.4 ധനസഹായങ്ങൾ.......... 21

1.5 അപ്പീൽ അധികാരി.......... 24

1.6 ജാഗ്രത.......... 24

2 **നഗരസഭകളും പൊതുജനാരോഗ്യവും .......... 25**

2.1 നഗരസഭകളുടെ ആരോഗ്യ സേവനങ്ങൾ .......... 25

2.2 കേരളത്തിന്റെ ആരോഗ്യ രംഗം .......... 26

2.3 ആർദ്രം മിഷൻ .......... 26

2.4 സമഗ്ര ആരോഗ്യ പരിപാടി.......... 27

2.5 നഗരസഭകളും പൊതുജനാരോഗ്യ സ്ഥാപനങ്ങളും.......... 28

2.6 പകർച്ചവ്യാധി പ്രതിരോധം.......... 29

2.7 ജനകീയ സംവിധാനങ്ങൾ.......... 30

2.8 വാർഡ് തല ആരോഗ്യ ശുചിത്വ കമ്മിറ്റി .......... 32

2.9 ആരോഗ്യ സ്ഥാപനങ്ങളും സേവനങ്ങളും (OP വിഭാഗം / IP വിഭാഗം).......... 32

2.10 ദേശീയ നഗര ആരോഗ്യ ദൗത്യം (NUHM).......... 33

3 **വിദ്യാഭ്യാസം കായികം സംസ്കാരം.......... 34**

3.1 പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.......... 34

3.2 നഗരസഭകളും പൊതുവിദ്യാഭ്യാസവും .......... 36

3.3 വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി.......... 37

3.4 പ്രധാന പ്രവർത്തനങ്ങൾ.......... 37

3.5 തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ....................38
3.6 വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്റെ ചുമതലകൾ....................38
3.7 വാർഡ് സഭകളുടെ ചുമതല....................39
3.8 റോഡിതര മെയിന്റനൻസ് ഗ്രാന്റും സ്കൂൾ സൗകര്യ വികസനവും....................39
3.9 ജനകീയാസൂത്രണം വിദ്യാഭ്യാസ രംഗത്തെ പ്രോജക്ട് സാദ്ധ്യതകൾ....................40
3.10 കായിക വിനോദ സൗകര്യങ്ങൾ (പ്രോജക്ട് സാദ്ധ്യതകൾ)....................41
3.11 വിദ്യാഭ്യാസ പ്രോജക്ടുകൾ (പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക്)....................42
3.12 വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം 2009....................43
3.13 കലാകായിക സാംസ്കാരിക മേഖല....................44

**4 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം....................46**

4.1 പ്രത്യേക ഘടക പദ്ധതി (Special Component SubPlan)....................47
4.2 പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ ഏറ്റെടുത്തു നടത്താവുന്നവ)....................48
4.3 നഗരസഭകൾക്ക് നേരിട്ട് നടപ്പിലാക്കാവുന്ന പദ്ധതികൾ....................50
4.4 പട്ടികവർഗ ക്ഷേമം....................52
4.5 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)....................52
4.6 ജനകീയാസൂത്രണവും പ്രത്യേക ഘടക പദ്ധതികളും....................52
4.7 ഊരുകൂട്ടം, ST പ്രമോട്ടർമാർ:....................57
4.8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്....................57

**5 ശിശുവികസനം....................58**

5.1 ശിശുവികസന നയം....................58
5.2 സമഗ്ര ശിശു വികസന പദ്ധതി....................58
5.3 ആരോഗ്യമേഖല....................60
5.4 പങ്കാളിത്തം....................61
5.5 പശ്ചാത്തല സൗകര്യം....................61
5.6 സംയോജിത ശിശു വികസന പദ്ധതി (ICDS)....................62
5.7 അങ്കണവാടി പ്രവർത്തനങ്ങൾ....................63
5.8 ബഡ്സ് സ്കൂൾ....................64
5.9 ചൈൽഡ് ലൈൻ....................65
5.10 ബാലാവകാശങ്ങൾ....................65

**6 വനിതാ വികസനവും തുല്യനീതിയും....................66**

6.1 നഗര ജീവിതവും സ്ത്രീകളും....................67
6.2 സുരക്ഷ പാർപ്പിടം ഉപജീവനമാർഗ്ഗം....................67
6.3 വനിതാ ഘടക പദ്ധതി....................68
6.4 സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന പൊതു വികസന പ്രവർത്തനങ്ങൾ....................69
6.5 സ്ത്രീപദവി പഠനവും അവസരങ്ങളും....................70
6.6 ജാഗ്രത സമിതി....................70
6.7 കുടുംബശ്രീ....................71

6.8 ട്രാൻസ് ജെൻഡർ ....72
6.9 വയോജന ക്ഷേമം....73
6.10 വയോമിത്രം....74
6.11 പകൽവീട് ....74
6.12 വൃദ്ധസദനം....74

**7 മത്സ്യബന്ധനം ....76**

7.1 ജനകീയാസൂത്രണവും മത്സ്യമേഖലയും ....77
7.2 മത്സ്യബന്ധന മേഖലയിൽ നഗരസഭയുടെ ചുമതലകൾ....79
7.3 ഉൽപാദന മേഖല....80
7.4 സേവനമേഖല....80
7.5 മത്സ്യ സഹകരണ സംഘങ്ങൾ .... 81
7.6 പശ്ചാത്തല മേഖല .... 81

**8 ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ ....83**

8.1 എന്താണ് ലൈസൻസ്....83
8.2 എന്താണ് പെർമിറ്റ് ....83
8.3 എന്താണ് രജിസ്ട്രേഷൻ ....84
8.4 ലൈസൻസിനും രജിസ്ട്രേഷനും ബാധകമായ നിയമങ്ങൾ ചട്ടങ്ങൾ....84
8.5 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ ....84
8.6 മറ്റു ലൈസൻസുകൾ....86
8.7 ചില മൃഗങ്ങളുടെ മേലുള്ള നിയന്ത്രണം (വകുപ്പ് 435–438)....88
8.8 ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനും ഉള്ള സ്ഥലങ്ങൾ (വകുപ്പ് 483–491)....88
8.9 1965ലെ PPR ആക്ട് പ്രകാരമുള്ള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ലൈസൻസ്....88
8.10 സിനിമാറ്റോഗ്രാഫ് ലൈസൻസ് ....89
8.11 രജിസ്ട്രേഷൻ....89
8.12 ജനനമരണ രജിസ്ട്രേഷൻ ....90
8.13 വിവാഹ രജിസ്ട്രേഷൻ.... 91
8.14 സർട്ടിഫിക്കറ്റുകൾ ....93

# പ്രവേശിക

അധികാരവികേന്ദ്രീകരണത്തിന്റെ സാധ്യതകൾ പ്രാദേശിക വികസനത്തിലും ഭരണത്തിലും പരമാവധി പ്രയോജനപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഒട്ടേറെ പദ്ധതികൾ ഇതിനകം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനുള്ള ക്ഷേമ പ്രവർത്തനങ്ങൾ ആണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക വഴി മാനവവികസന സൂചികയിൽ മാതൃകാപരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും ആരോഗ്യ രംഗത്തും കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രാദേശികമായ രീതിയിൽ ഉത്തരം കണ്ടെത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കേണ്ടതുണ്ട്.

പുതിയ സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ച് കൊണ്ട് നമ്മുടെ ജനപ്രതിനിധികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവണമെങ്കിൽ അവരുടെ അറിവും അത് വഴി കഴിവും ആത്മവിശ്വാസവും വികസിപ്പിക്കേണ്ടതുണ്ട്. ഇതിന് നിരന്തരമായ പരിശീലനം ആവശ്യമാണ്. ഈ പരിശീലനത്തിന് സഹായം എന്ന നിലയിലാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

'സാമൂഹ്യക്ഷേമവും സേവനങ്ങളും' എന്ന ഈ കൈപ്പുസ്തകത്തിൽ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കു പുറമേ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ, ലൈസൻസുകൾ എന്നീ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രധാനമായും മൂന്നു സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്നതായ ഈ വിഷയങ്ങൾ നഗരസഭകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വിഷയ മേഖലകളാണ്. ജനപ്രതിനിധികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വിഷയങ്ങളും ആണ്.

നഗരസഭകളിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാകുമീ കൈപ്പുസ്തകം എന്ന പ്രതീക്ഷയോടെ ഇത് സമർപ്പിക്കുന്നു.

# 1
# സാമൂഹ്യ സുരക്ഷ പെൻഷനുകളും ധനസഹായങ്ങളും

**ആമുഖം**

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായവർക്ക് വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വന്നിരുന്ന ക്ഷേമ സുരക്ഷാപദ്ധതികളെല്ലാം അധികാര വികേന്ദ്രീകരണം മുൻനിർത്തിയുള്ള ഭരണഘടനാ ഭേദഗതിക്ക് ശേഷം സമൂഹത്തിന്റെ താഴെ തട്ടിൽ നിന്ന് പ്രവർത്തിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക എന്നത് നഗരസഭകളുടെ ചുമതലയായതുകൊണ്ടു സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരായ മനുഷ്യർക്ക് വേണ്ടിയുള്ള ഇത്തരം പദ്ധതികൾ അർഹരായവരുടെ കൈകളിൽ എത്തുമെന്ന് ഉറപ്പുവരുത്തേണ്ടത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലയാണ്.

ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് താഴെത്തട്ടിലുള്ളവരെ സഹായിക്കുക എന്നത് പ്രഥമ കർത്തവ്യമായി കാണുകയും, അവയുമായി ബന്ധപ്പെട്ട് നഗരസഭ ആവിഷ്കരിക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ ഉന്നതിക്ക് ആവശ്യമാണ്. പ്രതിസന്ധികൾ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള സഹായങ്ങൾ ലഭ്യമാക്കുക എന്നത് ജനപ്രതിനിധികളുടെ ഉത്തരവാദിത്വമാണ്. വ്യക്തിഗത ക്ഷേമമാണ് സാമൂഹ്യക്ഷേമത്തിന്റെ അടിത്തറ എന്ന നിലയിൽ, നിർധന വിഭാഗങ്ങളിൽ പെടുന്നവർ സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, തുടങ്ങിയവരെ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വികസനമാണ് ഓരോ നഗരസഭയും കാഴ്ചവേയ്ക്കേണ്ടത്. സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. നഗരസഭാ വഴി നടപ്പാക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളെയും ധനസഹായങ്ങളേയും സംബന്ധിച്ച് സാമാന്യമായ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

## 1.1 ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട നഗരസഭയുടെ ചുമതലകൾ

പെൻഷന് അർഹതയുള്ള എല്ലാവരെയും കണ്ടെത്തുക. ഇതിനായി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായങ്ങൾ സ്വീകരിക്കാവുന്നതാണ്.

### തുടർനടപടികൾ:

- പെൻഷൻ അപേക്ഷ സ്വീകരിക്കൽ, രജിസ്റ്ററിൽ ചേർക്കൽ.
- അപേക്ഷകൾ അന്വേഷണത്തിനായി ഉദ്യോഗസ്ഥർക്ക് കൈമാറൽ.
- അന്വേഷണറിപ്പോർട്ട് സ്റ്റാൻഡിങ് കമ്മിറ്റി പരിഗണിക്കൽ, തുടർന്ന് കൗൺസിൽ അംഗീകാരം.
- അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കൽ.
- ഉത്തരവ് പുറപ്പെടുവിക്കൽ, ഡാറ്റാ എൻട്രി നടത്തൽ.
- അപേക്ഷകരുടെ സംശയദൂരീകരണത്തിനും, ഫോറം പൂരിപ്പിക്കുന്നതിനും സഹായസംവിധാനം ഒരുക്കൽ.
- പെൻഷൻ അനുവദിക്കപ്പെട്ടവരും അല്ലാത്തവരുമായ അപേക്ഷകരെ കാര്യകാരണസഹിതം വിവരം അറിയിക്കൽ.
- പരാതികൾ സ്വീകരിക്കൽ, പരിഗണിക്കൽ, തീർപ്പാക്കൽ.
- വിവിധ പെൻഷൻ ലഭിക്കുന്നവരുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കൽ.

## 1.2 ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട പൊതു മാനദണ്ഡം

- അപേക്ഷകന്റെ കുടുംബവാർഷിക വരുമാനപരിധി 1,00,000/ രൂപ.
- എല്ലാ അപേക്ഷകരും ആധാർ കാർഡ് സമർപ്പിക്കേണ്ടതാണ്.
- നിർദ്ദിഷ്ട ഫാറത്തിൽ സത്യവാങ്മൂലം നൽകണം.

### പൊതു അർഹതാ മാനദണ്ഡം

- അപേക്ഷകൻ സർവീസ് പെൻഷനർ ആകരുത്.
- അപേക്ഷകൻ ആദായ നികുതി നൽകുന്ന ആൾ ആകരുത്.
- അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് STക്ക് മാത്രമാണ് ഇളവ്
- 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ളതും ആധുനികരീതിയിൽ ഫ്ലോറിങ് നടത്തിയിട്ടുള്ളതുമായ R.C.C കെട്ടിടം ഉള്ളവരാകരുത്
- താമസിക്കുന്ന വീട്ടിൽ എയർകണ്ടീഷണർ ഉള്ളവരാകരുത്
- അംബാസിഡർ കാർ ഒഴികെ ആയിരം സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ സ്വന്തമായോ കുടുംബത്തിലോ ഉള്ളവരാകരുത്.

## 1.3 നഗരസഭ മുഖേന നൽകുന്ന പെൻഷനുകൾ

### 1.3.1 ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • 60 വയസ്സ് പൂർത്തിയാവണം. | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ. |

| | |
|---|---|
| • കേരള സംസ്ഥാനത്ത് മൂന്ന് വർഷമെങ്കിലും സ്ഥിര താമസമുണ്ടായിരിക്കണം | • പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ, ജനന സർട്ടിഫിക്കറ്റോ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടിന്റെ പകർപ്പോ ഹാജരാക്കണം (ഇവയൊന്നും ഇല്ലെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്). |
| | • സ്ഥിരതാമസം തെളിയിക്കുന്നതിന് റേഷൻ കാർഡിന്റെ അല്ലെങ്കിൽ മേൽവിലാസം കാണിക്കുന്ന മറ്റ് ഏതെങ്കിലും രേഖയുടെ പകർപ്പ്. |
| | • വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |

അന്വേഷണ ഉദ്യോഗസ്ഥർ : റവന്യൂ ഇൻസ്പെക്ടർ / സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ.

തീരുമാനം എടുക്കുന്നതിനുള്ള അധികാരസ്ഥാനം : കൗൺസിൽ

75വയസ്സ് പൂർത്തിയായവർക്ക് അധികരിച്ച നിരക്കിൽ പെൻഷൻ അനുവദിക്കുന്നു.

### 1.3.2 അഗതി പെൻഷൻ (വിധവകൾക്ക്)

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • വിധവകൾ, 7 വർഷമായി ഭർത്താവിനെ കുറിച്ച് വിവരം ലഭ്യമല്ലാത്ത സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിച്ച് ഏഴു വർഷം കഴിഞ്ഞതും പുനർവിവാഹം ചെയ്യാത്തതുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾ.<br>• തുടർച്ചയായി 2 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസം.<br>• പ്രായപരിധി ഇല്ല (ഭർത്താവ് ഉപേക്ഷിച്ചവരുടെ സംഗതിയിൽ ഒഴികെ). | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പ്രതികൾ.<br>• വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ, ഭർത്താവിനെ കുറിച്ച് വിവരം ലഭ്യമല്ലാത്ത / ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീകളാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രമോ നൽകണം.<br>• അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷക ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ. (റേഷൻകാർഡ് / മേൽ വിലാസം തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>• വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |

അന്വേഷണ ഉദ്യോഗസ്ഥർ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

തീരുമാനം എടുക്കുന്നതിനുള്ള അധികാരസ്ഥാനം : നഗരസഭ ഭരണ സമിതി

- പുനർവിവാഹം നടത്തിയിട്ടില്ല എന്നതിന് വില്ലേജ് ഓഫീസർ / ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
- എല്ലാ വർഷവും പുനർവിവാഹം ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം ഡിസംബർ മാസത്തിൽ നൽകണം. (ഗസറ്റഡ് ഓഫീസർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

### 1.3.3 വികലാംഗ പെൻഷൻ

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • വയസ്സ് പരിധിയില്ല.<br>• അംഗവൈകല്യം സംഭവിച്ചവർ, ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർ. | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ.<br>• സ്ഥിര താമസം തെളിയിക്കുന്ന ഒരു രേഖ (റേഷൻകാർഡ് / മേൽ വിലാസം തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>• അംഗപരിമിതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള 2017ലെ Rights of persons with disabiltiy rules അനുസരിച്ചുള്ള (ഫോറം V, VI, VII എന്നിവയിൽ) മെഡിക്കൽ സർട്ടിഫിക്കറ്റ്.<br>• വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |

അന്വേഷണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഇൻസ്പെക്ടർ.

തീരുമാനം എടുക്കുന്നതിനുള്ള അധികാരസ്ഥാനം: കൗൺസിൽ

- സാമൂഹ്യ സുരക്ഷാ മിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നവരോട് അംഗപരിമിതി തെളിയിക്കുന്നതിന് മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടില്ല. എന്നാൽ അർഹതാ മാനദണ്ഡം ഉറപ്പാക്കി ഇരിക്കണം.
- 80% മോ അതിനു മുകളിലോ വൈകല്യമുള്ളവർക്ക് പ്രത്യേക നിരക്ക്

### 1.3.4 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • 50 വയസ്സ് പൂർത്തിയായിരിക്കണം.<br>• കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം. | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ.<br>• അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതും ആയ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്. |

അന്വേഷണ ഉദ്യോഗസ്ഥൻ : റവന്യൂ ഇൻസ്പെക്ടർ

തീരുമാനം എടുക്കുന്നതിനുള്ള അധികാരസ്ഥാനം : കൗൺസിൽ

- 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാവുന്നതാണ്.

- വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസറിൽ നിന്നോ വില്ലേജ് ഓഫീസറിൽ നിന്നോ എല്ലാവർഷവും ഡിസംബർ മാസത്തിൽ ഹാജരാക്കണം.

### 1.3.5 കർഷകത്തൊഴിലാളി പെൻഷൻ

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • 60 വയസ്സ് പൂർത്തിയായിരിക്കണം.<br>• കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം.<br>• അപേക്ഷിക്കുന്നതിന് തൊട്ടു മുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമായിരിക്കണം. | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ.<br>• കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം.<br>• പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ, ജനന സർട്ടിഫിക്കറ്റോ, തെരഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടിന്റെ കോപ്പിയോ ഹാജരാക്കണം.<br>• സ്ഥിരതാമസം ആണെന്ന് തെളിയിക്കുന്ന രേഖ.<br>• വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്. |

അന്വേഷണ ഉദ്യോഗസ്ഥൻ : കൃഷി അസിസ്റ്റന്റ്.
തീരുമാനം എടുക്കുന്നതിനുള്ള അധികാരസ്ഥാനം : കൗൺസിൽ

## 1.4 ധനസഹായങ്ങൾ

### 1.4.1 തൊഴിൽരഹിത വേതനം

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.<br>• പട്ടികജാതി / പട്ടികവർഗ / വികലാംഗർ എന്നീ വിഭാഗക്കാർക്കു സ്കൂളിൽ പഠിച്ച് SSLC പരീക്ഷക്ക് ഹാജരായാലും പരിഗണിക്കാം.<br>• കുടുംബവാർഷിക വരുമാനപരിധി 12000/ രൂപയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്.<br>• പ്രായം 18നും 35നും മദ്ധ്യേ.<br>• എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ: 18 വയസ്സിനു ശേഷം തുടർച്ചയായി പട്ടികജാതി / പട്ടികവർഗ / വികലാംഗർക്ക് രണ്ട് വർഷവും മറ്റുള്ളവർക്ക് മൂന്നു വർഷവും സീനിയോറിറ്റി വേണം.<br>• യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് മൂന്ന് വർഷവും പൂർത്തീകരിച്ചിരിക്കണം. | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (2 പ്രതികൾ)<br>• എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>• എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്.<br>• നഗരപ്രദേശത്ത് സ്ഥിരതാമസം സംബന്ധിച്ച രേഖ.<br>• ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ. (ആധാർ കാർഡ് ഹാജരാക്കുന്ന പക്ഷം മറ്റു തിരിച്ചറിയൽ രേഖകൾ ആവശ്യമില്ല)<br>• വികലാംഗ സർട്ടിഫിക്കറ്റ് (ബാധകമായവർക്ക് മാത്രം)<br>• ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. (പരിശോധനയ്ക്ക് അസ്സൽ ഹാജരാക്കണം) |

അന്വേഷണ ഉദ്യോഗസ്ഥർ: റവന്യൂ ഇൻസ്പെക്ടർ.
തീരുമാനം എടുക്കുന്നതിനുള്ള അധികാരസ്ഥാനം : കൗൺസിൽ

### 1.4.2 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം

| അർഹതാ മാനദണ്ഡം | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ് കഴിഞ്ഞിരിക്കണം.<br>• കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ കവിയരുത്.<br>• വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷം കേരളത്തിൽ സ്ഥിര താമസക്കാരിയായിരിക്കണം.<br>• സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000/- രൂപയിൽ കവിയരുത്.<br>• വിധവകളുടെ / 3 വർഷമായി വിവാഹ മോചിതരായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കൾ.<br>• ഭർത്താവ് ഉപേക്ഷിച്ചവരുടെ / ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവരുടെ പെൺമക്കൾ.<br>• അവിവാഹിതരായ സ്ത്രീകളുടെ മക്കൾക്കും വിവാഹധനസഹായം നല്കാം. | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (2 പകർപ്പ്)<br>• അപേക്ഷക വിധവയാണെന്ന്, വിവാഹ മോചിതയാണെന്ന്, ഭർത്താവ് ഉപേക്ഷിച്ചതാണെന്ന്, ഭർത്താവിനെ കാണാതായതാണെന്ന് തെളിയിക്കുന്ന രേഖ.<br>• വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്.<br>• വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ പ്രതിശ്രുത വരന്റെ സത്യവാങ്മൂലം.<br>• വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിര താമസക്കാരിയാണെന്ന രേഖ (3 വർഷം)<br>• വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി 3 വർഷം വരെ) |

അന്വേഷണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

- വിവാഹിതയാകുന്ന പെൺകുട്ടിയുടെ അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ വിവാഹം നടത്തികൊടുക്കുന്ന ആൾക്കോ അല്ലെങ്കിൽ പെൺകുട്ടിക്ക് സ്വയമോ അപേക്ഷിക്കാം. അഗതി മന്ദിരങ്ങളിൽ ഉള്ള പെൺകുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്.
- വിവാഹം കഴിഞ്ഞ തീയതി മുതൽ 1 വർഷം വരെയുള്ള കാലതാമസം ജില്ലാ വനിതാ ശിശു വികസന ഓഫീസറും ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷം വരെയുള്ള കാലതാമസം ജില്ലാ കളക്ടർക്കും മാപ്പാക്കാവുന്നതാണ്.
- ഭർത്താവിന്റെ മരണം സംബന്ധിച്ച് ചെയർപെർസന്റെ / മേയറുടെ സർട്ടിഫിക്കറ്റായാലും മതി.
- വിവാഹത്തിനുമുമ്പ് തുക കൈപ്പറ്റിയ സംഗതികളിൽ വിവാഹം കഴിഞ്ഞതിന്റെ രേഖ ഒരു മാസത്തിനകം ഹാജരാക്കണം.
- പ്രായപൂർത്തിയായ ആണ്മക്കളുള്ള കുടുംബത്തിലെ വിധവകളുടെ പെണ്മക്കൾക്കും ധനസഹായത്തിന് അർഹതയുണ്ട്.
- മാതാപിതാക്കൾ മരിച്ചു പോയ പെൺകുട്ടികളുടെ കാര്യത്തിലും ഈ വിവാഹധന സഹായം നൽകാം. അഗതി മന്ദിരത്തിൽ താമസിക്കുന്ന പെൺകുട്ടികൾക്കും നൽകാം.

### 1.4.3 മറ്റു ധനസഹായങ്ങൾ

### 1.4.4 അഗതി പുനരധിവാസം (ആശ്രയ പദ്ധതി)

സാമൂഹികമായും സാമ്പത്തികമായും നിർദ്ധനരും നിരാശ്രയരും ആയ അഗതി കുടുംബങ്ങളെ കുടുംബശ്രീയുടെ സഹായത്തോടെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പഞ്ചായത്തുകളും നഗരസഭകളും മുഖേനയാണ് ഇത് നടപ്പാക്കുന്നത്. ഇപ്രകാരമുള്ള അഗതി കുടുംബങ്ങളെ സർവ്വേയിലൂടെ കണ്ടെത്തി പ്രശ്നങ്ങളെ ക്രോഡീകരിച്ചു കൊണ്ട് അതിജീവനാവശ്യങ്ങൾ (ഭക്ഷണം, മരുന്ന് മുതലായവ), അടിസ്ഥാന ആവശ്യങ്ങൾ (വീട്, ടോയിലറ്റ്, കുടിവെള്ളം, വൈദ്യുതി മുതലായവ), വികസനാവശ്യങ്ങൾ (വരുമാനവും ഉപജീവനവും), മാനസിക ആവശ്യങ്ങൾ എന്നിങ്ങനെ തരം തിരിച്ച് പ്രശ്ന പരിഹാരങ്ങൾ നിർദേശിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. പരിചരണ സേവനങ്ങൾ ഒരു പാക്കേജ് ആയി നടപ്പാക്കുകയും ചെയ്യും.

### തീരുമാനം എടുക്കുന്നതിനുള്ള അധികാരം മുൻസിപ്പൽ കൗൺസിലിന്:

കുടുംബശ്രീ മുഖേന സർക്കാർ അംഗീകാരം ലഭിക്കുന്നു. ഇപ്രകാരം ലഭിക്കുന്ന വിഹിതവും മറ്റ് മുനിസിപ്പൽ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുകയും വിനിയോഗിച്ച് അനിവാര്യ പ്രോജക്ടായി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നു.

### 1.4.5 നിർദ്ധന വ്യക്തികൾക്ക് ദുരന്ത നിവാരണാർത്ഥം അടിയന്തിര സഹായം നൽകൽ

(2003ലെ കേ.മു.ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ പ്രകാരം)

| അർഹത | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| • പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭാ പ്രദേശങ്ങളിൽ താമസിക്കുന്നവരുമായ നിർദ്ധനർ | • നഗരസഭാ അധ്യക്ഷന് വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ.<br>• തീരുമാനമെടുക്കാനുള്ള അധികാരസ്ഥാനം : നഗരസഭാ അധ്യക്ഷൻ, കൗൺസിലർമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം, സെക്രട്ടറി എന്നിവരടങ്ങിയ മൂന്നംഗ സബ് കമ്മിറ്റി.<br>• അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെ ചെയർപേഴ്സണ് 500 രൂപ വരെ നിധിയിൽനിന്ന് നൽകാം. |

ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണത്തിനായി സംഭാവനകൾ സ്വീകരിക്കാവുന്നതും കലാകായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വരുമാനം കണ്ടെത്താവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചിലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

### 1.5 അപ്പീൽ അധികാരി

സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് കൗൺസിൽ കൈക്കൊള്ളുന്ന തീരുമാനത്തിനെതിരെ നഗരകാര്യ വകുപ്പ് റീജനൽ ജോയിന്റ് ഡയറക്ടർ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. [20.11.2019 ലെ G.O(MS)427/2019/fin] പെൻഷന് വേണ്ടിയുള്ള അപേക്ഷ നിരസിക്കുമ്പോൾ തന്നെ ഇതു സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം അപ്പീൽ സമർപ്പിക്കാവുന്നതാണെന്നും അപ്പീൽ അധികാരിയുടെ വിലാസവും അപേക്ഷകനെ അറിയിക്കേണ്ടതാണ്. തൊഴിൽ രഹിത വേതനം വിവാഹധനസഹായം എന്നിവയ്ക്കുള്ള അപ്പീൽ അതത് ജില്ലാ കളക്ടർമാർക്ക് ആണ് സമർപ്പിക്കേണ്ടത്

### 1.6 ജാഗ്രത

മേൽപ്പറഞ്ഞ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ധനസഹായങ്ങളും കൈപ്പറ്റുന്നവരിൽ അർഹതയില്ലാത്ത ഗുണഭോക്താക്കൾ കടന്നു കൂടാതിരിക്കാനും അർഹതയുള്ള പരമാവധി പേർക്ക് സഹായം ലഭ്യമാക്കാനുമുള്ള ജാഗ്രത നഗരസഭകൾക്ക് ഉണ്ടാകണം. ഓരോ ജനപ്രതിനിധിയും തന്റെ വാർഡിൽ / ഡിവിഷനിൽ ഇത്തരത്തിൽ അർഹരായവരെ മുഴുവനും കണ്ടെത്തി പെൻഷനുകളും ധനസഹായങ്ങളും നൽകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കൂടാതെ അനർഹരഹരായവർ കൈപ്പറ്റുന്നു എന്ന് ശ്രദ്ധയിൽ പെടുന്ന പക്ഷം, അത്തരം ദുർവ്യയങ്ങൾ ഒഴിവാക്കേണ്ടതിനും മനസിരുത്തണം. പെൻഷനും ധനസഹായങ്ങളും അനുവദിക്കുന്നത് അതാത് സമയം വാർഡ് സഭകളുടെ പരിഗണനയ്ക്ക് കൊണ്ടുവരികയും വിലയിരുത്തൽ നടത്തുകയും വേണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യതയും നിക്ഷ്പക്ഷതയും ഉറപ്പാക്കണം.

# 2
# നഗരസഭകളും പൊതുജനാരോഗ്യവും

കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ സവിശേഷതകളിൽ ഒന്ന് അവയിലെ സ്റ്റാന്റിംഗ് കമ്മിറ്റി സംവിധാനമാണ്. നഗരസഭകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുന്ന സ്റ്റാൻഡിങ് കമ്മിറ്റികളിൽ പ്രമുഖമായ ഒരു സ്ഥാനം വഹിക്കുന്നത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്.

ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ ആയി നിയമം അനുശാസിക്കുന്ന പരിഗണനാവിഷയങ്ങളിൽ, പൊതുജനാരോഗ്യവും ആരോഗ്യസേവനവും, ശുചീകരണം, അപകടകരവും അസഹ്യത ഉണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നിവ ഉൾപ്പെടുന്നു. നഗരസഭകളുടെ അനിവാര്യ ചുമതലകളിൽ പ്രമുഖമായ സ്ഥാനം പൊതുജനാരോഗ്യ സംരക്ഷണവും പരിസ്ഥിതി ആരോഗ്യദായകവും ആയി സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വമാണ്. ഖര ദ്രവ മാലിന്യ പരിപാലനം, സാംക്രമിക രോഗ നിയന്ത്രണം, കശാപ്പു നിയന്ത്രണം, മത്സ്യമാംസ മാർക്കറ്റുകളുടെ നിയന്ത്രണം, ഭക്ഷണശാലകളുടെ മേൽനോട്ടം, രോഗപ്രതിരോധ നടപടികൾ, ശ്മശാനങ്ങളുടെ പരിപാലനം, പബ്ലിക് കംഫർട്ട് സ്റ്റേഷനുകളുടെ പരിപാലനം, മേളകളുടെയും ഉത്സവങ്ങളുടെയും ക്രമീകരണം, തെരുവ് നായ നിയന്ത്രണത്തിനുള്ള ABC പ്രോഗ്രാം തുടങ്ങിയവയും നഗരസഭയുടെ അനിവാര്യ ചുമതലകളിൽ പെടുന്നു.

ആരോഗ്യ സേവനങ്ങളിൽ പെടുന്ന ശുദ്ധജല ലഭ്യത ഉറപ്പു വരുത്തൽ, മാലിന്യപരിപാലനം, സിവറേജ് / സെപ്റ്റേജ് മാലിന്യ പരിപാലന പദ്ധതികൾ, ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവയും നഗരവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട സേവനങ്ങൾ തന്നെയാണ്.

## 2.1 നഗരസഭകളുടെ ആരോഗ്യ സേവനങ്ങൾ

ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും (എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക എന്നത് നഗരസഭകൾക്ക് കൈമാറി തന്നിട്ടുള്ള ചുമതലയാണ്. അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ സമ്പ്രദായങ്ങളിലെ ഏറ്റവും അടിസ്ഥാനമായ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല നഗരസഭകളിൽ നിക്ഷിപ്തമാണ്.

കൂടാതെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്, എല്ലാത്തരം പകർച്ചവ്യാധികളുടെയും ജീവിതശൈലി രോഗങ്ങളുടേയും പ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കാമ്പയിനുകൾ, പ്രതിരോധ നടപടികളുടെ മേൽനോട്ട ചുമതല എന്നിവയും നഗരസഭാ കൗൺസിലുകളിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം കുടുംബക്ഷേമ പ്രവർത്തനങ്ങളും, ശുചീകരണ പ്രവർത്തനങ്ങളും നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. മുനിസിപ്പൽ പ്രദേശത്തിന് ഉള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സമ്പ്രദായങ്ങളിലും ഉള്ള താലൂക്ക് ആശുപത്രികളുടെയും നടത്തിപ്പു ചുമതലയും നഗരസഭകളിൽ നിക്ഷിപ്തമായിരിക്കുന്നു.

## 2.2 കേരളത്തിന്റെ ആരോഗ്യരംഗം

ഇന്ത്യയുടെ ആരോഗ്യ ഭൂപടത്തിൽ കേരളത്തിനു തനതായ സ്ഥാനം ഉണ്ട്. കേരളത്തിലെ ആരോഗ്യ സൂചകങ്ങൾ പാശ്ചാത്യ രാജ്യങ്ങളുമായി തുലനം ചെയ്യാവുന്നതാണ്. കുറഞ്ഞ ശിശുമരണ നിരക്കും, മാതൃമരണ നിരക്കും, ഉയർന്ന ആയുർദൈർഘ്യവും കേരളത്തെ മുൻനിരയിൽ എത്തിച്ചിരിക്കുന്നു. എന്നാൽ ജീവിതശൈലി രോഗങ്ങൾ, പ്രായമാകൽ എന്നിവയുമായി ബന്ധപ്പെട്ട രോഗങ്ങളുടെ പ്രചാരം, സാമൂഹ്യ ശുചിത്വ പ്രശ്നങ്ങൾ, മലിനീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട രോഗങ്ങൾ എന്നിവയുടെ വ്യാപനം കൂടി വരുന്നതും വെല്ലുവിളിയാണ്.

അടിസ്ഥാന സൗകര്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചും, വൈദഗ്ധ്യം നേടിയ ആരോഗ്യ പ്രവർത്തകരെ വിന്യസിച്ചും കേരളം ആരോഗ്യ രംഗത്ത് ഏറെ മുന്നോട്ടു പോയിരിക്കുന്നുവെന്ന് സമീപകാല അനുഭവങ്ങൾ ആയ നിപ്പ, കോവിഡ്19 പ്രതിരോധ പ്രവർത്തനങ്ങളുടെ മികവ് ലോകത്തിന് തെളിയിച്ചു കൊടുത്തു.

ഇതോടൊപ്പം കേരളത്തിന്റെ ആരോഗ്യ നയത്തിൽ മുതിർന്നവർ, ഒറ്റപ്പെട്ടവർ, ദരിദ്രർ, പട്ടികവർഗക്കാർ എന്നിവരുടെ ആവശ്യങ്ങൾക്ക് കൂടുതൽ പരിഗണനയും ശ്രദ്ധയും നൽകിക്കൊണ്ടുള്ള ഒരു ആരോഗ്യനയം ആണ് നമ്മുടെ സംസ്ഥാനം നടപ്പാക്കി വരുന്നത്. കാര്യക്ഷമവും ഏകീകൃതവുമായി പ്രാഥമിക ആരോഗ്യ പരിചരണ സമ്പ്രദായം ആവിഷ്കരിച്ചും, പരിഷ്കരിച്ചും പൊതുജന ആരോഗ്യ രംഗത്ത് നമുക്ക് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ മികവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പകർച്ചവ്യാധികളുടെ നിയന്ത്രണം, മാതൃശിശു ആരോഗ്യ സേവനങ്ങൾ അടങ്ങിയ കുടുംബക്ഷേമ പരിപാടികൾ, ദേശീയ രോഗ നിയന്ത്രണ നിവാരണ പരിപാടികളുടെ മികച്ച നടത്തിപ്പ്, രോഗചികിത്സ എന്നീ സേവനങ്ങളിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമുക്ക് ഏറെ മികവ് പുലർത്താൻ കഴിഞ്ഞിട്ടുണ്ട്.

## 2.3 ആർദ്രം മിഷൻ

സംസ്ഥാനത്ത് 2017ൽ തുടക്കം കുറിച്ച നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന 'ആർദ്രം' ആരോഗ്യ മിഷന്റെ മികച്ച പ്രവർത്തനങ്ങളും എടുത്തുപറയേണ്ടവയാണ്.

പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ഗുണമേന്മയും സേവനവും ഉറപ്പാക്കുക, രോഗീ സൗഹൃദ ആശുപത്രികൾ, IT അധിഷ്ഠിത സേവനങ്ങൾ എന്നിവയോടൊപ്പം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള നമ്മുടെ ആശുപത്രി സേവന കേന്ദ്രങ്ങളിൽ OP IP വിഭാഗങ്ങൾ ഉൾപ്പടെ സേവനങ്ങളുടെ കാര്യക്ഷമതയും ഗുണമേന്മയും മെച്ചപ്പെടുത്താൻ കഴിഞ്ഞിരിക്കുന്നു. ജില്ലാ താലൂക്ക് ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും നിലവിലുള്ള സ്പെഷ്യാലിറ്റി / സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തിക്കൊണ്ട് ഭൗതികസൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കാനും മിഷന്റെ പ്രവർത്തനംമൂലം കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്താനും, 'ട്രീറ്റ്മെന്റ് പ്രോട്ടോകോൾ' (ചികിത്സാ മാർഗരേഖ) പ്രകാരം ഉള്ള ചികിത്സയും പരിചരണവും ലഭ്യമാക്കാനുമുള്ള ആത്മാർഥമായ ശ്രമം ഇതിനകം ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. ഈയിടെയായി നമ്മുടെ ആരോഗ്യ രംഗത്ത് വെല്ലുവിളി ഉയർത്തിയ നിപ്പ, കോവിഡ് 19 തുടങ്ങിയ പകർച്ച വ്യാധികളുടെ ഘട്ടത്തിൽ നമ്മുടെ ആരോഗ്യ മേഖലയുടെ മികവ് സവിശേഷ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

### 2.4 സമഗ്ര ആരോഗ്യ പരിപാടി

ആരോഗ്യ രംഗത്തെ വിവിധ പ്രശ്നങ്ങൾക്ക് ഹ്രസ്വകാലദീർഘ കാല അടിസ്ഥാനത്തിൽ പരിഹാരം കാണാവുന്ന തരത്തിൽ ഒരു സമഗ്ര ആരോഗ്യ ശുചിത്വ പരിപാടിക്ക് നഗരസഭ രൂപം നൽകേണ്ടതാണ്. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും അടുത്ത അഞ്ചു വർഷക്കാലത്തേക്കുള്ള സമഗ്ര പരിപാടിയാണ് തയ്യാറാക്കുന്നത്. സമഗ്ര ആരോഗ്യ പരിപാടിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തണം.

- രോഗ പ്രതിരോധം
- പകർച്ചവ്യാധി നിയന്ത്രണം
- മാലിന്യ നിർമാർജ്ജനം
- ശുചിത്വം
- പരിസ്ഥിതി സംരക്ഷണം
- ഭക്ഷണം
- കുടിവെള്ളം
- ആരോഗ്യം (കായികവും മാനസികവും)
- സാമൂഹ്യ സുരക്ഷ
- ആരോഗ്യ വിദ്യാഭ്യാസം
- ചികിത്സയും സേവനങ്ങളും

മേൽപ്പറഞ്ഞ ഘടകങ്ങൾ പരിഗണിച്ച് വാർഡ് തലം മുതൽ നഗരസഭാ തലം വരെ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും അവ എങ്ങനെ നടപ്പാക്കുമെന്നും വ്യക്തമാക്കുന്ന രൂപരേഖ തയ്യാറാക്കണം.

### 2.5 നഗരസഭകളും പൊതുജനാരോഗ്യ സ്ഥാപനങ്ങളും

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെ ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും, അവയുടെ അറ്റകുറ്റപ്പണികളും പരിപാലനവും കാര്യക്ഷമമാക്കുന്നതിനും, നടത്തിപ്പ് ചുമതലയുള്ള നഗരസഭകൾക്ക് ഉത്തരവാദിത്വമുണ്ട്. ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന രോഗപ്രതിരോധ ചികിത്സാ സ്ഥാപനങ്ങൾ ആയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് / ജില്ലാ ആശുപത്രികൾ, ഡിസ്പെൻസറികൾ, ടി.ബി ക്ലിനിക്കുകൾ, സബ്ബ് സെന്റർ എന്നിവയുടെ നടത്തിപ്പ് ചുമതല അധികാര വികേന്ദ്രീകരണം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിഷിപ്തമായിരിക്കുന്നു. ഇവ ആകെ 1255 എണ്ണം വരും.

#### 2.5.1 രോഗപ്രതിരോധ നടപടികൾ

1980കളിലാണ് ദേശീയതലത്തിൽ പ്രതിരോധ കുത്തിവയ്പ്പുകൾ ആരംഭിക്കുന്നത്. ലോകാരോഗ്യസംഘടനയുടെ നേതൃത്വത്തിൽ ഉള്ള രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ ആരംഭിക്കുന്നതിനു മുൻപ് 1970കളിൽ തന്നെ കേരളത്തിൽ സംസ്ഥാന സർക്കാർ ഗർഭിണികളായ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഉള്ള പ്രതിരോധ കുത്തിവെപ്പുകൾ ആരംഭിച്ചു. ഇത് ശിശുമരണ നിരക്ക് കുറയ്ക്കാൻ ഏറെ സഹായിച്ചു. ഗർഭകാല പരിചരണത്തിലെ കാര്യക്ഷമതയും കേരളത്തിൽ ശിശുമരണ നിരക്കു കുറച്ചു കൊണ്ടുവന്നു. കേരളത്തിൽ ഓരോ 6 കിലോമീറ്ററിലും ഒരു കുടുംബക്ഷേമ ഉപകേന്ദ്രവും 33 ച.കിലോമീറ്ററിനു ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഓരോ താലൂക്കിലും മിനിമം രണ്ട് സ്പെഷ്യാലിറ്റി സൗകര്യങ്ങൾ എങ്കിലും ഉള്ള മികച്ച സൗജന്യചികിത്സ ഉറപ്പുവരുത്തുന്ന താലൂക്ക് ആശുപത്രികൾ ഉണ്ട്. ജില്ലയിൽ കുറഞ്ഞതു ഒന്നോ അതിലേറെയോ ജനറൽ / ജില്ല ആശുപത്രികളും പ്രവർത്തിക്കുന്നു. കൂടാതെ 9 സർക്കാർ നിയന്ത്രണ മെഡിക്കൽ കോളജുകളിൽ നിന്നായി എല്ലാത്തരം സ്പെഷ്യാലിറ്റി ചികിത്സകളും സൗജന്യമായി ഉറപ്പുവരുത്തുന്നു. 1957 മുതൽ കേരളത്തിൽ നടപ്പാക്കിവരുന്ന ജനകീയ ആരോഗ്യനയം കേരളത്തിലെ പ്രാഥമിക, ദ്വിതീയ, തൃതീയ ആരോഗ്യ സംവിധാനങ്ങൾക്ക് മികവു നേടിക്കൊടുത്തു.

അധികാര വികേന്ദ്രീകരണം വഴി കൈമാറ്റം ചെയ്യപ്പെട്ട 938 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 105 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ, 172 താലൂക്കാശുപത്രികൾ, ആയുർവേദ ഡിസ്പെൻസറികൾ, ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും അടക്കമുള്ള സ്ഥാപനങ്ങളുടെ മേൽനോട്ടവും സൗകര്യങ്ങൾ ഏർപ്പെടുത്തലും നഗരസഭകൾ ഉൾപ്പടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പ്, സേവന ഗുണനിലവാരം വർധിപ്പിക്കുക, ഭൗതിക സൗകര്യ വികസനം എന്നിവയാണു നഗരസഭകളിൽ നിക്ഷിപ്തം ആയിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ സജ്ജീകരിക്കുന്നതിനായി ആരോഗ്യസ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന

ങ്ങൾക്ക് ചുമതലകൾ കൈമാറി. ഈ രംഗത്ത് 1997 മുതൽ വലിയ മുന്നേറ്റം നേടാൻ കഴിഞ്ഞിട്ടുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നാശോന്മുഖ മായ കെട്ടിടങ്ങൾക്കു പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും അവശ്യവും അനിവാര്യവുമായ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്താനും കഴിഞ്ഞു. കൂടാതെ ആധുനിക ചികിത്സ ഉപകരണങ്ങൾ സജ്ജമാക്കൽ, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ, ഡയാലിസിസ് സെന്ററുകൾ സജ്ജമാക്കൽ തുടങ്ങി ലാബ് സൗകര്യങ്ങൾ എന്നിവയിലും വലിയ മുന്നേറ്റം 1997-ന് ശേഷമുള്ള രണ്ട് പതിറ്റാണ്ടുകളിലെ അധികാരവികേന്ദ്രീകരണ നേട്ടമായി ഉയർത്തി കാണിക്കാം.

## 2.6 പകർച്ചവ്യാധി പ്രതിരോധം

ശുചിത്വത്തിലും ആരോഗ്യജാഗ്രതയിലും കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ മുന്നിലാണെങ്കിലും രോഗാതുരത കൂടുതലാണ്. ദേശീയ ശരാശരിയെക്കാളും 250 ശതമാനം അധികം രോഗാതുരത കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ആയുർദൈർഘ്യം കൂടുതൽ ആണെങ്കിലും ആളുകൾ ആരോഗ്യവാൻമാർ അല്ല. ജീവിതശൈലി രോഗങ്ങൾ വർധിച്ചു വരുമ്പോൾ തന്നെ നാം പൂർണമായും നിർമാർജനം ചെയ്തു എന്ന് കരുതിയിരുന്ന മലേറിയ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ അവിടവിടെ കണ്ടുവരുന്നു. ജപ്പാൻജ്വരം, എലിപ്പനി, ഡെങ്കിപ്പനി, നിപ്പ അവസാനമായി ലോകം മുഴുവൻ പടർന്നു പിടിച്ച കോവിഡ് 19 തുടങ്ങി മുൻകാലങ്ങളിൽ നമുക്ക് പരിചിതമല്ലാത്ത പല രോഗങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. സാമൂഹിക ശുചിത്വത്തിൽ കേരളീയർ കാട്ടുന്ന അലംഭാവം പകർച്ചവ്യാധികളുടെ വർധനവിന് കാരണമാകുന്നു. കൂടാതെ ശാസ്ത്രീയമായ മാലിന്യ നിർമാർജന സംവിധാനങ്ങൾ ഒരുക്കുന്നതിനും, ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഈ വസ്തുതകൾ കണക്കിലെടുത്ത് ആരോഗ്യജാഗ്രത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

താഴെപ്പറയുന്ന കർമ പരിപാടികൾക്ക് രൂപം നൽകാവുന്നതാണ് :

- ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുക
- രോഗനിരീക്ഷണം, എലി നശീകരണം, കൊതുക് നിയന്ത്രണം, ലാബ് പരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തുക
- ആവശ്യമായ ആശുപത്രി സൗകര്യങ്ങൾ ഏർപ്പെടുത്തി ചികിത്സയും പരിചരണവും ഉറപ്പുവരുത്തുക
- രോഗം പൊട്ടി പുറപ്പെട്ടാൽ ദ്രുതകർമസേന ഇടപെട്ട് നിയന്ത്രണം സാധ്യമാക്കുക
- പകർച്ചവ്യാധികളുടെ ചികിത്സയ്ക്ക് പ്രത്യേക വാർഡുകളും ആവശ്യമുള്ള പക്ഷം ഐസൊലേഷൻ വാർഡുകളും സജ്ജീകരിച്ച് രോഗ വ്യാപനം തടയുക

- ഹൈ റിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമപരിപാടി തയ്യാറാക്കുക
- തുടർച്ചയായ ശുചീകരണം, കൊതുക് നിയന്ത്രണം, ശുദ്ധജല വിതരണം, ഡ്രൈ ഡേ ആചരണം എന്നിവ സംഘടിപ്പിക്കുക
- ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് സന്ദർശനങ്ങൾ വഴി രോഗവ്യാപനം മുൻകൂട്ടി തിരിച്ചറിയുക
- വാർഡ് തല ആരോഗ്യ ശുചിത്വ സമിതി രൂപീകരിച്ച് സജീവമായി പ്രവർത്തിക്കുക
- വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക
- ബോധവൽക്കരണം സംഘടിപ്പിക്കുക
- രോഗവ്യാപനത്തിന് കാരണമാകുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക
- വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം ഉറപ്പുവരുത്തുക
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി ബോധവൽക്കരണം നടത്തുക
- വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക, രോഗവ്യാപനം തടയുക
- പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നിയമ നടപടി സ്വീകരിക്കുക.

## 2.7 ജനകീയ സംവിധാനങ്ങൾ

### 2.7.1 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി (HMC)

ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി 2013ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരമുള്ള ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി (HMC) രൂപീകരിച്ച് ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലവൻ അധ്യക്ഷനായ സമിതിയിൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, പൊതുജനാരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, മരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർ, മുനിസിപ്പൽ എൻജിനീയർ, KSEB, KWA എഞ്ചിനീയർ, പൊതുജനാരോഗ്യ തൽപ്പരരായ വ്യക്തികൾ, ആരോഗ്യ സ്ഥാപനത്തിന്റെ മുതിർന്ന മെഡിക്കൽ ഓഫീസർ (മെമ്പർ സെക്രട്ടറി) എന്നിവരടങ്ങിയതാണ് മാനേജ്മെന്റ് കമ്മിറ്റി. കൗൺസിലിന്റെ കാലാവധി കഴിയുന്നതോടെ സമിതിയുടെയും കാലാവധി അവസാനിക്കും. കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം 15ൽ കവിയാൻ പാടില്ല.

കമ്മിറ്റി യോഗങ്ങളിൽ സ്ഥലം എം.പി, എം.എൽ.എ എന്നിവരെ കൂടാതെ ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതവും കൂടാതെ നിയമസഭയിൽ പ്രാതിനിധ്യമുള്ള കക്ഷികളുടെ ഓരോ പ്രതിനിധികൾ വീതവും പ്രത്യേക ക്ഷണിതാക്കൾ ആയി ഉൾപ്പെടുത്തണം. കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ (സി.ഡി.എസ്), ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ, മുനിസിപ്പൽ / കോർപറേഷൻ സെക്രട്ടറി

എന്നിവരും സ്ഥിരം ക്ഷണിതാക്കൾ ആയിരിക്കുന്നതാണ്. സ്ഥിരം ക്ഷണിതാക്കൾക്ക് വോട്ടവകാശം ഒഴികെ കമ്മിറ്റിയിലെ ഏതൊരു അംഗത്തിനും ഉള്ള അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മാനേജ്മെന്റ് കമ്മിറ്റിക്ക് ആവശ്യാനുസരണം സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതുമാണ്.

### 2.7.2 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലകൾ

- ആരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുക
- മരാമത്ത് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക
- മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക
- ഫീൽഡ് തല പ്രവർത്തനം മെച്ചപ്പെടുത്തുക
- പരിസര ശുചീകരണം നടത്തുക
- രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക
- ആശുപത്രി മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് സഹായിക്കുക
- ക്യാന്റീൻ, ന്യായവില മെഡിക്കൽ സ്റ്റോർ, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക
- സാമൂഹ്യ ഓഡിറ്റ് നടത്തുക
- പൊതു ആവശ്യ സൗകര്യങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക
- സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഉള്ള പൗരാവകാശരേഖ വിലയിരുത്തി നിരീക്ഷിക്കുക
- പൊതുജനങ്ങളും രോഗികളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി ശ്രദ്ധയിൽപ്പെടുത്തുക
- മരുന്നുകൾ, ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ സംഭാവന വഴി വാങ്ങാവുന്നതാണ്
- പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുക
- അധാർമിക പ്രവർത്തികൾ തടയുക, സുതാര്യതയും കാര്യക്ഷമതയും വർധിപ്പിക്കുക തുടങ്ങിയ ചുമതലകൾ, സർക്കാർ, നിർവഹകണ സമിതികൾക്ക് നൽകിയിട്ടുണ്ട്.

മെമ്പർ സെക്രട്ടറി ചെയർപേഴ്സനുമായി ചർച്ച ചെയ്തു ആവശ്യാനുസരണം കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം വിളിച്ചു ചേർക്കണം. ഏഴ് ദിവസത്തെ നോട്ടീസ് നൽകണം. കാര്യപരിപാടി മുൻകൂട്ടി നൽകണം. അംഗബലത്തിന്റെ പകുതി പേരെങ്കിലും ഹാജർ ഉണ്ടാകണം (ക്വാറം). ഹാജർ പുസ്തകവും നടപടിക്രമം രേഖപ്പെടുത്തുന്ന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കണം. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ നഗരസഭയുടെ അറിവിലേക്കും നടപടികൾക്കും ആയി അയക്കേണ്ടതാണ്.

സമിതിയുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങി ചെയർപേഴ്സന്റെയും മെമ്പർസെക്രട്ടറിയായ കൺവീനറുടെയും പേരിൽ നിക്ഷേപങ്ങളും വരുമാനങ്ങളും ഫണ്ടുകളും നിക്ഷേപിക്കേണ്ടതും ഇരുവരും ഒപ്പുവെച്ചു മാത്രം ആവശ്യാനുസരണം തുക വിനിയോഗിക്കേണ്ടതും കണക്കെഴുതി സൂക്ഷിക്കേണ്ടതുമാണ്. കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റിന് വിധേയമാക്കുകയും അവലോകനം ചെയ്യേണ്ടതുമാണ്.

## 2.8 വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റി

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ഏറ്റവും താഴെ തട്ടിൽ രൂപീകരിക്കപ്പെടുന്ന ജനകീയ സമിതിയാണ് വാർഡ് തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ ഈ സമിതി വാർഡ് തലത്തിൽ പദ്ധതി തയ്യാറാക്കി വാർഡ് തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

വാർഡ് കൗൺസിലർ ആണ് സമിതിയുടെ അധ്യക്ഷൻ. ജെ.പി.എച്ച്.എൻ ജെ.എച്ച്.ഐ എന്നിവരിൽ ആരെങ്കിലും കൺവീനറും ആയിരിക്കും. വാർഡിൽ ഉള്ള രജിസ്റ്റർചെയ്ത മെഡിക്കൽ പ്രാക്ടീഷണർമാർ, അധ്യാപകർ, അങ്കണവാടി പ്രവർത്തകർ, ആശാവർക്കർ, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, പട്ടികവർഗ്ഗക്കാർ ഉള്ള പ്രദേശങ്ങളിൽ അവരുടെ പ്രതിനിധി, എൻ.ജി.ഒ പ്രതിനിധി തുടങ്ങിയവർ അംഗങ്ങൾ ആകും.

സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഹെൽത്ത് മിഷന്റെ ഫണ്ട് 10,000 രൂപയും, ശുചിത്വ മിഷന്റെ ഫണ്ട് 10,000 രൂപയും കൂടാതെ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 5000 രൂപ വരെയും വിനിയോഗിക്കാം. വാർഡ് തല സമിതിയുടെ അധ്യക്ഷന്റെയും കൺവീനറുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് വഴിയാണ് പണമിടപാട് നടത്തേണ്ടത്.

## 2.9 ആരോഗ്യ സ്ഥാപനങ്ങളും സേവനങ്ങളും (OP വിഭാഗം / IP വിഭാഗം)

ഒരു രൂപ നൽകി രജിസ്റ്റർ ചെയ്താൽ ഒരു മാസംവരെ പ്രാബല്യത്തിൽ OP ചീട്ട് ലഭിക്കും. ഡോക്ടറെ സന്ദർശിക്കുന്നവർക്ക് സൗജന്യ ചികിത്സയും മാർഗനിർദേശവും ലഭിക്കും. ആവശ്യം വരുന്ന പക്ഷം റഫറൽ സേവനവും ലഭിക്കും. താലൂക്ക് ആശുപത്രികളിൽ IP വിഭാഗവും കുറഞ്ഞത് 2 സ്പെഷ്യാലിറ്റി വിഭാഗവും പ്രവർത്തിക്കും.

### 2.9.1 പ്രജനന, ശൈശവ, ആരോഗ്യ സേവനങ്ങൾ

#### *2.9.1.1 ഗർഭകാല സംരക്ഷണം*

പരിശോധന, പ്രതിരോധകുത്തിവെപ്പ്, ഇരുമ്പ് സത്ത് ഗുളിക വിതരണം, തൂക്കംപൊക്കം തിട്ടപ്പെടുത്തൽ, രക്തസമ്മർദ്ദ നിർണയം, ചികിത്സയും റഫറൽ സേവനവും, ആരോഗ്യവിദ്യാഭ്യാസം.

#### *2.9.1.2 പ്രസവാനന്തര ശുശ്രൂഷ*

പരിശോധന, ഇരുമ്പ് സത്ത് ഗുളിക വിതരണം, കൗൺസിലിങ്, കുടുംബാസൂത്രണ മാർഗ്ഗനിർദ്ദേശം, ആരോഗ്യവിദ്യാഭ്യാസം.

#### *2.9.1.3 ശിശു സംരക്ഷണം*

പ്രതിരോധ കുത്തിവെപ്പ്, രോഗപ്രതിരോധം, വിദഗ്ധ ചികിത്സ, പാനീയ ചികിത്സ, ORS വിതരണം, ശ്വാസകോശ രോഗ ചികിത്സ, ഇരുമ്പ് സത്ത് ഗുളിക, വിരഗുളിക വിതരണം, പോഷകാഹാരം, വിദ്യാഭ്യാസം.

### 2.9.2 കുടുംബക്ഷേമ ആരോഗ്യ സേവനങ്ങൾ

കുടുംബാസൂത്രണ മാർഗ്ഗനിർദ്ദേശം, കോപ്പർട്ടി നിക്ഷേപം, ഗർഭനിരോധന ഉറകൾ, ഗുളിക വിതരണം.

#### *2.9.2.1 ക്ലിനിക്കുകൾ*

ഗർഭകാല പരിശോധനകൾ ക്ലിനിക്കുകൾ, പ്രതിരോധ ചികിത്സ ക്ലിനിക് എന്നിവ സംഘടിപ്പിക്കുന്നു

#### *2.9.2.2 പൊതുജനാരോഗ്യ സേവനങ്ങൾ*

പകർച്ചവ്യാധി നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ, നിരീക്ഷണം നഗരസഭാ സഹായത്തോടെ, കൊതുക്എലി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ എന്നീ അടിയന്തിരഘട്ടങ്ങളിൽ ദ്രുത കർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്നു.

### 2.9.3 സ്കൂൾ ഹെൽത്ത് പ്രോഗ്രാം

സ്കൂളുകൾ കേന്ദ്രീകരിച്ച് രോഗപരിശോധനയും ചികിത്സയും നൽകുക, പ്രതിരോധകുത്തിവയ്പ്, ഹെൽത്ത് കാർഡ് നൽകൽ, ബോധവൽക്കരണം, കൗൺസിലിങ് സേവനങ്ങൾ, സ്കൂൾ പരിസര ശുചിത്വ സംരക്ഷണത്തിനു സഹായം നൽകൽ, സ്കൂൾ ഹെൽത്ത് ക്ലബ് നടത്തിപ്പ്.

#### *2.9.3.1 ജല ഗുണനിലവാര പരിശോധനയും ശുചിത്വ പ്രവർത്തനങ്ങളും*

ക്ലോറിനേഷൻ, ക്ലോറിൻ ഗുളിക വിതരണം, ജല ഗുണനിലവാര പരിശോധന, ജലസ്രോതസ്സ് പരിശോധന എന്നിവയും നടത്തുന്നു.

## 2.10 ദേശീയ നഗര ആരോഗ്യ ദൗത്യം (NUHM)

ആതുര ശുശ്രൂഷ രംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് 2015 മുതൽ NRHM, NUHM പരിപാടികൾ നടപ്പാക്കി വരുന്നു. ആരോഗ്യ കേരളം എന്ന പേരിലും നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ആർദ്രം മിഷനിലൂടെയും ഭാഗമായും കേരളത്തിലെ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്താനും മികച്ച ആരോഗ്യ പരിചരണവും ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പുവരുത്താനും ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് ഇതിനകം നടപ്പാക്കിയിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പിന്നോക്കക്കാർക്കും ആരോഗ്യപരിചരണം ഉറപ്പുവരുത്തുന്നതിനും രോഗപ്രതിരോധം കാര്യക്ഷമമാക്കുന്നതിനും പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും നഗരസഭകൾക്ക് ഈ രംഗത്ത് മികച്ച പ്രവർത്തനം നടത്താൻ കഴിയും.

# 3
# വിദ്യാഭ്യാസം കായികം സംസ്കാരം

## ആമുഖം

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. അറിവും തിരിച്ചറിവും ഒത്തുചേരുമ്പോൾ ആണ് നമ്മുടെ കുട്ടികൾ സാമൂഹ്യബോധവും, ശാസ്ത്ര ബോധവും ഉള്ള ഉത്തമ പൗരന്മാരായി വരുന്നത്.. ഇത്തരത്തിൽ അവരെ വാർത്തെടുക്കുന്നതിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ്. ഈ ലക്ഷ്യം മുന്നിൽവെച്ച് നമ്മുടെ സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ സമൂലമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി വരികയാണ്.

ലോകത്തെയും നമ്മുടെ രാജ്യത്തെയും പിടിച്ചുലച്ച കോവിഡ് 19 മഹാമാരി മൂലം നമ്മുടെ വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാതെ വരുന്ന അവസരത്തിൽ പോലും ഓൺലൈൻ മാധ്യമം വഴി വിക്റ്റേഴ്സ് ചാനൽ മുഖേന വിദ്യാലയ വർഷത്തിന് മുടക്കം കൂടാതെ പൂർവ്വാധികം ഭംഗിയായി മികച്ച ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു കൊണ്ട് നമ്മുടെ കുഞ്ഞുങ്ങളെ അറിവിന്റെയും, തിരിച്ചറിവിന്റെയും പാതയിൽ മുന്നോട്ടു നയിക്കാനും ഇന്ത്യയ്ക്ക് മാതൃക കാണിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

## 3.1 പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിജയകരമായി മുന്നേറുകയാണ്. കാൽ നൂറ്റാണ്ടിനു ശേഷം 2017–18 അക്കാദമിക് വർഷം 1,56,565 കുട്ടികൾ മുൻ വർഷത്തേക്കാൾ അധികമായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടി എന്നത് ശ്രദ്ധേയമായ നേട്ടമാണ്. 2018–19 അക്കാദമിക് വർഷത്തിൽ ഇത് 1,84,728 ആയി വർദ്ധിക്കുകയും ചെയ്തു. 1991–92 നു ശേഷം നമ്മുടെ പൊതുവിദ്യാഭ്യാസരംഗം ഒരു പുതുജീവൻ ആർജിച്ച് മുന്നോട്ടു കുതിക്കുന്ന കാഴ്ച എവിടെയും പ്രകടമാണ്.

### 3.1.1 ശ്രദ്ധേയമായ നേട്ടങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു

1. പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ കുറവുമൂലം നഷ്ടത്തിന്റെ പേരിൽ സ്കൂളുകൾ അടച്ചു പൂട്ടുന്ന പ്രവണതയ്ക്ക് കടിഞ്ഞാണിടാൻ കഴിഞ്ഞിരിക്കുന്നു.
2. ഹൈടെക് സ്കൂളുകൾ (HighTech Schools):

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലത്തിനനുസരിച്ച് മാറേണ്ടതുണ്ട്. നവീന പഠനമാർഗ്ഗങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'ഹൈടെക് സ്കൂളുകൾ' എന്ന ആശയം മുന്നോട്ടു വയ്ക്കുകയും, 8 മുതൽ 12 വരെ ക്ലാസ് മുറികൾ ഇതിനകം സാങ്കേതികവിദ്യയുടെ സഹായത്തോടെ ഹൈടെക് ആക്കി മാറ്റി കൊണ്ട് പഠനം രസകരവും ശാസ്ത്രീയവും ആക്കി തീർക്കാൻ കഴിയുന്നുണ്ട്. ഇതിനകം 4,752 സ്കൂളുകളിൽ 58,430 ലാപ്ടോപ്പുകൾ, 42,227 മൾട്ടിമീഡിയ പ്രൊജക്ടറുകൾ, 40,594 മൗണ്ടിങ് കിറ്റുകൾ, 40,621 HDMI കേബിളുകൾ, ഫേസ് പ്ലേറ്റുകൾ, സ്ക്രീനുകൾ, സ്പീക്കറുകൾ, DSLR ക്യാമറകൾ തുടങ്ങി LED ടെലിവിഷനുകൾ, വെബ് ക്യാമറകൾ എന്നിവ സ്കൂളുകളിൽ എത്തിച്ചുകൊണ്ട് നമ്മുടെ ക്ലാസ് മുറികൾ ഹൈടെക് ആക്കുവാനും കഴിഞ്ഞു. ഇതിനകം 13,798 സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി ഉറപ്പാക്കുവാനും സാധിച്ചു. ഇതോടൊപ്പം എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി വരുന്നു. ഹൈടെക് ക്ലാസ് മുറികളിൽ വിനിമയം നടത്തുന്നതിനായി 'സമഗ്ര' വിഭവ പോർട്ടൽ സജ്ജമാക്കി. KITE's Open Online Course മുഖേന അധ്യയനം നഷ്ടപ്പെടാതെ അധ്യാപക പരിശീലനങ്ങൾ സാധ്യമാക്കി. കൂടാതെ കോവിഡ്19 നെ തുടർന്ന് വിദ്യാലയങ്ങൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ അധ്യയന വർഷാരംഭത്തിൽ തന്നെ വിക്ടേഴ്സ് ചാനൽ മുഖേന ഓൺലൈൻ ക്ലാസുകൾ, ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ളാസ്സുകളിലെ എല്ലാ വിഷയങ്ങൾക്കും സമയം നിശ്ചയിച്ചു പ്രക്ഷേപണം ചെയ്തു കൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ മികവ് ലോകത്തിനു തെളിയിച്ചു കൊടുക്കാൻ നമ്മുടെ പൊതുവിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിരിക്കുന്നു.

3. അധ്യയന വർഷത്തിന്റെ തുടക്കത്തിൽതന്നെ പാഠപുസ്തക വിതരണം, ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം, വിദ്യാർഥികൾക്ക് സൗജന്യ ഇൻഷുറൻസ് പദ്ധതി എന്നിവയും പൊതുവിദ്യാഭ്യാസ രംഗത്തെ വിദ്യാർഥി കേന്ദ്രീകൃതവും ആകർഷകവുമാക്കി തീർത്തു.
4. അന്തർദേശീയ നിലവാരമുള്ള സ്കൂളുകൾ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം നമ്മുടെ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ്. കിഫ്ബിയുടെ സഹായത്തോടെ 141 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അഞ്ചു കോടി

വീതം മുതൽ മുടക്കി 141 വിദ്യാലയങ്ങളിലും, മൂന്നു കോടി വീതം മുതൽ മുടക്കി 395 സ്കൂളുകളിലും, ഒരു കോടി രൂപ വീതം മുടക്കി 585 സ്കൂളുകളിലും ആധുനിക അന്തർദേശീയ നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. മറ്റു സവിശേഷമായ പരിപാടികൾ:

- 200 വർഷം പിന്നിടുന്ന പൈതൃക സ്കൂളുകൾക്കും 150 വർഷം പിന്നിടുന്ന ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക സഹായ പദ്ധതി നടപ്പാക്കി.
- സ്കൂളുകളിൽ അന്തർദേശീയ നിലവാരമുള്ള ലാബുകൾ സ്ഥാപിക്കാനുള്ള 'ഐഡിയൽ ലാബ് (Ideal Lab)' പദ്ധതിപ്രകാരം നാലു മേഖലകളിലും ഓരോ ലാബ് സജ്ജീകരിച്ചു.
- 12,000 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ പ്രാവർത്തികമാക്കി.
- കൂടാതെ സ്കൂളുകളിൽ കലാകായികസാംസ്കാരിക പാർക്കുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വളരുവാനും വികസിക്കുവാനും ഇടയാക്കുന്ന ഓട്ടിസം പാർക്കുകൾ, കുട്ടികളിലെ എല്ലാത്തരം കഴിവും മികവും കണ്ടെത്താനും വികസിപ്പിക്കാനും ഉതകുന്ന ടാലന്റ് ലാബ് പദ്ധതി, സർഗ്ഗ വിദ്യാലയ തുടങ്ങിയ പദ്ധതികളും എടുത്തു പറയാവുന്ന പൊതുവിദ്യാഭ്യാസ പദ്ധതികളാണ്.

### 3.2 നഗരസഭകളും പൊതുവിദ്യാഭ്യാസവും

കേവലം അറിവ് നേടുക എന്ന പഴയ ലക്ഷ്യമല്ല, പ്രതിബദ്ധതയുള്ള തലമുറയേയും ബഹുമുഖ പ്രതിഭകളെയും, വാർത്തെടുക്കാൻ പൊതുവിദ്യാഭ്യാസത്തിന് കഴിയണമെന്ന പുതിയ ലക്ഷ്യത്തോടെ ആയതിന് നമ്മുടെ പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കുന്നതിനും പ്രീ പ്രൈമറി തലം മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാലയങ്ങളുടെ നടത്തിപ്പ് ചുമതല നിയമം മൂലം നൽകിയിട്ടുള്ള നഗരസഭകൾക്ക് പ്രത്യേകം കഴിയേണ്ടതുണ്ട്.

വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുക, വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുക, ഉച്ചഭക്ഷണ പരിപാടി വിജയിപ്പിക്കുക എന്നിവയും നഗരസഭയുടെ ഈ രംഗത്തെ കർത്തവ്യമാണ്. കൂടാതെ സാക്ഷരതാ പരിപാടികൾ നടപ്പാക്കുക, ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുക, യുവജന ക്ഷേമ പരിപാടികൾ നടപ്പാക്കുക എന്നിവയും നഗരസഭകളുടെ ചുമതലകളാണ്.

ഇവ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ആയ സർവശിക്ഷ അഭിയാൻ (SSA), രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ (RMSA) എന്നിവയുടെ നടത്തിപ്പിലും, വിദ്യാഭ്യാസ അവകാശ സംരക്ഷണം ഉറപ്പു വരുത്തുന്നതിലും നഗരസഭകൾക്ക് ചുമതലയുണ്ട്.

ഏതൊക്കെ വിദ്യാലയങ്ങളാണ് നഗരസഭകൾക്ക് കൈമാറിയത്?, അവിടങ്ങളിലെ ജീവനക്കാർ ആരൊക്കെ? എന്ന് പരിശോധിക്കാം.

| തദ്ദേശഭരണ സ്ഥാപനം | കൈമാറിയ സ്ഥാപനങ്ങൾ | ജീവനക്കാർ |
|---|---|---|
| മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | സർക്കാർ പ്രീപ്രൈമറി, എൽ.പി, യു.പി സ്കൂളുകൾ, ഹൈസ്കൂളുകൾ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി | ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, അധ്യാപകർ, അനധ്യാപക ജീവനക്കാർ |

ടി സ്ഥാപനങ്ങൾ അന്യാധീനപ്പെടുത്താനോ കടപ്പെടുത്താനോ നമുക്ക് അധികാരമില്ലെന്ന് പ്രത്യേകം ഓർമ്മിക്കണം. സ്കൂൾ സ്വത്തുക്കളിൽ നിന്ന് കിട്ടുന്ന ആദായം തനത് വരുമാനമായി കണക്കാക്കി സ്കൂൾ വികസനത്തിന് ഉപയോഗിക്കണം.

കൈമാറിക്കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മേൽ 1997ലെ മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളനുസരിച്ച് കൃത്യവിലോപത്തിന് ലഘു ശിക്ഷകൾ ചുമത്താൻ കൗൺസിലിന് അധികാരമുണ്ട്.

## 3.3 വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി

നഗരസഭയുടെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് വിദ്യാഭ്യാസ-കലാകായിക കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയാണ്. താഴെപ്പറയുന്നവയാണ് കമ്മിറ്റിയുടെ ചുമതലകൾ

- വിദ്യാഭ്യാസം, കായികം, വിനോദം എന്നീ വിഷയങ്ങൾ കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നു.
- ഹയർസെക്കൻഡറി തലം വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ടവും നടത്തിപ്പും.
- വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് നേതൃത്വം നൽകുക.
- വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടം

$ SSA, RMSA പദ്ധതികൾക്ക് രൂപം നൽകുകയും വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുകയും ചെയ്യുക.

- നഗരസഭ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസം, കല, കായിക കാര്യങ്ങൾക്കുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് നേതൃത്വം നൽകുക. പ്രോജക്ടുകൾക്ക് അംഗീകാരം നൽകുക.
- വിദ്യാലയ വികസന സമിതി, രക്ഷാകർതൃ സമിതി, മാതൃ രക്ഷാകർത്തൃ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
- വിദ്യാലയങ്ങൾ സന്ദർശിക്കുകയും പോരായ്മകൾ തിരുത്തുകയും മികച്ച പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

## 3.4 പ്രധാന പ്രവർത്തനങ്ങൾ

സ്റ്റാൻഡിങ് കമ്മിറ്റി നേതൃത്വം നൽകേണ്ട പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
- പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുക, അതിനായി അക്കാദമിക് പിന്തുണ
- വിവരശേഖരം, പ്രാദേശിക പഠനം, പ്രകൃതി പഠനം, പ്രോജക്ടുകൾ
- മികച്ച ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ ലാബുകൾ
- മികച്ച ക്ലാസ് റൂം സൗകര്യം, വിവര വിനിമയ സാങ്കേതിക വിദ്യാ പദ്ധതികൾ
- വിദ്യാലയങ്ങൾ അക്കാദമിക മികവിന്റെ കേന്ദ്രങ്ങൾ
- പഠനനിലവാരം മെച്ചപ്പെടുത്തൽ
- വിജയശതമാനം ഉയർത്തുന്നതിന് പിന്തുണ സംവിധാനങ്ങൾ

**അനുബന്ധ പ്രവർത്തനങ്ങൾ**

- എസ്.എസ്.എ / ആർ.എം.എസ്.എ പദ്ധതി പ്രവർത്തനങ്ങൾ
- പാഠപുസ്തക വിതരണം
- സ്കോളർഷിപ്പ്, ധനസഹായം നൽകൽ
- ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്, പ്രത്യേക പരിഗണന
- പഠന വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേകശ്രദ്ധ സംവിധാനം
- ശക്തമായ പിന്തുണ സംവിധാനങ്ങൾ
- ശക്തമായ പി.ടി.എ, എം.പി.ടി.എ, എസ്.എം.സി- ജനകീയ സംവിധാനങ്ങൾ

### 3.5 തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

- സംസ്ഥാന സാക്ഷരതാ മിഷൻ പ്ലാൻ ചെയ്യുന്ന തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കൽ
- ജനങ്ങളുടെ കലാകായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ
- 2010 ഏപ്രിൽ ഒന്നുമുതൽ നടപ്പാക്കിവരുന്ന വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ നിർവഹിക്കൽ
- മൂല്യബോധം വർദ്ധിപ്പിക്കൽ

### 3.6 വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്റെ ചുമതലകൾ

- മുനിസിപ്പൽ വിദ്യാഭ്യാസ കമ്മറ്റിയിൽ പങ്കെടുക്കുക. ഉപദേശ നിർദ്ദേശങ്ങൾ നൽകുക. ഉച്ചഭക്ഷണ വിതരണം ഫലപ്രദമാക്കാൻ ഇടപെടുക, ഭൗതിക സൗകര്യങ്ങൾ ഒരുക്കികൊടുക്കുക.
- വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ നിർദ്ദേശങ്ങൾ സമർപ്പിക്കുക
- പി.ടി.എ യോഗങ്ങൾ ഫലപ്രദമാക്കാൻ ഇടപെടുക
- സാക്ഷരതാ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കു വഹിക്കുക
  കലാ കായിക മേഖലയിലെ സ്ഥാപനങ്ങളുടെ ഏകോപനം നടത്തുക

- ചെയർപേഴ്സന്റെ രേഖാമൂലമുള്ള ഉത്തരവനുസരിച്ച് വാർഡ് സഭയിലെ അധ്യക്ഷസ്ഥാനം ഏറ്റെടുക്കുക
- സ്കൂൾ മാനേജ്മെന്റ് കമ്മറ്റി(SMC)യിൽ പങ്കെടുക്കുക
- വിദ്യാലയങ്ങളിലെ താത്കാലിക അധ്യാപക നിയമനങ്ങൾക്ക് വേണ്ടിയുള്ള അഭിമുഖത്തിൽ പങ്കെടുക്കുക

**ഏകോപനം**

- പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള സർക്കാർ സ്കൂളുകളുടെ നടത്തിപ്പ്
- കേന്ദ്രാവിഷ്കത-സംസ്ഥാനവിഷ്കൃത പദ്ധതികളുടെ ഏകോപനം
- സാക്ഷരതാ പരിപാടികൾ നടപ്പാക്കൽ
- വായനശാലകൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പ്, പ്രോത്സാഹനം
- വിദ്യാഭ്യാസ വകുപ്പിന് പിന്തുണാ സംവിധാനം ഒരുക്കൽ, പദ്ധതി പ്രവർത്തനങ്ങൾ
- മുനിസിപ്പൽ ആക്ട് പ്രകാരം ചുമതലപ്പെട്ട വിഷയങ്ങളിൽ മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു നടപടികൾ കൈക്കൊള്ളുക
- വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനു നിർദ്ദേശങ്ങൾ നൽകുക
- വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ആവശ്യാനുസരണം വിളിക്കുന്നു എന്ന് ഉറപ്പുവരുത്തുക

## 3.7 വാർഡ് സഭകളുടെ ചുമതല

പങ്കാളിത്ത ജനാധിപത്യ പ്രക്രിയയുടെ മൂർത്ത രൂപങ്ങളായ വാർഡ് സഭകളിൽ വിദ്യാഭ്യാസ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് ഉണ്ടാകുന്ന ചർച്ചകളും നിർദ്ദേശങ്ങളും കണക്കിലെടുത്ത് പദ്ധതി രൂപീകരണം നടത്തണം. പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിൽ വാർഡ് സഭയുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. വാർഡ് കമ്മിറ്റികളിൽ അതാത് പ്രദേശത്തെ അംഗീകൃത വിദ്യാലയങ്ങളിലെ മേധാവികളെ ഉൾപ്പെടുത്തണം. കൂടാതെ വാർഡിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും പ്രതിനിധീകരിക്കുന്ന പത്തു പേരെയും വാർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തണം.

## 3.8 റോഡിതര മെയിന്റനൻസ് ഗ്രാന്റും സ്കൂൾ സൗകര്യ വികസനവും

സർക്കാർ ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ബഡ്ജറ്റ് ഗ്രാൻഡ് വഴി നൽകുന്ന ഫണ്ട് ആണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ്. ഈ ഫണ്ട് ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെയ്യാവുന്ന സംഗതികൾ:-

- സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ
- ചുറ്റുമതിൽ നിർമ്മാണം
- ടോയ്‌ലറ്റ്, അടുക്കള, സ്റ്റോർ റൂം, കഞ്ഞിപ്പുര നിർമ്മാണം
- ഫർണിച്ചർ വാങ്ങലും അറ്റകുറ്റപ്പണികളും
- സ്കൂൾ വൈദ്യുതീകരണം
- ലൈബ്രറി നവീകരണം
- സ്കൂൾ ലാബറട്ടറികൾക്ക് ഉപകരണങ്ങൾ
- കമ്പ്യൂട്ടർ ഉപകരണങ്ങളും ലാബും സജ്ജമാക്കൽ.

### 3.9 ജനകീയാസൂത്രണം – വിദ്യാഭ്യാസ രംഗത്തെ പ്രോജക്ട് സാദ്ധ്യതകൾ

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' മാർഗരേഖകളിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ജൈവ വൈവിദ്ധ്യ ഉദ്യാനം, മാലിന്യസംസ്കരണ പരിപാടി, ഊർജ്ജ സംരക്ഷണ പരിപാടി എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.
- നഗരസഭകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആകണം മുൻഗണന നൽകേണ്ടത്.
- ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം. ഈ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്.
- പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ. ആർ.എം.എസ്.എ വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാ വുന്നതാണ്.
- സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ അവയുടെ നടത്തിപ്പിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും ശുചിത്വം ഉറപ്പാക്കാനുള്ള സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുക എന്നതുമാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല, അടുക്കള, അടുക്കളയോട് അനുബന്ധിച്ച് സംഭരണ മുറി എന്നിവ ഏർപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകേണ്ടതാണ്.
- സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.
- സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

- സന്നദ്ധ പ്രവർത്തകരായ യുവതീ യുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠന പരിപോഷണം (Remedial Coaching) ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്.
- എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും, വാഷ്ബെയിസിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തണം.
- ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാ മിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന 'നിർഭയ' പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ ഹൈസ്ക്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. നഗരസഭകൾ ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകളുടെ പരിശീലകരായി സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി, കായികാദ്ധ്യാപകരെ നിയോഗിക്കാവുന്നതാണ്.
- സ്കൂളുകൾക്ക് വേണ്ടി വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല.
- വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് നഗരസഭകൾക്ക് ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ഏറ്റെടുക്കാവുന്നതാണ്.

### 3.10 കായിക വിനോദ സൗകര്യങ്ങൾ (പ്രോജക്ട് സാദ്ധ്യതകൾ)

- കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽസജീവമായി ഇടപെടേണ്ടതാണ്. ഈ രംഗത്ത് സംസ്ഥാനത്തിന് നഷ്ടപ്പെട്ട മുൻകൈ തിരിച്ചു പിടിക്കാനും ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ വരുത്താനും ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഇത് ആവശ്യമാണ്.
- ഒരു നഗരസഭയിൽ ഒരു സ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്നതാകണം ലക്ഷ്യം. കളിസ്ഥലവും സ്റ്റേഡിയവും തുടങ്ങുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ (സ്ഥലം വാങ്ങൽ ഉൾപ്പടെ) നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

- സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിന് പ്രാധാന്യം നൽകേണ്ടതാണ്.
- 04.02.2010ലെ 8378/ഡി.എ1/2010/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരമുള്ള സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ അവ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കേണ്ടതാണ്.
- നഗരസഭകളിൽ സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും, കായിക ക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപന ചെയ്ത് നടപ്പിലാക്കാവുന്നതാണ്.
- ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ സാദ്ധ്യതയ്ക്ക് അനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ സ്ഥാപനതല ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.
- യുവജനക്ഷേമ മേഖലയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ചു കൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

### 3.11 വിദ്യാഭ്യാസ പ്രോജക്ടുകൾ (പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്)

- പട്ടിക ജാതി യുവതി യുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്തു തൊഴിൽ തേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർധന സംരംഭങ്ങൾ എന്നിവ പട്ടിക ജാതി ഉപ പദ്ധതി പ്രകാരം (Scheduled Caste Sub Plan) ഉള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. കൂടാതെ പട്ടിക ജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്നു വരുന്ന പ്രതിഭകൾക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ നൂതന പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.
- സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ കുട്ടികളെ കണ്ടെത്തി അവരെ സ്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.
- വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കാതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പുവരുത്തണം.

- പട്ടികവർഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രീമെ ട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടിക വർഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ പട്ടികവർഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനസഹാ യത്തിന്റെ നിരക്ക് ചുവടെ നൽകുന്നു.

| ഇനം | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|
| (a) സ്കൂൾ യൂണിഫോം വാങ്ങുന്നതിന് (i)9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് (എട്ടാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് S.S.A യുടെ ഭാഗമായി സ്കൂൾ യൂണിഫോം സൗ ജന്യമായി ലഭിക്കുന്നുണ്ട്) | 1500 |
| (b) നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങു ന്നതിന്<br>(i) ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക്<br>(ii) അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക്<br>(iii) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | <br><br>500<br>750<br>1000 |
| (c) കുട, ചെരുപ്പ്, ഷൂസ്, സ്കൂൾ ബാഗ്, പെൻ സിൽ, പേന എന്നിവ വാങ്ങുന്നതിന് (എല്ലാ സ്റ്റാൻഡേർഡുകളിലേയും വിദ്യാർത്ഥികൾക്ക്) | 1000 |

- ഇപ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായം നഗരസഭ പട്ടികവർഗ്ഗ വിദ്യാർ ത്ഥികൾക്ക് മാത്രമേ നൽകേണ്ടതുള്ളൂ.
- പട്ടികവർഗ കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടേയും പഠന നില വാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തണം. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപ കർ, സാക്ഷരതാ പ്രേരക്മാർ, മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് തദ്ദേശഭരണ സ്ഥാപനത്തിൽ രൂപീകരിക്കണം. സപ്പോർട്ട് ഗ്രൂപ്പിന്റെ സംഘടനാ ചെലവ് പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹി ക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഹോണറേറിയം കൊടു ക്കുവാൻ പാടില്ല.

### 3.12 വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം 2009

6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർ ബന്ധിതവുമായ ഗുണമേന്മാ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യുന്ന 'വിദ്യാ ഭ്യാസ അവകാശ സംരക്ഷണ നിയമം – 2009' ഇന്ത്യൻ പാർലമെന്റ് പാസാ ക്കിയിട്ട് 11 വർഷം പിന്നിടുന്നു. വിദ്യാഭ്യാസം ഭരണകൂടത്തിന്റെ ഉത്തര വാദിത്വവും ചുമതലയും ആക്കിമാറ്റിയ നിർണായക നിയമമായിരുന്നു ഇത്. എൺപത്തിയാറാം ഭരണഘടനാ ഭേദഗതിയിലൂടെ അനുച്ഛേദം 21-ൽ

പെടുത്തി വിദ്യാഭ്യാസ അവകാശം മൗലികാവകാശമാക്കിയ 2002ലെ സുപ്രധാന മാറ്റത്തിലൂടെയാണ് വിദ്യാഭ്യാസ അവകാശം ചലനാത്മകവും സജീവ ചർച്ചാ വിഷയവുമായി മാറിയത്. സ്കൂൾ കെട്ടിടങ്ങൾ, പെൺകുട്ടികൾക്കായുള്ള മൂത്രപ്പുരകൾ, ചുറ്റുമതിൽ ഉള്ള സ്കൂളുകൾ, പാചകപ്പുര, കളിസ്ഥലം, കളി ഉപകരണങ്ങൾ എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് എല്ലാ കുട്ടികൾക്കും നിർബന്ധിതമായി സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്താനും Dropout (കൊഴിഞ്ഞുപോക്ക്) ഒഴിവാക്കാനും ആണ് നിയമം ലക്ഷ്യം വെക്കുന്നത്. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസത്തിലൂടെ ബാലവേലയും നിർബന്ധിത പണിയെടുപ്പിക്കലും കുറയ്ക്കാനും സ്കൂൾ പ്രവേശനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാനും കഴിഞ്ഞതായി പഠനങ്ങൾ തെളിയിക്കുന്നു.

വായനയിലും, ഗണിതപ്രക്രിയയിലും, ഭാഷാ നൈപുണ്യത്തിലും, ഊന്നിയുള്ള അടിസ്ഥാനവിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പിക്കാനും ഭിന്നശേഷിയുള്ളവർ അടക്കമുള്ളവരെ സ്വയംപര്യാപ്തരാക്കുവാനും വിദ്യാഭ്യാസം മൂലം കഴിയണം എന്ന് നിയമം അനുശാസിക്കുന്നു. എല്ലാ പ്രദേശങ്ങളിലും പ്രൈമറി, സെക്കൻഡറി തലം വരെയുള്ള സ്കൂളുകളുടെ ലഭ്യതയും സൗജന്യ പ്രവേശനവും, സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം, പ്രഭാതഉച്ചഭക്ഷണ പരിപാടികൾ, സ്കോളർഷിപ്പുകൾ, അധ്യാപക പരിശീലനങ്ങൾ, പഠനോപകരണങ്ങൾ, വിദ്യാർത്ഥി-അധ്യാപക അനുപാതം പുതുക്കി നിശ്ചയിക്കൽ എന്നിവ നിയമത്തിന്റെ നിഷ്കർഷകൾ ആണ്. മേൽ സാഹചര്യത്തിൽ എല്ലാ വിദ്യാർഥികൾക്കും സൗജന്യവും നിർബന്ധിതവുമായ സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിൽ നഗരസഭകൾക്ക് ഉത്തരവാദിത്വമുണ്ട്. അംഗപരിമിതി ഉള്ള കുട്ടികൾക്ക് 18 വയസ്സുവരെ സൗജന്യ വിദ്യാഭ്യാസ അവകാശവുമുണ്ട്.

## 3.13 കലാകായിക സാംസ്കാരിക മേഖല

### 3.13.1 കായിക വികസനം

കായികരംഗത്ത് നഗരസഭകൾ കൂടുതൽ സജീവമായി ഇടപെടേണ്ടതാണ്. നഗരപ്രദേശത്ത് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ കായിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. യുവജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം വർധിപ്പിക്കുന്നതിനും, യുവജന സംഘടനകളുടെ കൂട്ടായ്മ ഊട്ടി ഉറപ്പിക്കുന്നതിനും, നഗരസഭയും ഇത്തരം സംഘടനകളുമായുള്ള സഹകരണം സാധ്യമാക്കുന്നതിനും വാർഡ്സഭ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഗുണപരത ഉയർത്തുന്നതിനും ഇത്തരം ഇടപെടലുകൾ സഹായിക്കും.

കളിസ്ഥലങ്ങൾ, സ്റ്റേഡിയം എന്നിവ ഒരുക്കുന്നതിനും നീന്തൽ കുളങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

2000-ലെ കേരള സ്പോർട്സ് നിയമത്തിൽ അനുശാസിക്കും വിധം നഗരസഭാ തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതാണ്. നഗരസഭാ കൗൺസിലിന്റെ ഘടന അംഗങ്ങൾ കാലാവധി എന്നിവ 04.02.2010ലെ 8378/ഡി.എ1/ 2010/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ

വിശദമാക്കിയിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലാ സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് കായിക വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. സമ്പൂർണ കായിക ക്ഷമതയുള്ള ജനത എന്നതാവണം നഗരസഭയുടെ ലക്ഷ്യം.

### 3.13.2 കലയും സംസ്കാരവും

നഗരസഭയുടെ നിയന്ത്രണത്തിലുള്ള ലൈബ്രറികൾ, വിദ്യാലയങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. സ്പോൺസർഷിപ്പിലൂടെ പരമാവധി വിഭവങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. ജനകീയ സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും പിന്തുണയും സഹകരണവും തേടണം. ഇവരുടെ സഹകരണത്തോടെ മദ്യം, മയക്കുമരുന്ന്, പുകവലി വിരുദ്ധ ബോധവൽക്കരണം, സ്ത്രീധന വിരുദ്ധ ക്യാമ്പയിനുകൾ എന്നിവ നടത്തണം.

യുവജനങ്ങളുടെ കലാകായിക വികസനം മുൻനിർത്തി കേരളോത്സവം പോലെയുള്ള പരിപാടികൾ എല്ലാവർഷവും സംഘടിപ്പിക്കണം. ഇതിലെ വിജയികൾക്ക് ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്ത് പ്രതിഭ തെളിയിക്കാൻ അവസരം ഒരുക്കണം.

# 4
# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ജനാധിപത്യ ജീവിതക്രമത്തിന്റെ ആണിക്കല്ലാണ് സാമൂഹ്യനീതി. എല്ലാവർക്കും എല്ലാ രംഗത്തും തുല്യനീതി ലഭിക്കുന്ന അവസ്ഥയാണിത്. പാർശ്വവൽക്കരണം എന്നത് സാമൂഹ്യനീതിയുടെ ശത്രുവാണ്. ഇന്ത്യൻ സാമൂഹ്യ ജീവിതത്തിൽ ഏറ്റവും കൂടുതൽ പാർശ്വവൽക്കരണത്തിന് വിധേയമായത് പിന്നോക്ക വിഭാഗക്കാർ തന്നെ. സാമൂഹ്യജീവിതത്തിൽ നിന്ന് ദലനം (മുറിച്ചു മാറ്റപ്പെട്ടവർ) ചെയ്യപ്പെട്ടവർ എന്ന അർത്ഥത്തിലാണ് ദളിതർ എന്ന പദം തന്നെ രൂപപ്പെട്ടു വന്നത്. സാമൂഹ്യ, സാംസ്കാരിക. സാമ്പത്തിക രംഗങ്ങളിൽ ഒക്കെ പാർശ്വവൽക്കരിക്കപ്പെട്ടവർ ആണ് പിന്നോക്ക വിഭാഗക്കാർ. ചരിത്രപരമായ പല കാരണങ്ങളാലും പിന്നോക്കം നിൽക്കേണ്ടിവന്ന അവരുടെ ദുരിതം ഇന്നും ഇന്ത്യയിൽ നിലനില്ക്കുന്നു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും ഇടപെടൽകൊണ്ട് കുറെയൊക്കെ മാറ്റങ്ങൾ ഉണ്ടായെങ്കിലും ഇനിയും വളരെയേറെ മുന്നേറേണ്ടതുണ്ട്.

### സാമൂഹ്യനീതി (ഭരണഘടനാ തത്വങ്ങൾ)

ഇന്ത്യൻ ഭരണഘടനയിൽ നിർദ്ദേശക തത്ത്വങ്ങളിൽ ആർട്ടിക്കിൾ 46 പ്രകാരം ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മേലുള്ള സാമൂഹ്യ അനീതി ഇല്ലായ്മ ചെയ്യുന്നതിന് വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിൽ പ്രത്യേക സംരക്ഷണം ഉറപ്പു വരുത്തുന്നുണ്ട്

ഭരണഘടനയുടെ മൗലിക അവകാശങ്ങളിൽ ആർട്ടിക്കിൾ 14 മുതൽ 18 വരെ ജാതി, മത, വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാ പൗരന്മാർക്കും നിയമത്തിനു മുൻപിലും, അവസരങ്ങളിലും, തൊഴിലിലും മറ്റു മേഖലകളിലും തുല്യത ഉറപ്പു നൽകുന്നുണ്ട്. എങ്കിലും ദുർബലവിഭാഗങ്ങളുടെയും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും വിദ്യാഭ്യാസപരമായും സാമൂഹ്യ സാമ്പത്തികമായും ഉള്ള പുരോഗതിക്കായി പ്രത്യേക പരിഗണനയും സംവരണവും ഭരണഘടന അനുവദിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താത്പര്യ സംരക്ഷണാർത്ഥം ആർട്ടിക്കിൾ 19(d), (e) പ്രകാരം ഉള്ള ഒരു പൗരന്റെ സഞ്ചാര, താമസ സ്വാതന്ത്ര്യത്തിനു പോലും മതിയായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ആർട്ടിക്കിൾ 19(6) പ്രകാരം വ്യവസ്ഥ ഉള്ളതാണ്.

## പട്ടികജാതി ക്ഷേമം

ഇന്ന് കേരളത്തിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 341 പ്രകാരം 53 പട്ടിക ജാതി വിഭാഗങ്ങൾ ഉണ്ട്. ഇതിൽ നാലു വിഭാഗങ്ങളെ അതായത് വേടൻ, നായാടി, കള്ളാടി, ചക്കിലിയാൻ / അരുന്ധതീയർ എന്നിവരെ ദുർബല വിഭാഗങ്ങൾ ആയി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

## 4.1 പ്രത്യേക ഘടക പദ്ധതി (Special Component SubPlan)

പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതി മറ്റ് ജനവിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കായി ഉപയോഗിക്കുവാൻ പാടില്ല.

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കൊ കുടുംബാംഗങ്ങൾക്കൊ നേരിട്ട് ആനുകൂല്യം ലഭിക്കുന്നവ
- 50 ശതമാനത്തിലധികം പട്ടികജാതിക്കാർക്ക് പ്രയോജനം ലഭിക്കുന്ന പൊതുസേവന പ്രോജക്റ്റുകൾ

## ജനകീയാസൂത്രണവും പ്രത്യേക ഘടക പദ്ധതികളും

### പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ (തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അറിഞ്ഞിരിക്കേണ്ടത്)

1. സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ സഹായമായി വ്യക്തികൾക്ക് മൂന്നു ലക്ഷവും ഗ്രൂപ്പിന് 10 ലക്ഷം രൂപയും നൽകുന്നു. ഇതിൽ 1/3 സബ്സിഡി ആയിരിക്കും. ഇതിന് പ്രായപരിധി 50 വയസ്സും മിനിമം വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസും ആണ്.
2. അഭിഭാഷകർക്ക് ധനസഹായം : ജൂനിയർ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ച് ഒരു വർഷത്തിനു ശേഷം മൂന്നുവർഷത്തേക്ക് ഗ്രാൻഡ് നൽകുന്ന പദ്ധതിയാണ് ഇത്.

| വർഷം | പുസ്തക ഗ്രാന്റ് രൂപ | ഡ്രസ്സ് ഗ്രാന്റ് രൂപ | മുറി വാടക രൂപ | എൻറോൾമെന്റ് ഫീസ് രൂപ |
|---|---|---|---|---|
| 1 | 12,000 | 4,000 | – | 9600 |
| 2 | 12,000 | 4,000 | 6,000 | – |
| 3 | 12,000 | 4,000 | 6,000 | – |

3. വിവിധ ട്രേഡുകളിൽ സാങ്കേതിക അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നു

| വിഭാഗം | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|
| ITI | 2,000 |
| Diploma | 2,500 |
| Engineering Degree | 3,000 |

അപ്രന്റീസ് ടൈപ്പിസ്റ്റ് ക്ലാർക്കിന് പ്രതിമാസം 10000/- രൂപ നൽകുന്നു.

4. പ്രദർശനവും ട്രേഡ് ഫെയറും : SC സംരംഭകരും സ്വാശ്രയ ഗ്രൂപ്പുകളും ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെയും വിവിധ ഭക്ഷ്യ വസ്തുക്കളുടെയും പ്രദർശനങ്ങളും വിപണനമേളയും സംഘടിപ്പിക്കുന്നു. വർഷം രണ്ടു തവണ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നുണ്ട് .

5. സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ (അംബേദ്കർ വില്ലേജ് ഡെവലപ്മെന്റ് പ്രോഗ്രാം): അൻപതിലധികം കുടുംബങ്ങളുള്ള പട്ടികജാതി ആവാസവ്യവസ്ഥകളുടെ സംയോജിത വികസനത്തിനുള്ള പദ്ധതിയാണിത്. റോഡ്, കുടിവെള്ളം, വൈദ്യുതി, ബയോഗ്യാസ് പ്ലാന്റ്, മാലിന്യനിർമാർജനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. ഒരു കോടി രൂപവരെ ഈ പദ്ധതിയിൽ വിനിയോഗിക്കാവുന്നതാണ്.

6. ഭൂരഹിത / ഭവനരഹിത പുനരധിവാസ പദ്ധതി : നഗരസഭാ പ്രദേശത്ത് വീട് വെയ്ക്കുന്നതിന് 3 സെന്റ് സ്ഥലം വാങ്ങാൻ ധനസഹായം നൽകുന്നു. മുനിസിപ്പൽ പ്രദേശത്ത് 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷം രൂപയുമാണ് ധനസഹായം. ലൈഫ് മിഷൻ പട്ടികയിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കണം.

   ഭവനരഹിതർക്ക് വീട് വെയ്ക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ നിന്നും തിരഞ്ഞെടുക്കുന്നു.

7. അപൂർണമായ വീടുകളുടെ പൂർത്തീകരണം

   കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നിർമ്മിച്ച അപൂർണ്ണമായ വീടുകൾ പൂർത്തിയാക്കുന്നതിന് 1,50,000/ രൂപ വരെ നൽകുന്നു.

8. കമ്മ്യൂണിറ്റി വികസന പരിപാടി

   ദുർബല സമുദായങ്ങളായ വേടൻ, നായാടി, കല്ലടി, ചക്ലിയ / അരുന്ധതിയാർ എന്നിവർക്ക് വിവിധ പദ്ധതികൾ ഉണ്ട്.

   - 10 സെന്റ് കാർഷിക ഭൂമി വാങ്ങുന്നതിന് : അഞ്ച് ലക്ഷം
   - ഭവനനിർമാണത്തിന് 5 സെന്റ് ഭൂമി വാങ്ങുന്നതിന് : 6 ലക്ഷം
   - വീട് വയ്ക്കാൻ : 4 ലക്ഷം
   - വീട് നന്നാക്കാൻ : 1.5 ലക്ഷം
   - ടോയ്ലെറ്റ് നിർമ്മാണത്തിന് : 40,000

ജില്ലാ വികസന ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആണ് നിർവ്വഹണം.

## 4.2 പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ ഏറ്റെടുത്തു നടത്താവുന്നവ)

- പട്ടികജാതി വിഭാഗത്തിൽപെട്ട, വരുമാന പരിധി മൂന്ന് ലക്ഷം രൂപയ്ക്ക് വിധേയമായി ബി.പി.എൽ കുടുംബത്തിൽ പെട്ടവരും അല്ലാത്തവരു

മായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 25000/ രൂപ ധനസഹായം നൽകുന്നു.

- മിശ്രവിവാഹിതർക്ക് (Inter caste marriage/ Inter relegion marriage) വരുമാനപരിധി (പൊതുവിഭാഗം രണ്ടുലക്ഷം/ പട്ടികജാതി മൂന്നു ലക്ഷം) രൂപയ്ക്ക് വിധേയമായി 75000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.
- BPL ലിസ്റ്റിൽ പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75000/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.
- പട്ടികജാതി യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപ നൽകാവുന്നതാണ് നിർദ്ധനരായ കുടുംബങ്ങൾക്കു മുൻഗണന നൽകണം.
- സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന എല്ലാ വിദ്യാർഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമി വർഷത്തിലും ചുവടെപ്പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

| ക്രമ നമ്പർ | കോഴ്സ് | സ്കോളർഷിപ്പ് |
|---|---|---|
| 1. | മെഡിക്കൽ | 30,000/- |
| 2. | എൻജിനീയറിങ് | 25,000/- |
| 3. | ബിരുദം | 20,000/- |
| 4. | ബിരുദാനന്തര ബിരുദം | 25,000/- |
| 5. | ഗവേഷണവിദ്യാർത്ഥികൾ | 30,000/- |
| 6. | പോളിടെക്നിക് | 20,000/- |
| 7. | അംഗീകൃത റെഗുലർ കോഴ്സ് | 15,000/- |

സംസ്ഥാനത്തിനു പുറത്തുള്ള അംഗീകൃത സർവകലാശാലകളുടെ റഗുലർ കോഴ്സിന് പഠിക്കുന്നവർക്ക് 50,000/- രൂപയും പ്രൊഫഷണൽ കോഴ്സിനുള്ള കോച്ചിംഗിന് 5000/- രൂപയും നൽകാവുന്നതാണ്.

- പട്ടികജാതി വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർഥികൾക്ക് ദേശീയഅന്തർദേശീയ സർവകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അങ്ങനെയുള്ളവർക്ക് അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധന സഹായം നൽകാവുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് ആയിരിക്കും ധനസഹായ തുക.

### 4.3 നഗരസഭകൾക്ക് നേരിട്ട് നടപ്പിലാക്കാവുന്ന പദ്ധതികൾ

1. പട്ടികജാതി വിദ്യാർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 5000/ രൂപ വരെ വിനിയോഗിക്കാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ആണ് നൽകേണ്ടത്.
2. ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിംഗ്, മെഡിക്കൽ/ കമ്പ്യൂട്ടർ സയൻസ് (ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ) CA മുതലായ കോഴ്സുകൾക്കു സർക്കാർ / എയ്ഡഡ് / സ്വാശ്രയസ്ഥാപനങ്ങളിലോ സർവകലാശാലകളിലോ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്കു സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ 27,722/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ് വാങ്ങി നൽകാവുന്നതാണ് (CPRCS ൽ നിന്നോ പോർട്ടലിൽ ലഭ്യമല്ലെങ്കിൽ മാത്രം ടെണ്ടർ മുഖാന്തരമോ വാങ്ങി നൽകണം).
3. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് വേണ്ടി സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും സൈനിക സ്കൂൾ, നവോദയ, ജി.വി രാജ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനും പരിശീലനം നൽകാവുന്നതാണ്.
4. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിലധികം അധികരിക്കാത്ത വീടിനോടു ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതും പരമാവധി രണ്ടു ലക്ഷം രൂപ വരെ അനുവദിക്കാവുന്നതുമാണ്.
5. പട്ടികജാതി വിദ്യാർത്ഥികൾ ഉള്ള കോളനികളിൽ അവരുടെ വീടിനോടു ചേർന്ന് പഠനമുറി നിർമ്മിക്കാൻ സൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ ഓരോ കോളനികളിലും ഒരു സാമൂഹ്യ പഠനകേന്ദ്രം നിർമ്മിച്ച് പഠന സൗകര്യം നൽകാവുന്നതാണ്.
6. സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവേശനം ലഭിക്കുന്ന വിദ്യാർഥികളിൽ ചിലരെങ്കിലും, തയ്യാറെടുപ്പിനും യാത്രകൂലിക്കും ആയി സാമ്പത്തിക സഹായം ആവശ്യമുള്ളവരാകും. ആയതിനാൽ ചുവടെ പറയും പ്രകാരം ധനസഹായം നൽകി മികവിന് അംഗീകാരവും പിന്തുണയും നൽകാവുന്നതാണ്.

### സ്കൂൾ തലം

| ഇനം | ജില്ലാ തലത്തിലേക്ക് | സംസ്ഥാന തലത്തിലേക്ക് |
|---|---|---|
| തയ്യാറെടുപ്പ് | 300/- | 600/- |
| യാത്ര കൂലി | 200/- | 400/- |
| ആകെ | 500/- | 1000/- |

**കോളേജ് തലം**

| | | |
|---|---|---|
| തയ്യാറെടുപ്പ് | 400/- | 1000/- |
| യാത്ര കൂലി | 300/- | 500/- |
| ആകെ | 700/- | 1500/- |

7. ജില്ലാതല യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നതാണ്.

| തലം | മാനദണ്ഡം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| സ്കൂൾ തലം | ജില്ലാതല വിജയം | 5,000/- | 2,500/- |
| യൂണിവേഴ്സിറ്റി തലം | സംസ്ഥാനതല വിജയം | 7,000/- | 4,000/- |

- നഗരസഭയുടെ ആഭിമുഖ്യത്തിൽ ഉള്ള എല്ലാ ഹയർസെക്കൻഡറി ക്ലാസ്സുകളിലേക്കും പട്ടികജാതി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകേണ്ടതാണ്.
- നഗരസഭയുടെ ആഭിമുഖ്യത്തിൽ എല്ലാ പട്ടികജാതി ഹൈ സ്കൂൾ വിദ്യാർഥികൾക്കും വ്യക്തിത്വവികസനം, നേതൃപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകേണ്ടതാണ്.
- പട്ടികജാതി വിഭാഗത്തിലെ SSLC പരീക്ഷ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരും തൊഴിൽ തൽപരരുമായ എല്ലാവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇവയ്ക്കായി വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്.

## പട്ടികജാതി ക്ഷേമവും SC പ്രമോട്ടർമാരും

പട്ടികജാതി വിഭാഗത്തിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതികളാണ് കേന്ദ്രസംസ്ഥാന പദ്ധതികളിലൂടെയും നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതികളിലൂടെയും നടപ്പിലാക്കുന്നത്. നഗരസഭയുടെ പദ്ധതി രൂപീകരണത്തിൽ കേന്ദ്രസംസ്ഥാന പദ്ധതികളുടെ ഉദ്ദേശവും സാധ്യതകളും കൂടി ചർച്ച ചെയ്യേണ്ടതുണ്ട്. ഇത് വാർഡ് സഭകളിലും പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ പ്രദേശത്തെ പട്ടികജാതി വിഭാഗത്തെ അറിയിക്കുവാനും ഈ പദ്ധതികളുടെ ഗുണഭോക്താക്കളായി ഇവരെ എത്തിക്കുന്നതിനും തുടർ നിർവഹണത്തിനും നിർണായക കണ്ണിയായി പ്രവർത്തിക്കുന്നു SC പ്രമോട്ടർമാർ. അതുപോലെ തന്നെ ഈ വിഭാഗത്തിന്റെ ആവശ്യങ്ങളും സാധ്യതകളും പദ്ധതി രൂപീകരണ സമയത്തു തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥ, ജനപ്രതിനിധി തലങ്ങളിൽ എത്തിക്കുന്നതിനും SC പ്രമോട്ടർക്ക് കഴിയണം. അതായത് പട്ടികജാതി വിഭാഗ പദ്ധതികളുടെ രൂപീകരണത്തിലും നിർവഹണത്തിലും കാര്യക്ഷമമായി ഇടപെടുന്നതിന് ആകണം SC പ്രൊമോട്ടറുടെ പ്രവർത്തനം.

### 4.4 പട്ടികവർഗ ക്ഷേമം

ആരാണ് പട്ടികവർഗ്ഗ വിഭാഗം : ഇന്ത്യൻ ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളെ പ്രത്യേകം നിർവചിച്ചിട്ടില്ല എങ്കിലും ആർട്ടിക്കിൾ 341, 342 പ്രകാരം അപ്രകാരമുള്ള ലിസ്റ്റ് പബ്ലിഷ് ചെയ്യുന്നതിന് ബഹു: ഇന്ത്യൻ പ്രസിഡണ്ടിന് അധികാരം ഉള്ളതാണ്. ആർട്ടിക്കിൾ 342 പ്രകാരം ആകെ 36 പട്ടിക വർഗ വിഭാഗങ്ങൾ കേരളത്തിൽ ഉണ്ട്. ഇതിൽ 5 വിഭാഗങ്ങൾ കൊറഗർ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കുറുമ്പർ, കാടർ എന്നിവരെ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പ്രത്യേക ദുർബല വിഭാഗക്കാരായി പ്രഖ്യാപിച്ചിട്ടുണ്ട്.

സാമൂഹികവും സാമ്പത്തികവും ചരിത്രപരവും ആയ കാരണങ്ങളാൽ സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പുറന്തള്ളപ്പെട്ട ഗോത്ര വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, ശാക്തീകരണമാണ് ഇവിടെ ലക്ഷ്യമിടുന്നത്. പട്ടിക വർഗ്ഗ ക്ഷേമത്തിനായി സംസ്ഥാനത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ 50 ശതമാനം ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. കേരളത്തിൽ 35 നഗരസഭകൾക്ക് ആണ് പട്ടിക വിഭാഗങ്ങൾക്കുള്ള വികസന ഫണ്ട് ലഭിക്കുന്നത്.

ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരം ഭാരത സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും പട്ടികവർഗ ക്ഷേമ പദ്ധതികൾക്കും പട്ടിക പ്രദേശങ്ങളുടെ വികസനത്തിനുമായി സംസ്ഥാനം ഇതിലേക്കായി സമർപ്പിക്കുന്ന പദ്ധതികൾക്ക് ഗ്രാൻഡ് ഇൻ എയ്ഡ് ലഭിക്കുന്നുണ്ട് സംസ്ഥാനം വിവിധ പദ്ധതികളിലൂടെ ഫലപ്രദമായി ഈ ഫണ്ട് വിനിയോഗിച്ച് വരുന്നു.

### 4.5 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി പ്രത്യേകം തയ്യാറാക്കുന്നതാണ് പട്ടികവർഗ്ഗ ഉപപദ്ധതി. ഈ ഫണ്ട് മറ്റു വിഭാഗം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കായി വിനിയോഗിക്കുവാൻ പാടില്ലാത്തതാണ്. ഇത്തരം പദ്ധതികൾ:-

- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കോ കുടുംബങ്ങൾക്കോ നേരിട്ട് ആനുകൂല്യം ലഭിക്കുന്നവ
- 50 ശതമാനത്തിലധികം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനം ലഭിക്കുന്ന പൊതുസേവന പ്രോജക്ടുകൾ ആയിരിക്കണം
- പട്ടികജാതി വിഭാഗത്തിന് ലഭ്യമായിട്ടുള്ള എല്ലാ പദ്ധതികളും തന്നെ പട്ടികവർഗ്ഗത്തിനും നഗരസഭ മുഖേന ലഭ്യമാകുന്നുണ്ട്

### 4.6 ജനകീയാസൂത്രണവും പ്രത്യേക ഘടക പദ്ധതികളും

#### 4.6.1 പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ (നഗരസഭകൾ അറിഞ്ഞിരിക്കേണ്ട പദ്ധതികൾ)

1. Sickle Cell Anemia രോഗികൾക്ക് ധനസഹായം:

വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ താമസിച്ചുവരുന്ന പട്ടികവർഗ്ഗക്കാരിൽ കണ്ടുവരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ്

സിക്കിൾ സെൽ അനീമിയ. തുടർച്ചയായ ശരീരവേദന, മാനസികസമ്മർദ്ദം, കഠിനമായി ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട്, പോഷകാഹാരക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ഈ രോഗികൾ അനുഭവിക്കുന്നു.

ഇങ്ങനെയുള്ളവർക്ക് വരുമാനദായകമായ സ്വയംതൊഴിൽ, സ്വയം സഹായ സംഘങ്ങൾ മുഖേനയോ, സ്വന്തമായോ നടത്താനുള്ള സാമ്പത്തിക സഹായങ്ങളും ഉൾപ്പെടുന്നു. കൂടാതെ ഈ പദ്ധതി വഴി ഇത്തരം രോഗികൾക്ക് സർക്കാർ പ്രതിമാസം 2500/- രൂപ സഹായം നൽകുന്നതാണ്.

2. ജനനി ജന്മരക്ഷ:

   പട്ടികവർഗക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ച് പ്രധാനപ്പെട്ട ഉത്കണ്ഠ അമ്മയുടേയും കുഞ്ഞിന്റെയും പോഷകാഹാരത്തെ കുറിച്ചുള്ളതാണ്. യഥാസമയം സാമ്പത്തിക സഹായം ലഭിക്കാത്തത് പ്രസവത്തിനു മുമ്പും പിൻപും അവർക്ക് വേണ്ടത്ര പരിചരണം കിട്ടുന്നതിന് തടസ്സമാകുന്നു. ആകയാൽ ഗർഭിണി ആയതിനു ശേഷമുള്ള മൂന്നു മാസം മുതൽ 18 മാസ ക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നത് വരെ പ്രതിമാസം 2000/- രൂപ ധന സഹായത്തിനു ഈ പദ്ധതി ലക്ഷ്യമിടുന്നു.

3. ഭക്ഷണത്തിനുള്ള സഹായ/ സുരക്ഷയ്ക്കുള്ള പരിപാടി:

   ദാരിദ്ര്യനിർമാർജനം ലക്ഷ്യമാക്കി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതു വഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങൾ ആയും നൽകുന്നു. ഭക്ഷ്യധാന്യങ്ങൾ പ്രാദേശിക അഭിരുചിയുടെയും താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പട്ടികവർഗ്ഗ ഓഫീസ് തലത്തിൽ തീരുമാനിക്കുന്നതാണ്. വനിത കുടുംബനാഥ ആയിട്ടുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും പ്രാധാന്യം നൽകുന്നു.

4. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം:

   ഈ പദ്ധതിയിൽ:-

- ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ് - വിവിധ ജില്ലകളിൽ 5 OP ക്ലിനിക്കുകൾ (അലോപ്പതി) നടത്തുന്നുണ്ട്. ഇവിടെ ആംബുലൻസ് സേവനം, മെഡിക്കൽ ക്യാമ്പുകൾ ഉദ്ദേശിക്കുന്നു.
- ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം സിക്കിൾ സെൽ, ടി.ബി, ഹാർട്ട്, ബ്രെയിൻ, കിഡ്നി മുതലായ രോഗങ്ങൾക്ക്
- പട്ടികവർഗ്ഗ ആശ്വാസ നിധി: പ്രകൃതിക്ഷോഭങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.
- ആരോഗ്യവിദ്യാഭ്യാസ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട ഊരുകൂട്ടങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികളും ലഹരി മോചന പ്രവർത്തികളും.

5. പരമ്പരാഗത ഗോത്ര വൈദ്യൻമാർക്ക് ധനസഹായം:

പരമ്പരാഗത ഗോത്ര വൈദ്യന്മാർ പ്രതിവർഷം 10000/ രൂപ ഗ്രാൻഡ് നൽകുന്ന പദ്ധതിയാണിത്. KIRTADS ന്റെ സഹായത്തോടെയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

6. ഭൂരഹിത/ ഭവനരഹിത പുനരധിവാസ പദ്ധതി:

നഗരസഭാ പ്രദേശത്ത് വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും വീട് നിർമാണത്തിനും ധനസഹായം നൽകുന്നു. ലൈഫ് മിഷൻ പദ്ധതിയിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

| | | |
|---|---|---|
| സ്ഥലം വാങ്ങുന്നതിന് | - | സർക്കാർ അംഗീകരിച്ച നിരക്കിൽ |
| ഭവന നിർമ്മാണം | - | സർക്കാർ അംഗീകരിച്ച നിരക്കിൽ |
| വീട് പുനരുദ്ധാരണം | - | 1.5 ലക്ഷം രൂപ |

### 4.5.2 പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്തു നടത്താവുന്നവ):

- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട, വരുമാനപരിധി മൂന്നു ലക്ഷം രൂപയ്ക്കു വിധേയമായി BPL കുടുംബത്തിൽപെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 75,000/- രൂപ ധനസഹായം നൽകാവുന്നതാണ്. വിധവകൾ, അവിവാഹിതരായ അമ്മമാർ, സാമ്പത്തിക ശേഷി കുറഞ്ഞവർ എന്നിവരുടെ പെൺമക്കൾക്ക് മുൻഗണന നൽകാവുന്നതാണ്.
- മിശ്രവിവാഹിതർക്ക് (Intercaste marriage, Inter religion marriage) വരുമാനപരിധി (പൊതുവിഭാഗം 2 ലക്ഷം, പട്ടികജാതി 3 ലക്ഷം) രൂപയ്ക്ക് വിധേയമായി 75000/- രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നു. നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന.
- സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികൾ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെപ്പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്:

| ക്രമ നമ്പർ | കോഴ്സ് | സ്കോളർഷിപ്പ് |
|---|---|---|
| 1. | മെഡിക്കൽ | 30,000/- |
| 2. | എൻജിനീയറിങ് | 25,000/- |
| 3. | ബിരുദം | 20,000/- |

| | | |
|---|---|---|
| 4. | ബിരുദാനന്തര ബിരുദം | 25,000/- |
| 5. | ഗവേഷണവിദ്യാർത്ഥികൾ | 30,000/- |
| 6. | പോളിടെക്നിക് | 20,000/- |
| 7. | അംഗീകൃത റെഗുലർ കോഴ്സ് | 15,000/- |

സംസ്ഥാനത്തിനു പുറത്തുള്ള അംഗീകൃത സർവകലാശാലയുടെ റെഗുലർ കോഴ്സിന് പഠിക്കുന്നവർക്ക് 50,000/- രൂപയും പ്രൊഫഷണൽ കോഴ്സിന് ഉള്ള കോച്ചിംഗിന് 5000/- രൂപയും നൽകാവുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർഥികൾക്ക് ദേശീയ അന്തർദേശീയ സർവകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അങ്ങനെയുള്ളവർക്ക് അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധന സഹായം നൽകാവുന്നതാണ്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് ആയിരിക്കും ധനസഹായ തുക.

### 4.5.3 നഗരസഭകൾക്ക് നേരിട്ട് നടപ്പിലാക്കാവുന്ന പദ്ധതികൾ

- പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 5000/- രൂപ വരെ വിനിയോഗിക്കാവുന്നതാണ്.
- ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിംഗ്, മെഡിക്കൽ/ കമ്പ്യൂട്ടർ സയൻസ് (ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ) CA മുതലായ കോഴ്സുകൾക്കു സർക്കാർ / എയ്ഡഡ് / സ്വാശ്രയസ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർഥികൾക്കു സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ 27,722/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ് CPRCS പോർട്ടലിൽ നിന്നോ പോർട്ടലിൽ ലഭ്യമല്ലെങ്കിൽ മാത്രം ടെണ്ടർ മുഖാന്തരമോ വാങ്ങി നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് വേണ്ടി സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും സൈനിക സ്കൂൾ, നവോദയ, ജി.വി രാജ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറാക്കുന്നതിനും പരിശീലനം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിലധികം അധികരിക്കാത്ത വീടിനോടു ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതും പരമാവധി രണ്ടു ലക്ഷം രൂപ വിനിയോഗിക്കാവുന്നതുമാണ്.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉള്ള കോളനികളിൽ (ഊരുകൂട്ടങ്ങളിൽ) അവരുടെ വീടിനോടു ചേർന്ന് പഠനമുറി നിർമ്മിക്കാൻ സൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ ഓരോ ഊരുകൂട്ടങ്ങളിലും ഒരു സാമൂഹ്യ പഠനകേന്ദ്രം നിർമിച്ച് പഠന സൗകര്യം നൽകാവുന്നതാണ്.
- സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുത്തു വിജയിച്ച, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവേ

ശനം ലഭിക്കുന്ന വിദ്യാർഥികളിൽ ചിലരെങ്കിലും തയ്യാറെടുപ്പിനും യാത്ര കൂലിക്കും സാമ്പത്തിക പരാധീനത ഉള്ളതുകൊണ്ട് പങ്കെടുക്കാതെ വരുന്ന സ്ഥിതിയുണ്ട്. ആയതിനാൽ ചുവടെ പറയും പ്രകാരം ധനസഹായം നൽകി മികവിന് അംഗീകാരവും പിന്തുണയും നൽകാവുന്നതാണ്.

**സ്കൂൾ തലം**

| | മാനദണ്ഡം | തയ്യാറെടുപ്പ് | യാത്രാ കൂലി | ആകെ |
|---|---|---|---|---|
| ജില്ലാ തലത്തിലേക്ക് | സ്കൂളിൽ നിന്നുള്ള വിജയം | 300 | 200 | 500 |
| സംസ്ഥാന തലത്തിലേക്ക് | ജില്ലയിൽ നിന്നുള്ള വിജയം | 600 | 400 | 1000 |

**കോളേജ് തലം**

| | മാനദണ്ഡം | തയ്യാറെടുപ്പ് | യാത്രാ കൂലി | ആകെ |
|---|---|---|---|---|
| ജില്ലാ തലത്തിലേക്ക് | സ്കൂളിൽ നിന്നുള്ള വിജയം | 400 | 300 | 700 |
| സംസ്ഥാന തലത്തിലേക്ക് | ജില്ലയിൽ നിന്നുള്ള വിജയം | 1000 | 500 | 1500 |

- വിവിധ ഇനങ്ങളിൽ ജില്ലാതല യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നതാണ്.

| | മാനദണ്ഡം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| സ്കൂൾതലം | ജില്ലാതല വിജയം | 5000/- | 2500/- |
| യൂണിവേഴ്സിറ്റിതലം | സംസ്ഥാനതല വിജയം | 7000/- | 4000/- |

- ഇതിനുപുറമേ,
  - നഗരസഭയുടെ ആഭിമുഖ്യത്തിൽ ഉള്ള എല്ലാ ഹയർസെക്കൻഡറി ക്ലാസ്സുകളിലെയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ ഏർപ്പെടുത്താവുന്നതാണ്.
  - നഗരസഭയുടെ ആഭിമുഖ്യത്തിൽ ഉള്ള എല്ലാ ഹൈസ്കൂൾ (8,9,10) ക്ലാസ്സ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യക്തിത്വവികസനം, നേതൃപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകാവുന്നതാണ്.
  - പട്ടികവർഗ്ഗ വിഭാഗത്തിലെ SSLC മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരും തൊഴിൽ തൽപരരുമായ എല്ലാവർക്കും അനുയോജ്യമായ

തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലന പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇവയ്ക്ക് വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

### 4.7 ഊരുകൂട്ടം, ST പ്രമോട്ടർമാർ:

പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്തു നിയമിക്കുന്ന ഫെസിലിറ്റേറ്റർമാരാണ് പട്ടികവർഗ്ഗ പ്രമോട്ടർമാർ. ഗുണഭോക്താക്കളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വികസന വകുപ്പുകളേയും ബന്ധിപ്പിക്കുന്ന കണ്ണിയായും ഇവർ പ്രവർത്തിക്കുന്നു. ഇതിനായി പട്ടികവർഗ്ഗക്കാരെ തെരഞ്ഞെടുത്തു നിയമിക്കുകയും അവർക്ക് ഗ്രാമീണ പങ്കാളിത്ത അവലോകനം, പങ്കാളിത്തം മോണിറ്ററിങ്, പ്രാഥമിക ആരോഗ്യ പരിപാലനം, പ്രകൃതിവിഭവങ്ങളുടെ മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്യുന്നു. ഇവർക്ക് പ്രതിമാസം ഓണറേറിയം ആയി 9,000/- രൂപയും യാത്രാബത്ത 625/- രൂപയും നൽകുന്നു.

#### 4.7.1 ഊരുകൂട്ട സംഘാടനം

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ശാക്തീകരണത്തിനു വേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ മേഖലയിലും രൂപീകരിക്കണം മാസത്തിലൊരിക്കലെങ്കിലും ഊരുകൂട്ടം ചേരണം. ഓരോ ഊരുകൂട്ടത്തിനും അത്യാവശ്യ ചെലവുകൾക്കായി 2500/- രൂപയിൽ കവിയാതെ വിനിയോഗിക്കാവുന്നതാണ്.

### 4.8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

കഴിഞ്ഞ 70 വർഷമായി നടത്തി വന്നിട്ടുള്ള നിരവധി വികസന പദ്ധതികളും ഉദ്യോഗസ്ഥ സംവരണ വ്യവസ്ഥയും കൂടി ഒരുമിച്ച് പ്രയോജനപ്പെടുത്തി പൊതുസമൂഹത്തോടൊപ്പം മുന്നേറിയ സമുദായങ്ങളും, വികസനത്തിന്റെ ഗുണഫലങ്ങൾ അവരുടെ വാതിൽക്കലേക്ക് എത്തിച്ചേരാത്ത വിഭാഗങ്ങളും ഉണ്ട്. ഇത് മൂലം ഒരു അസന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതർ, ഭവനരഹിതർ, തൊഴിൽരഹിതർ, നിരക്ഷരർ എന്നീ വിഭാഗത്തിൽപ്പെട്ടവർ ഇപ്പോഴും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ ഉണ്ട്. ഈ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് വേണ്ടി ഒരു കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. സാമൂഹ്യനീതി ഉറപ്പു വരുത്തിക്കൊണ്ടുള്ള സമഗ്ര വികസനമാകണം നഗരസഭകളുടെ പരമമായ ലക്ഷ്യം.

# 5
# ശിശുവികസനം

ഗർഭസ്ഥശിശു മുതൽ 18 വയസ്സ് വരെയുള്ളവരെയാണ് കുട്ടികൾ എന്നു വിളിക്കുന്നത്. കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷണം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കടമയാണ്. കൂടാതെ അവർക്ക് ആവശ്യമായ സേവന ങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുക എന്നതും പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്.

## 5.1 ശിശുവികസന നയം

അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ 4 സുപ്ര ധാന അവകാശങ്ങൾ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവയാണ്. ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രാദേശിക സർക്കാരുകൾ ഒരു ശിശു വികസന നയവും അതിനനുസരിച്ചുള്ള ഒരു സമഗ്ര വികസന സമീപനവും രൂപീകരിക്കേണ്ടതുണ്ട്. ശിശു വികസനം എന്ന കാഴ്ച പ്പാടിൽ നിന്നും കുട്ടികളുടെ സമഗ്ര വികസനം എന്ന സമീപനത്തിലേക്ക് നാം മാറിയിരിക്കുന്നു. അതിനാൽ നയവും പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നത് നഗരസഭകളുടെ ഉത്തരവാദിത്വമാണ്. കുട്ടികളുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിൽ കേരളത്തിലെ പ്രാദേശിക സർക്കാരുകൾ മുൻപന്തിയിലാണ്. എന്നാൽ കേരളത്തിലെ കുട്ടികൾ അഭിമു ഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇവ യിൽ പലതും നിലവിലുള്ള പദ്ധതികൾ കൊണ്ടും സമീപനങ്ങൾ കൊണ്ടും പരിഹരിക്കാവുന്നയല്ല. ഇതിനായി പ്രശ്ന മേഖലകൾ വ്യക്തമായി കണ്ടെത്തി ശരിയായി വിലയിരുത്തി നൂതന പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കണം. വിവിധ മേഖലകളിലെ കുട്ടികൾക്കായുള്ള സേവനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട്, വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, പ്രാദേശിക സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ശിശു വികസന പദ്ധതിക്ക് നഗരസഭകൾ രൂപം നൽകണം.

## 5.2 സമഗ്ര ശിശു വികസന പദ്ധതി

മുനിസിപ്പൽ നിയമ പ്രകാരം, നിക്ഷിപ്തമായ ചുമതലകളുടെ അടിസ്ഥാ നത്തിൽ നഗരസഭൾക്ക് കുട്ടികളുടെ സമഗ്ര വികസനത്തിനായി പ്രവർത്തന

ങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമുണ്ട്. കൂടാതെ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളായ അങ്കണവാടി, സ്കൂൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതലായവയും അവയിലെ ഉദ്യോഗസ്ഥരും തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇതോടൊപ്പം കുട്ടികൾക്ക് വേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നിരവധി പദ്ധതികളും നിലവിലുണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ കൈവന്ന ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള അനന്തമായ സാധ്യതകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവന്നിട്ടുള്ളത്.

നമ്മുടെ രാഷ്ട്രം 2003 ൽ പ്രഖ്യാപിച്ചിട്ടുള്ള കുട്ടികൾക്കായുള്ള അവകാശ പ്രഖ്യാപനത്തിൽ (ചിൽഡ്രൻസ് ചാർട്ടർ) ഈ രാജ്യത്തെ പൗരന്മാരായ മുഴുവൻ കുട്ടികൾക്കും അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നീ നാലു മൗലികമായ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് എന്നാൽ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് നമ്മുടെ കുട്ടികൾ വളരെ ക്ലേശപൂർണ്ണമായ ജീവിതം നയിക്കുന്നു എന്നാണ്.

### 5.2.1 ശിശു വികസന മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

പോഷകാഹാരക്കുറവ്, പഠന പിന്നോക്കാവസ്ഥ, അരക്ഷിതത്വം, ഒറ്റപ്പെടൽ, പഠന സൗകര്യങ്ങളുടെ കുറവ്, ദാരിദ്രം, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടൽ, അനാഥത്വം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, വേണ്ടത്ര ശ്രദ്ധ കിട്ടാത്ത ഇതര സംസ്ഥാനത്തെ കുട്ടികൾ, പീഡിപ്പിക്കപ്പെടുന്ന കുട്ടികൾ, അനാഥരായ കുട്ടികൾ പഠനവൈകല്യമുള്ള കുട്ടികൾ എന്നിങ്ങനെ നിരവധിയാണ്.

ഓരോ പ്രായത്തിലും ഉള്ള കുട്ടികളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും വ്യത്യസ്തമാണ്. പൂജ്യം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ ഓരോ വികാസഘട്ടങ്ങൾക്കും അനുയോജ്യമായ പരിചരണം നൽകുന്ന ഒരു ജീവിത ചക്ര സമീപനമാണ് ആവശ്യം. ഇത് കേവലം ശിശുക്ഷേമം അല്ല മറിച്ച് കുട്ടികളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങളാണ്. നിലവിൽ കുട്ടികളുടെ സേവനങ്ങളെ മേഖലകളായി തിരിച്ച് നടപ്പാക്കുന്ന സമീപനമാണുള്ളത്. സംയോജിത ശിശു വികസന പദ്ധതി, ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാമൂഹ്യ സുരക്ഷിതത്വം തുടങ്ങിയ വിവിധ മേഖലകളിൽ നടത്തുന്ന ഒറ്റപ്പെട്ട പ്രവർത്തനങ്ങളെ നഗരസഭകൾ ഏകോപിപ്പിക്കണം. ഈ സേവനങ്ങളെയും പരിപാടികളെയും പ്രാദേശിക പ്രശ്നപരിഹാരത്തിനായി പ്രായോഗിക സമീപനത്തിലൂടെ സ്വീകരിക്കുന്നതായിരിക്കണം സമഗ്ര ശിശു വികസന പദ്ധതി.

കുട്ടികളുടെ സമഗ്ര വികസനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള ഒരു മാർഗരേഖ സർക്കാർ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുവടെ ചേർക്കുന്ന മേഖലകളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാവുന്നതാണ്.

### 5.3 ആരോഗ്യമേഖല

- ഗർഭിണികൾക്കു അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഉറപ്പാക്കുകയും അപകടാവസ്ഥയിലുള്ള ഗർഭിണികൾക്ക് പ്രത്യേക പരിരക്ഷയും ഉറപ്പാക്കുക.
- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിരക്ഷ.
- 100% പ്രതിരോധ കുത്തിവെപ്പ് നടത്തുക.
- ഗുരുതരമായ വളർച്ചകുറവ് നേരിടുന്ന കുട്ടികൾക്ക് ചികിത്സ, പോഷക ഭക്ഷണം ലഭ്യമാക്കുക.
- കുട്ടികൾക്കായി കാലേകൂട്ടിയുള്ള വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- പിന്നോക്കാവസ്ഥയിലുള്ളപ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അടിയന്തര ചികിത്സ നൽകാൻ ഉതകുന്ന തരത്തിലേക്ക് സൗകര്യം ഉയർത്തിക്കൊണ്ടുവരിക.
- പി.എച്ച്.സി/ സി.എച്ച്.സി യിൽ ബാല സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക.
- അമ്മമാർ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കു പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നൽകുക.

#### 5.3.1 ശുചിത്വം

എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് പിന്നോക്ക മേഖലകളിലും അങ്കണവാടികളിലും സ്കൂളുകളിലും അനുയോജ്യമായ ശുചിത്വ സംവിധാനങ്ങളും ശുദ്ധജല വിതരണവും ഏർപ്പെടുത്തുക.

#### 5.3.2 പോഷകാഹാരം

- അർഹതപ്പെട്ട എല്ലാവർക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. കൗമാരക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക പദ്ധതി.
- എല്ലാ സ്കൂളുകളിലും ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഉച്ച ഭക്ഷണ പരിപാടി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- കൗമാരപ്രായക്കാരായ കുട്ടികളിലെ വിളർച്ച ഇല്ലാതാക്കുന്നതിന് IFA (Iron) ഗുളിക വിതരണവും ഉപയോഗവും ഉറപ്പുവരുത്തുക.

#### 5.3.3 വിദ്യാഭ്യാസം

- മൂന്നു മുതൽ അഞ്ചു വയസ്സുവരെയുള്ള എല്ലാ കുട്ടികളും പ്രീസ്കൂളിൽ ചേർന്നിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക
- അഞ്ച് വയസ്സ് പൂർത്തീകരിച്ച മുഴുവൻ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒരു കുട്ടിയും പഠനം ഇടയ്ക്കുവച്ച് നിർത്തുന്നില്ലെന്നും ഉറപ്പുവരുത്തുക.

- എല്ലാ വിദ്യാലയങ്ങളുടെ പരിസരവും പുകയില, മദ്യം, മയക്കുമരുന്ന് വിമുക്ത പ്രദേശമായി പ്രഖ്യാപിക്കുകയും സ്കൂൾ ആരോഗ്യ പരിശോധനാ പരിപാടി ക്രമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- ഗുണനിലവാരമുള്ള ബാലസൗഹൃദപരവുമായ വിദ്യാലയ ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക പ്രാധാന്യം കൊടുക്കുക.

### 5.3.4 സാമൂഹ്യ സുരക്ഷിതത്വം

- അതിക്രമങ്ങൾ, പീഡനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും എല്ലാ കുട്ടികൾക്കും പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- കുട്ടികളുടേയും വനിതകളുടെയും അവകാശങ്ങളും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പരിപാടികളും സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.
- വാർഡ് തലത്തിലും നഗരസഭാ തലത്തിലും ജാഗ്രതാ സമിതി പ്രവർത്തനം ശക്തിപ്പെടുത്തുക.
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുകയും അവർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുക.
- പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന കുട്ടികൾക്കായുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക.
- തീരദേശ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ കുട്ടികൾ, നിത്യ രോഗബാധിതരായ കുട്ടികൾ, അതിഥി തൊഴിലാളികളുടെ കുട്ടികൾ, ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ തുടങ്ങിയ എല്ലാ വിഭാഗം കുട്ടികളുടേയും ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക.

### 5.4 പങ്കാളിത്തം

- നഗരസഭാ തലങ്ങളിൽ കുട്ടികൾക്ക് പൊതു കളിസ്ഥലവും കുട്ടികളുടെ പാർക്കുകളും സ്ഥാപിക്കുക.
- സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തത്തോടെയും പ്രാദേശിക ക്ലബ്ബുകളുടെ സഹായത്തോടെയും എല്ലാ കുട്ടികൾക്കും നീന്തൽ, സൈക്ലിങ്. യോഗ പരിശീലനങ്ങൾ നൽകുക.
- കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ബാലസഭ ബാല സമിതി, ബാല പഞ്ചായത്ത് പ്രവർത്തനം എല്ലാ നഗരസഭകളിലും പ്രവർത്തനക്ഷമം ആക്കുക.
- വാർഡ് തോറും വർഷത്തിൽ രണ്ട് തവണയെങ്കിലും കുട്ടികളുടെ വാർഡ് സഭ സംഘടിപ്പിക്കുക.

### 5.5 പശ്ചാത്തല സൗകര്യം

- കുട്ടികൾ എത്തുന്ന പൊതുസ്ഥലങ്ങളിൽ എല്ലാം കുട്ടികൾക്ക് ആവശ്യമായതും അനുയോജ്യമായതുമായ സൗകര്യങ്ങളും സംവിധാനങ്ങളും തടസ്സ

വിമുക്ത സൗകര്യങ്ങളും ഉറപ്പാക്കുക. പ്രത്യേകിച്ചും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സൗഹൃദപരമായവ സൃഷ്ടിക്കുക.

- കുട്ടികളുടെ പൊതു ഇടങ്ങൾ എല്ലാം ബാലസൗഹൃദ ഇടങ്ങളായി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- കുട്ടികൾക്കായുള്ള എല്ലാ സേവനങ്ങളുടെയും ഗുണമേന്മ ഉറപ്പു വരുത്തുക. അർഹതയുള്ള എല്ലാവർക്കും സേവനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- കുട്ടികൾക്കു വേണ്ടി നൽകുന്ന എല്ലാ സേവനങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ നഗരസഭയിൽ പ്രസിദ്ധപ്പെടുത്തുകയും പരസ്യബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.

ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി എല്ലാ സ്റ്റാൻഡിങ് കമ്മിറ്റികളും ചർച്ച ചെയ്ത് വിവിധ കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ ഉപയോഗപ്പെടുത്തി തയ്യാറാക്കപ്പെടേണ്ടതാണ് സമഗ്ര ശിശു വികസന പദ്ധതി. ഇതിനായി ഉപയോഗപ്പെടുത്താവുന്ന പ്രധാന പദ്ധതികൾ പ്രതിപാദിക്കാം.

## ശിശു വികസനവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളും സംവിധാനങ്ങളും

### 5.6 സംയോജിത ശിശു വികസന പദ്ധതി (ICDS)

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ 1975ൽ തുടക്കം കുറിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന പദ്ധതി. നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന ബൃഹത്തായ പദ്ധതിയാണിത്. സമഗ്ര ശിശു വികസനത്തിന് അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേ സമയം ഒരേ സ്ഥലത്ത് ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട ഫലങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

#### 5.6.1 പദ്ധതിയുടെ ലക്ഷ്യങ്ങൾ

- 6 വയസ്സ് വരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
- ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
- ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
- ശിശുവികസനത്തിന് അനുയോജ്യമായ രീതിയിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നിർവഹണത്തിലും ഏകോപനം സാധ്യമാക്കുക.
- ശിശുക്കളുടെ ആരോഗ്യം പോഷകാവശ്യകത തുടങ്ങിയവ മനസ്സിലാക്കാനുള്ള അമ്മമാരുടെ കഴിവ് വർധിപ്പിക്കുക.

### 5.6.2 ഗുണഭോക്താക്കൾ

- ആറു വയസിനു താഴെ പ്രായമുള്ള കുട്ടികൾ
- ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
- കൗമാര പ്രായക്കാരായ പെൺകുട്ടികൾ
- 18 നും 45 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾ

### സേവനങ്ങൾ

- അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം
- അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം
- ആരോഗ്യ പരിശോധന
- റഫറൽ സർവീസസ്
- ആരോഗ്യ പ്രതിരോധ കുത്തിവയ്പും ചികിത്സയും
- ആരോഗ്യ പോഷണ വിദ്യാഭ്യാസം

## 5.7 അങ്കണവാടി പ്രവർത്തനങ്ങൾ

### 5.7.1 അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം

അങ്കണവാടികളിൽ എത്തുന്ന മൂന്ന് മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നു.രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെയാണ് അങ്കണവാടി പ്രവർത്തന സമയം. ശൈശവകാല പരിചരണവും വിദ്യാഭ്യാസവും വികസനവും അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസമാണ് ഇവിടെ നൽകുന്നത്.

### 5.7.2 രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ആറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ, ഡിഫ്തീരിയ, വില്ലൻ ചുമ, ടെറ്റനസ്, ടൈഫോയ്ഡ്, ടി.ബി, അഞ്ചാം പനി, ഹെപ്പറ്റൈറ്റിസ്ബി എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവെപ്പുകൾ നൽകിവരുന്നു. രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സെപ്റ്റംബർ ഒന്നു മുതൽ ഏഴുവരെ പോഷകാഹാര വാരവും സെപ്റ്റംബർ ഏഴിന് ലോകാരോഗ്യ ദിനവും ആചരിച്ചുവരുന്നു

### 5.7.3 അനുപൂരക പോഷകാഹാരപദ്ധതി

അനുപൂരക പോഷകാഹാര പദ്ധതിയാണ് സംയോജിത ശിശു വികസന പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്ന്. ഈ പദ്ധതിയുടെ ഭാഗമായി ആറു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കു അങ്കണവാടികൾ വഴി പോഷകാഹാരം നൽകിവരുന്നു.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കേരളത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് കൈമാറി നൽകിയിട്ടുണ്ട്. മൂന്ന് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വീടുകളിലേക്ക് കൊടുത്തു വിടുന്നുണ്ട്. അങ്കണവാടികളിൽ പ്രീസ്കൂൾ കുട്ടികൾക്കു രാവിലെ പ്രഭാത ലഘുഭക്ഷണം, ഉച്ചഭക്ഷണം വൈകുന്നേരം ജനറൽ ഫീഡിങ് എന്നിങ്ങനെ

മൂന്നു നേരം ഭക്ഷണം നൽകി വരുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കും പോഷകാഹാരം നൽകി വരുന്നു. ഈ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തി തങ്ങളുടെ നഗര സഭാ പരിധിക്കുള്ളിൽ പോഷകാഹാരക്കുറവുള്ള കുട്ടികൾ ജനിക്കുന്നില്ലാ യെന്നും ജീവിക്കുന്നില്ലായെന്നും ഉറപ്പുവരുത്താൻ നഗരസഭയ്ക്ക് കഴിയണം.

### 5.7.4 കുമാരി ക്ലബ്

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്രവികസനത്തിന് സഹാ യകമാകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

### 5.7.5 അങ്കണവാടി മോണിറ്ററിഗ് & സപ്പോർട്ടിംഗ് കമ്മിറ്റി

ഓരോ വാർഡ് കൗൺസിലറും ചെയർപേഴ്സൺ ആയ അതതു വാർഡിലെ അങ്കണവാടിതല കമ്മിറ്റി ആണിത്. അങ്കണവാടികളുടെ പ്രവർത്തനം നിര ന്തരം നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യേണ്ട സ്ഥാപനതല സമിതിയാണ് അങ്കണവാടി മോണിറ്ററിങ് & സപ്പോർട്ടിംഗ് കമ്മിറ്റി. അങ്കണവാടി പ്രവർത്തനങ്ങൾ കാര്യ ക്ഷമവും സുതാര്യവും ജനകീയവും ആക്കേണ്ട ചുമതല ഈ കമ്മിറ്റിക്കാണ്. എല്ലാമാസവും അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി യോഗം ചേരേണ്ടതാണ്. അങ്കണവാടികളുടെ പ്രവർത്തനം സോഷ്യൽ ഓഡി റ്റിലൂടെ വിലയിരുത്തപ്പെടണം.

ഒരു നഗരസഭയിലെ മുഴുവൻ അങ്കണവാടികളുടെയും മേൽനോട്ട ചുമതല ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. അങ്കണവാടികളുടെ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ് പരിഹരിക്കൽ, നവീകരണം, പോഷ കാഹാര വിതരണം, പ്രീസ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ, അങ്കണവാടി പ്രവർത്തകരുടെ കാര്യക്ഷമതയും ഉത്തരവാദിത്വബോധവും നിരീക്ഷിക്കൽ എന്നിവയെല്ലാം നഗരസഭകളുടെ ചുമതലയിൽ ഉൾപ്പെടുന്നു.

## 5.8 ബഡ്സ് സ്കൂൾ

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, പകൽ സമയ പരിചരണം, തൊഴിൽപരിശീലനം എന്നിവയ്ക്കായി നഗരസ ഭയ്ക്കു ബഡ്സ് സ്കൂൾ ആരംഭിക്കാവുന്നതാണ്.

### പ്രധാന നിബന്ധനകൾ

- 25 കുട്ടികളെങ്കിലും ഒരു സ്കൂളിൽ ഉണ്ടായിരിക്കണം
- 10 കുട്ടികൾക്ക് ഒരു പരിശീലനം ലഭിച്ച അധ്യാപിക
- 15 കുട്ടികൾക്ക് ഒരു ആയ
- 1000 ച.അടി കെട്ടിടം, 15 സെന്റ് സ്ഥലം എന്നിവ ഉറപ്പാക്കണം
- വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ
- ചെലവുകൾ നഗരസഭ വഹിക്കണം

നഗരസഭയ്ക്ക് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ നിബന്ധനകൾക്കു വിധേയമായി ആരംഭിക്കാവുന്നതാണ്.

### 5.9 ചൈൽഡ് ലൈൻ

കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിനു കീഴിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന അടിയന്തിര ഫോൺ സേവനം (1098) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് അടിയന്തരഘട്ടങ്ങളിൽ സഹായം ഉറപ്പു വരുത്തുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലും ചൈൽഡ് ലൈൻ സേവനം ലഭ്യമാണ്.

### 5.10 ബാലാവകാശങ്ങൾ

ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര ഉടമ്പടി അനുച്ഛേദം 19 പ്രകാരം 'മാതാപിതാക്കളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ ഉണ്ടാകുന്ന അതിക്രമങ്ങൾ, ചൂഷണം, അവഗണന എന്നിവയിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം ഭരണകൂടം ഉറപ്പുവരുത്തണം'.

മേൽ ഉടമ്പടി അനുച്ഛേദം 34 പ്രകാരം 'ലൈംഗിക ചൂഷണങ്ങളിൽ നിന്നും പരിരക്ഷ നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണ്'.

ഭാരതത്തിന്റെ ഭരണഘടനയുടെ 15(3) അനുച്ഛേദം കുട്ടികൾക്കു പ്രത്യേക പരിരക്ഷ നൽകുന്ന വ്യവസ്ഥകൾ ഉണ്ടാക്കുവാൻ രാഷ്ട്രത്തെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംരക്ഷണം കുട്ടികളുടെ മൗലികാവകാശമാണ്. ഇതോടൊപ്പം തന്നെ കുട്ടികളെ ഇളംപ്രായത്തിൽ ഒരുവിധത്തിലും ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനും ആരോഗ്യകരമായ രീതിയിൽ അവരുടെ വികാസം ഉറപ്പാക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ഭരണഘടനയിലുണ്ട്. കുട്ടികളെ അങ്ങേയറ്റം ശ്രേഷ്ഠവും പ്രധാനപ്പെട്ടതുമായ മുതൽക്കൂട്ടായി പ്രഖ്യാപിക്കുകയും അത് അംഗീകരിച്ചു കുട്ടികൾക്കായി ഒരു ദേശീയ നയ പ്രഖ്യാപനം നടത്തുകയും ചെയ്ത രാജ്യമാണ് നമ്മുടേത്.

കുട്ടികളുടെ സമഗ്രവികാസവും സുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ടത് രാജ്യത്തിന്റെ പ്രഥമ കർത്തവ്യമാണ്. കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും തുല്യ അവസരം നൽകണമെന്ന് കുട്ടികളുടെ ദേശീയനയം പ്രഖ്യാപിക്കുന്നു. ആയതിനാൽ സംരക്ഷണവും അന്തസ്സും ഉറപ്പുവരുത്തിക്കൊണ്ട് വേർതിരിവും വിവേചനവും ഇല്ലാത്ത സന്തോഷകരമായ കുട്ടിക്കാലം ഓരോ കുട്ടിയുടെയും അവകാശമാണ്.

ഇതിനുപുറമേ 'ബാലാവകാശങ്ങൾ' എന്നപേരിൽ ഒരുകൂട്ടം അവകാശങ്ങൾ കുട്ടികൾക്കായി നിലവിലുണ്ട്. കുട്ടികളുടെ അതിജീവനം, ആരോഗ്യം, സംരക്ഷണം, വികസനം, വിദ്യാഭ്യാസം, പങ്കാളിത്തം എന്നീ അടിസ്ഥാന ആവശ്യങ്ങൾക്കു പ്രത്യേക പ്രാതിനിധ്യം നൽകുന്നു ഐക്യരാഷ്ട്ര സഭ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടി.

കുട്ടികളുടെ അവകാശങ്ങളിൽ അധിഷ്ഠിതമായ സമഗ്രവികസന പരിപാടികൾക്കു നഗര ഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. കുട്ടികളുടെ അവകാശ സംരക്ഷണത്തിലൂന്നിയ ശിശു സൗഹൃദ പ്രാദേശിക ഭരണം എന്നതിനെ അടിസ്ഥാനമാക്കി കില തയ്യാറാക്കിയ 'ബാലസൗഹൃദ തദ്ദേശഭരണം' എന്ന പുസ്തകത്തിൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 6
# വനിതാ വികസനവും തുല്യനീതിയും

**ആമുഖം**

സ്വാതന്ത്ര്യം കിട്ടി മുക്കാൽ നൂറ്റാണ്ട് ആകുവാൻ പോകുന്ന ഈ ഘട്ടത്തിലും ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ പല മേഖലകളിലും പിന്നണിയിൽ തന്നെയാണ്. രാജ്യത്തിന്റെ മൊത്തത്തിലുള്ള വളർച്ച തോതിനെ അപേക്ഷിച്ച് വിവിധ മേഖലകളിൽ സ്ത്രീകളുടെ വളർച്ച നിലവാരം പുരുഷനെ അപേക്ഷിച്ച് തുലോം താഴെയാണ്. ഈ സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മാത്രമേ വനിതാ വികസനത്തെയും തുല്യനീതിയേയും പറ്റിയുള്ള ഏതു ചർച്ചയും സ്വാർത്ഥകം ആവുകയുള്ളൂ.

പ്രാകൃത ജീവിതാവസ്ഥയിൽ നിന്നും മനുഷ്യൻ മുന്നോട്ട് നീങ്ങിയ കാലം മുതൽ ആരംഭിച്ചതാണ് സമൂഹത്തിലെ സ്ത്രീപുരുഷ അസമത്വം. സ്വകാര്യ സ്വത്തിന്റെ ഉടമസ്ഥത ആദ്യകാല സമൂഹങ്ങളിൽ മിക്കവാറും പുരുഷനായിരുന്നു. ഈ ഉടമസ്ഥത ഉപയോഗിച്ചുകൊണ്ടാണ് പുരുഷൻ സമൂഹത്തിനുമേൽ തന്റെ മേധാവിത്വം സ്ഥാപിച്ചെടുത്തത്. എന്നാൽ ഈ അവസ്ഥക്കെതിരെ സ്ത്രീകളുടെ പോരാട്ടത്തിനും അത്രത്തോളം തന്നെ പഴക്കമുണ്ട്. ആ പോരാട്ടങ്ങൾ ആദ്യ സമൂഹങ്ങളിൽ തീരെ കുറഞ്ഞ അളവിൽ ആയിരുന്നെങ്കിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അത് വളരെ ഉയർന്ന തലത്തിൽ എത്തി. അതിന്റെ സ്വാഭാവിക പ്രതികരണമായിരുന്നു 1913 മുതൽ എല്ലാ വർഷവും മാർച്ച് എട്ടിന് ആചരിക്കുന്ന അന്താരാഷ്ട്ര വനിതാ ദിനം. ആ പോരാട്ടം ഇപ്പോഴും വേണ്ടത്ര വിജയിച്ചിട്ടില്ല എന്നതുകൊണ്ടാണ് വനിതാ ദിനം ആരംഭിച്ച് 115 വർഷത്തിന് ശേഷവും തുല്യനീതിയെപ്പറ്റി നമുക്ക് ചർച്ച ചെയ്യേണ്ടി വരുന്നത്.

ഇന്ത്യയിലാകട്ടെ നമ്മുടെ ഭരണഘടന ഇന്ത്യൻ സ്ത്രീകൾക്ക് എല്ലാ രംഗങ്ങളിലും പുരുഷന്മാരോടൊപ്പം തുല്യതയും അവകാശങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ ഇത് എത്രത്തോളം യാഥാർത്ഥ്യം ആയിട്ടുണ്ട്? സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള പോരാട്ടങ്ങളുടെയും മുന്നേറ്റ

ങ്ങളുടെയും ഫലമായി കുറെ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്.

ഭരണഘടനയുടെ 73, 74 ഭേദഗതികളോടെ തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളിൽ സ്ത്രീകൾക്ക് ഉയർന്ന പ്രാതിനിധ്യം ഉറപ്പു വരുത്തപ്പെട്ടു. ഇതുവഴി പ്രാദേശിക ഭരണ തലങ്ങളിൽ സ്ത്രീ സമത്വം എന്ന ആശയം കൂടുതൽ ചർച്ച ചെയ്യപ്പെടുകയും അതുവഴി രാഷ്ട്രീയമുൾപ്പെടെയുള്ള സാമൂഹിക മേഖലക ളിൽ കൂടുതൽ ഇടപെടാൻ അവർക്ക് അവസരം ലഭ്യമാവുകയും ചെയ്തു. എന്നാൽ ഇതിനൊക്കെ ശേഷവും ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ പല മേഖലകളിലും പിന്നണിയിൽ തന്നെയാണ്. രാജ്യത്തിന്റെ മൊത്തത്തിലുള്ള വളർച്ചാ തോതിനെ അപേക്ഷിച്ച് വിവിധ മേഖലകളിൽ സ്ത്രീകളുടെ വളർച്ച നിലവാരം പുരുഷനെ അപേക്ഷിച്ച് തുലോം താഴെയാണ്. ഈ പശ്ചാത്തല ത്തിൽ നിന്നുകൊണ്ട് മാത്രമേ വനിതാ വികസനത്തെയും തുല്യനീതിയേയും പറ്റിയുള്ള ഏതു ചർച്ചയും സാർത്ഥകമാവുകയുള്ളൂ.

## 6.1 നഗര ജീവിതവും സ്ത്രീകളും

2011ലെ സെൻസസ് അനുസരിച്ച് ഇന്ത്യൻ ജനസംഖ്യയിൽ 48.5% സ്ത്രീക ളാണ്. ഗ്രാമങ്ങളിലെ അടഞ്ഞ അവസ്ഥയിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യൻ നഗരത്തിലെ സ്ത്രീകൾക്ക് കുറെയേറെ തുറന്ന സാമൂഹിക മേഖലകൾ നില വിലുണ്ട്. എന്നാൽ ജീവിതത്തിന്റെ വിവിധ തലങ്ങളിലെ സ്ത്രീപങ്കാളിത്തം ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരത്തിൽ കുറവായിട്ടാണ് കാണുന്നത്. സ്ത്രീ പുരുഷ അനുപാതം ഗ്രാമങ്ങളിൽ 1000 പുരുഷന്മാർക്ക് 949 സ്ത്രീകൾ ഉണ്ടെ ങ്കിൽ നഗരത്തിൽ 929 മാത്രമാണ്. രാജ്യ തലത്തിൽ 19 വയസ്സ് വരെയുള്ളവ രുടെ കാര്യത്തിൽ 1000 പുരുഷന്മാർക്ക് 908 സ്ത്രീകൾ മാത്രം ഉള്ളപ്പോൾ 60 വയസ്സിന് മുകളിലുള്ളവരുടെ കാര്യത്തിൽ 1033 സ്ത്രീകളുണ്ട്. ഇത് കാണി ക്കുന്നത് പുതിയകാലത്ത് ലഭ്യമായ ശാസ്ത്ര സൗകര്യങ്ങൾ പെൺകുട്ടിക ളുടെ ജനനം തടയുന്നതിന് ഉപയോഗിക്കപ്പെടുന്നു എന്നതാണ്.

തൊഴിൽ പങ്കാളിത്തത്തിൽ ഗ്രാമീണ തലത്തിൽ സ്ത്രീ പങ്കാളിത്തം 30% ഉണ്ടെങ്കിൽ നഗരത്തിൽ അത് 15.4% മാത്രമാണ്. സ്വയംതൊഴിൽ ചെയ്യുന്ന വരായി തൊഴിലെടുക്കുന്ന ഗ്രാമീണ സ്ത്രീകളിൽ 59.3% പേർ ഉള്ളപ്പോൾ നഗരങ്ങളിൽ ഇത് 42.8% മാത്രമാണ്. അതുപോലെ തൊഴിലെടുക്കുന്ന സ്ത്രീ കളുടെ സാമൂഹ്യ സുരക്ഷിതത്വ പാർപ്പിട പ്രശ്നവും നഗരങ്ങളിൽ കൂടുതൽ സങ്കീർണ്ണമാണ്. അതേസമയം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നഗരത്തിലെ സ്ത്രീകൾ ഗ്രാമീണ ഇന്ത്യൻ സ്ത്രീകളേക്കാൾ വളരെ മുന്നിലാണ്.

## 6.2 സുരക്ഷ, പാർപ്പിടം, ഉപജീവനമാർഗ്ഗം

അണുകുടുംബ വ്യവസ്ഥിതിയിലേക്ക് സമൂഹം മാറിയതോടെ കുടുംബം പുലരണമെങ്കിൽ ഭാര്യയും ഭർത്താവും അധ്വാനിക്കണം എന്ന സാമൂഹ്യാ വസ്ഥ വന്നു ചേർന്നിട്ടുണ്ട്. ഇതോടൊപ്പം ഉയർന്ന വിദ്യാഭ്യാസ നിലവാരം കൂടി ചേർന്നപ്പോൾ തൊഴിൽ മേഖലയിലേക്ക് വലിയതോതിൽ സ്ത്രീകൾ കടന്നുവരുന്നുണ്ട്. എന്നാൽ പരമ്പരാഗത സ്ത്രീ സങ്കൽപങ്ങളിൽ നിന്ന് മാറി ചിന്തിക്കാൻ പുതുകാലത്തിലും പുരുഷ സമൂഹത്തിൽ ഭൂരിപക്ഷവും

തയ്യാറാവുന്നില്ല. സ്വത്ത് വ്യവസ്ഥയും അഭിപ്രായ രൂപീകരണവും ഇപ്പോഴും മിക്കവാറും പുരുഷ സമൂഹത്തിന്റെ കുത്തകയാണ്. ഇതിനെ മറികടക്കാനുള്ള അവകാശ ബോധത്തിലേക്ക് സ്ത്രീസമൂഹം എത്തിയിട്ടുമില്ല. ഈ തെറ്റായ ലിംഗ ബോധം സ്ത്രീകൾക്ക് ഗൗരവപ്പെട്ട പല തൊഴിൽ മേഖലകളും നിരോധിക്കാൻ കാരണമാവുന്നു. അതേസമയം സ്ത്രീകൾ ചെയ്യുന്ന ഗൃഹ ജോലി പോലുള്ള പല കാണാപണികൾക്കും സമൂഹത്തിൽ പ്രാധാന്യം ലഭിക്കുന്നുമില്ല. നഗരഗ്രാമ വ്യത്യാസമില്ലാതെ ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്. എന്നാൽ പാർപ്പിടത്തിന്റെയും സുരക്ഷിതത്വത്തിന്റെയും പ്രശ്നങ്ങൾ ഗ്രാമീണ സ്ത്രീകളെക്കാൾ കൂടുതൽ നേരിടേണ്ടിവരുന്നത് നഗരവാസികളായ സ്ത്രീകൾക്കാണ്. ഗ്രാമത്തിൽ പരമ്പരാഗത കുടുംബ വ്യവസ്ഥയിൽ ദരിദ്ര സ്ത്രീകൾക്കു പോലും ഒരു തരം സാമൂഹ്യ സുരക്ഷിതത്വം ലഭ്യമാകുന്നുണ്ട്.

ജനസംഖ്യയുടെ കുറവും ഗ്രാമവാസികൾ എല്ലാവരും തന്നെ പരസ്പരം അറിയുന്നവരാണെന്നതും ഇതിനൊരു കാരണമാകാം. എന്നാൽ നഗരത്തിൽ ജനസംഖ്യ വളരെ ഉയർന്നതും പരസ്പരം ഉള്ള പരിചയം കുറവുമാണ് പ്രശ്നം. ഗ്രാമങ്ങളിൽനിന്ന് നഗരത്തിലെത്തുന്ന ദരിദ്ര കുടുംബങ്ങൾ ഏതെങ്കിലും ചേരിയിൽ വന്നടിയുകയാണ് ചെയ്യുന്നത്. അവിടെ അടച്ചുറപ്പുള്ള താമസവും സാമൂഹ്യസുരക്ഷയും പലപ്പോഴും വെറും ആഗ്രഹം മാത്രമായി മാറുന്നു. പുരുഷാധിപത്യത്തിൽ ഊന്നിയ നഗരത്തിലെ അധോലോക മാഫിയ സംഘങ്ങളും സ്ത്രീസുരക്ഷയ്ക്ക് പലപ്പോഴും ഭീഷണിയാവുകയാണ് ചെയ്യുന്നത്.

### 6.3 വനിതാ ഘടക പദ്ധതി

മേൽസൂചിപ്പിച്ച സ്ത്രീകളുടെ ഇന്ത്യൻ അവസ്ഥ വിവിധ മേഖലകളിൽ ഏറിയും കുറഞ്ഞും കേരളത്തിനും ബാധകമാണ്. ലിംഗ പദവിയെ സംബന്ധിച്ച് പ്രാഥമിക സൂചകങ്ങളിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്. 2001ലെ സെൻസസ് കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ ശിശുമരണ നിരക്ക് 1000 പേർക്ക് 80 ആണെങ്കിൽ കേരളത്തിൽ 13 ആണ് (ഇപ്പോൾ ഏഴ് ആയിട്ടുണ്ട്). സ്ത്രീകളുടെ ആയുർദൈർഘ്യം ഇന്ത്യൻ ശരാശരി 63 ആണെങ്കിൽ കേരളത്തിലാകെ 72 ആണ് (ഇപ്പോൾ 77). ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന ദമ്പതികളുടെ ഇന്ത്യൻ ശരാശരി 43 ആണെങ്കിൽ കേരളത്തിൽ അത് 80 ശതമാനമാണ് (എന്നാൽ ഇതിന്റെ ഭാരം പേറേണ്ടി വരുന്നത് കൂടുതലും സ്ത്രീകളാണെന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്).

അതേസമയം ദ്വിതീയ സൂചകങ്ങളുടെ കാര്യത്തിൽ ഈ മുന്നേറ്റം കേരളത്തിൽ കാണാൻ കഴിയുന്നില്ല. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 15 ശതമാനത്തിൽ താഴെ നിൽക്കുമ്പോൾ അതിന്റെ അഖിലേന്ത്യ ശരാശരി 22.23 ശതമാനമാണ്. സ്ത്രീകളുടെ ഈ തൊഴിൽ പങ്കാളിത്ത കുറവിന്റെ പ്രതിഫലനമാണ് കേരളത്തിലെ 'വീട്ടമ്മ വൽക്കരണ'ത്തിന്റെ വർദ്ധനവിൽ പ്രതിഫലിക്കുന്നത്. 1961ൽ ഗാർഹിക ജോലികളിൽ മാത്രം ഏർപ്പെട്ടിരുന്ന സ്ത്രീകൾ 16 ശതമാനമായിരുന്നെങ്കിൽ 1999ൽ അത് 32 ശതമാനമായി വർദ്ധിക്കുകയാണ് ചെയ്തത്. കുടുംബത്തിൽ നിർണായക തീരുമാനങ്ങൾ എടു

ക്കുന്നതിൽ സ്ത്രീകൾക്കുള്ള സ്ഥാനം കേരളത്തിന്റെത് തമിഴ്നാട് തുടങ്ങിയ പല സംസ്ഥാനങ്ങൾക്കും താഴെയാണ്. ഉള്ളിലും പുറത്തും നടക്കുന്ന രജിസ്റ്റർ ചെയ്ത അക്രമങ്ങളുടെ കാര്യത്തിൽ കേരളം പല സംസ്ഥാനങ്ങളേക്കാൾ മുന്നിലുമാണ്. ഇതോടൊപ്പം കേരളത്തിലെ വിവാഹങ്ങളിൽ സ്ത്രീധന സമ്പ്രദായവും സ്ത്രീധന നിരക്കും വർധിക്കുന്നതും ഇതോടൊപ്പം ചേർത്തുവായിക്കണം.

ഈ ദ്വിതീയ സൂചകങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണങ്ങൾ ഒന്ന് രാഷ്ട്രീയ പങ്കാളിത്തത്തിലെ കുറവും രണ്ടാമത്തേത് സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥയും ആണ്. 1993ലെ എഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയോടെ തദ്ദേശ സ്വയം ഭരണ രംഗത്തെ സ്ത്രീപങ്കാളിത്തം ഇന്ത്യയിലാകെ നിർബന്ധിതമായി തന്നെ വർദ്ധിക്കപ്പെട്ടു. ഇന്ത്യൻ ശരാശരി 33 1/3% ആണെങ്കിൽ കേരളത്തിൽ ഇന്നത് 50 ശതമാനമായി നിയമപരമായിത്തന്നെ നിശ്ചയിക്കപ്പെട്ടിട്ടുണ്ട് (അതേസമയം കേന്ദ്ര സംസ്ഥാന ഭരണ തലങ്ങളിൽ ഈ വർധനവ് ഇപ്പോഴും നിയമപരമായി ഉറപ്പാക്കപ്പെട്ടിട്ടില്ല) ഈ രാഷ്ട്രീയ പങ്കാളിത്തവർദ്ധനവ് സ്ത്രീ ശാക്തീകരണത്തിന് പ്രേരകമാകുന്നുണ്ട്. 1996ൽ കേരളത്തിൽ നടപ്പാക്കി തുടങ്ങിയ ജനകീയാസൂത്രണ പ്രസ്ഥാനം രണ്ടാമത് പറഞ്ഞ സാമ്പത്തികസാമൂഹ്യ പിന്നോക്കാവസ്ഥ മുറിച്ചു കടക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുന്നുണ്ട്. അതിൽ പ്രധാനമാണ് വനിതാ ഘടക പദ്ധതി. ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച ഒമ്പതാം പദ്ധതിയിൽ തന്നെ ഓരോ വർഷത്തെയും പദ്ധതി തുകയുടെ 10 ശതമാനം വനിതാ ഘടക പദ്ധതിക്കായി മാറ്റിവെക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ പദ്ധതിയിലൂടെ പ്രധാനമായും താഴെ പറയുന്നവയ്ക്കാണ് ഊന്നൽ നൽകേണ്ടത്.

സ്ത്രീകളുടെ,

- തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുള്ള പരിപാടികൾ
- വിദ്യാഭ്യാസ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ
- അതിക്രമങ്ങൾ, പീഡനം എന്നിവ തടയുന്നതിനുള്ള പരിപാടികൾ
- വിവേചനം തടയുന്നതിനുള്ള പരിപാടികൾ

## 6.4 സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന പൊതു വികസന പ്രവർത്തനങ്ങൾ

ഇതിനു പുറമേ നഗരസഭയുടെ മറ്റു സ്ത്രീ അനുകൂല പ്രോജക്ടുകൾ, സർക്കാർ, സർക്കാർ ഇതര ഏജൻസികൾ കുടുംബശ്രീ തുടങ്ങിയവ മുഖേന നടപ്പിലാക്കുന്ന പ്രൊജക്ടുകളും വനിതാ ഘടകപദ്ധതികളുമായി സംയോജിപ്പിക്കണം. മിനിമം 10% എങ്കിലും ഈ പദ്ധതിക്ക് നീക്കിവയ്ക്കണം എന്ന് പറയുമ്പോൾ അതിലും അധികം തുക നീക്കി വയ്ക്കുന്നതിനു തടസ്സമൊന്നുമില്ല എന്നുകൂടി അർഥമാവുന്നുണ്ട്.

ഈ പദ്ധതിയുടെ ഇന്നുവരെയുള്ള നടത്തിപ്പ് പല നഗരസഭകളിലും വേണ്ടത്ര ശുഷ്കാന്തിയോടെ ആയിരുന്നു എന്നു പറയാനാവില്ല. പലയിടത്തും

എടുത്ത പ്രോജക്റ്റുകളിൽ ഭൂരിപക്ഷവും ഗുണനിലവാരമില്ലാത്തവയായിരുന്നു. സമൂഹത്തിൽ ഇന്നും നിലനിൽക്കുന്ന പുരുഷാധിപത്യ മനോഭാവമാണ് ഇത്തരം പദ്ധതികളുടെ പരാജയത്തിന് ഹേതുവാകുന്നത്.

## 6.5 സ്ത്രീപദവി പഠനവും അവസരങ്ങളും

ആധുനികകാലത്തെ സ്വീകരണ മുന്നേറ്റങ്ങളോടൊപ്പം രൂപപ്പെട്ട ഒരു പഠനശാഖയാണ് സ്ത്രീപദവി പഠനം. കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി രൂപംകൊണ്ടതിനോടൊപ്പം ആണ് സ്ത്രീപദവി പഠനവും ഗൗരവമായ ആലോചന വിഷയമാകുന്നത്. ഒമ്പതാം പദ്ധതിയുടെ മൂന്നാം വർഷത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിശീലനം നൽകികൊണ്ട് സ്ത്രീപദവി പഠനം നടത്തുന്നതിനുള്ള ശ്രമങ്ങളാരംഭിച്ചു. ആവശ്യമായ കൈ പുസ്തകങ്ങളും മറ്റും ആസൂത്രണബോർഡ് പ്രസിദ്ധീകരിച്ചു.

സ്ത്രീപദവി എന്നത് സങ്കീർണമായ ഒരു പരികൽപ്പനയാണ്. ഒരു സമൂഹത്തിലെ സ്ത്രീകൾക്ക് ഒരു സാമൂഹിക വിഭാഗമെന്ന നിലയിൽ സമൂഹത്തിലെ നിർണായകമായ മേഖലകളിലും സ്വകാര്യവും പൊതുവായ വിഭവങ്ങളിലും സാമൂഹിക പങ്കാളിത്തത്തോടെയുള്ള നിയന്ത്രണാധികാരങ്ങളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് എത്രമാത്രം ഉടമസ്ഥാവകാശം ഉണ്ട്?, സ്വന്തമായി തീരുമാനം എടുക്കാൻ സാധിക്കുമോ? എന്നിവയൊക്കെ കണക്കിലെടുത്തുകൊണ്ടാണ് ഒരു സമൂഹത്തിലെ സ്ത്രീ പദവി കണക്കാക്കുന്നത്. ഈ വസ്തുതകൾ ഒക്കെ സ്ത്രീപദവി പഠനത്തിൽ വിശകലന വിധേയമാകുന്നു. ഒപ്പം പ്രസ്തുത മേഖലയിൽ എല്ലാ സ്ത്രീകളെയും ഉയർത്തിക്കൊണ്ടുവരാൻ ആയി സർക്കാരും തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും നടത്തിയ പ്രവർത്തനങ്ങളുടെ ഗുണദോഷങ്ങളും വിജയപരാജയങ്ങളും വിലയിരുത്തപ്പെടുകയും ചെയ്യും.

## 6.6 ജാഗ്രത സമിതി

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉള്ള ഒരു സമൂഹം കെട്ടിപ്പടുക്കാനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു ഉതകുന്ന സാമൂഹിക സംവിധാനമാണ് ജാഗ്രതാസമിതികൾ. ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- സ്ത്രീകൾക്കും കുട്ടികൾക്കും ഉതകുന്ന സൗകര്യപ്രദമായ ഒരു സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കുക
- സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരാതികൾ സ്വീകരിക്കുക/ പരിഹരിക്കുക
- സ്ത്രീകളും കുട്ടികളും എവിടെയെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്ന് അറിഞ്ഞാൽ സ്വമേധയാ പരാതികളിൽ ഇടപെടുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുക

ഈ സംവിധാനം രണ്ടു തലത്തിൽ പ്രവർത്തിക്കുന്നു. വാർഡ് തലത്തിൽ പ്രാഥമിക സംവിധാനവും അതിനുമുകളിൽ തദ്ദേശഭരണ തല സംവിധാനവും.

### വാർഡ് തലം/ ഡിവിഷൻ തലം

കൺവീനർ കൗൺസിലർ

കോർഡിനേറ്റർ അങ്കണവാടി വർക്കർ

**അംഗങ്ങൾ:**

- എ.ഡി.എസ് ചെയർ പേഴ്സൺ
- സർക്കാർ/ എയ്ഡഡ് തലത്തിലെ ഒരു അധ്യാപിക
- വാർഡുതല ആരോഗ്യ ശുചിത്വ പോഷണസമിതിയുടെ കൺവീനർ
- വാർഡ് സഭ / വാർഡ് കമ്മിറ്റി നിർദേശിക്കുന്ന അഞ്ചുപേർ

### നഗരസഭാ തലം

- ചെയർപേഴ്സൺ നഗരസഭാ ചെയർപേഴ്സൺ
- കൺവീനർ, സെക്രട്ടറി
- മെമ്പർ സെക്രട്ടറി, ഐസിഡിഎസ് സൂപ്പർവൈസർ

**അംഗങ്ങൾ:**

- ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ
- പോലീസ് സ്റ്റേഷൻ മേധാവി
- വനിതാ വക്കീൽ
- നഗരസഭയുടെ പ്രധാന മെഡിക്കൽ ഓഫീസർ
- ഒരു കൗൺസലിങ് വിദഗ്ധ
- സി.ഡി.എസ് ചെയർപേഴ്സൺ
- എസ്.സി വിഭാഗത്തിൽ പെട്ട ഒരു പൊതുപ്രവർത്തക
- സർക്കാർ എയ്ഡഡ് ഹൈസ്കൂളിലെ ഒരു പ്രധാന അധ്യാപിക/ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പാൾ

### ജാഗ്രത സമിതി താഴെപ്പറയുന്ന കാഴ്ചപ്പാടുകളോടെ പ്രവർത്തിക്കേണ്ടതാണ്:

- മനുഷ്യത്വപരമായി സ്ത്രീപക്ഷ സമീപനത്തോടെ കാര്യങ്ങളെ സമീപിക്കണം
- വേഗത്തിൽ പ്രശ്നങ്ങൾ പരിഗണിക്കണം
- കക്ഷികൾക്ക് യാതൊരു ചെലവും വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്
- രഹസ്യമായി സൂക്ഷിക്കേണ്ട പരാതികൾ അതീവരഹസ്യമായി കൈകാര്യം ചെയ്യണം
- കൗൺസലിങ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കണം.

### 6.7 കുടുംബശ്രീ

1991ൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ആരംഭിച്ച ദാരിദ്ര്യനിർമാർജന പദ്ധതിയാണ് കുടുംബശ്രീ സംവിധാനത്തിന്റെ പ്രാഗ്രൂപം. 1998 മെയ് 17ന് അന്നത്തെ പ്രധാനമന്ത്രി ശ്രീ. അടൽ ബിഹാരി വാജ്പേയ് കുടുംബശ്രീ

സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മലപ്പുറത്തു നിർവഹിച്ചു. അതോടെ അത് ഇന്നത്തെ രൂപത്തിലേക്കുള്ള വളർച്ച ആരംഭിച്ചു. ദാരിദ്ര്യ നിർമാർജനത്തിനും സ്ത്രീ ശാക്തീകരണത്തിനും വേണ്ടി നിലകൊള്ളുന്ന കുടുംബശ്രീ സംവിധാനം കേരളത്തിന്റെ സവിശേഷ സംവിധാനമാണ്. താഴെ പറയുന്ന രീതിയിൽ ആണ് അതിന്റെ സംഘടനാ സംവിധാനം.

അയൽക്കൂട്ടം : 10 മുതൽ 20 വരെ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ടങ്ങൾ ആണ് കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാനഘടകം.

### 6.7.1 എ.ഡി.എസ്

വാർഡ് തലത്തിലുള്ള ഭരണസംവിധാനമാണ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി. വാർഡ് പരിധിക്കുള്ളിൽ ഉള്ള ഓരോ അയൽക്കൂട്ടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേർ വീതം അടങ്ങുന്നതാണ് പൊതുസഭ. ഇതിന്റെ ഭരണസമിതി ചെയർപേഴ്സൺ, ഒരു വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നീ ഭാരവാഹികളും ഏഴ് കമ്മിറ്റി അംഗങ്ങളും ഉണ്ടായിരിക്കും. അതോടൊപ്പം ഐസിഡിഎസ് സൂപ്പർവൈസറും, ഒരു റിസോഴ്സ് പേഴ്സണും ഒരു അങ്കണവാടി പ്രവർത്തകയും ഈ സമിതിയിൽ അംഗങ്ങളായിരിക്കും.

### 6.7.2 സി.ഡി.എസ്

നഗരസഭ തലത്തിലുള്ള ഭരണസംവിധാനം ആയ കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ എ.ഡി.എസ്ൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏഴ് പേർ വീതം അംഗങ്ങളാണ്. ഭാരവാഹികളായി ചെയർപേഴ്സൺ, ഒരു വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉണ്ടായിരിക്കും. എല്ലാ എ.ഡി.എസ് മെമ്പർ സെക്രട്ടറിമാരും ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസറും ഒരു റിസോഴ്സ് പേഴ്സണും കമ്മിറ്റി അംഗങ്ങളായിരിക്കും.

### പ്രവർത്തന തലങ്ങൾ

- എല്ലാ അയൽക്കൂട്ട കുടുംബങ്ങളും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിക്കായി പ്രവർത്തിക്കുന്നു.
- പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യനിർമാർജനം, വനിതാ ഘടക പദ്ധതി, സ്ത്രീ ശാക്തീകരണം തുടങ്ങിയ മേഖലകളിൽ നേതൃത്വപരമായ പങ്ക് വഹിക്കുക.
- അയൽക്കൂട്ട തലത്തിൽ മിതവ്യയ സമ്പാദ്യ വായ്പ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനു നേതൃത്വം നൽകുക
- പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്നും സാമൂഹ്യനീതി നടപ്പിൽ വരുത്തുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നതിനു ശ്രമിക്കുക.

### 6.8 ട്രാൻസ് ജെൻഡർ

ട്രാൻസ്ജെൻഡറുകളെ മൂന്നാംലിംഗം ആയി സുപ്രീം കോടതി അംഗീകരിക്കുകയും അവർക്ക് മറ്റ് എല്ലാ പൗരന്മാർക്കും ഉള്ള അവകാശങ്ങളും ഉണ്ടെന്ന്

വ്യക്തമാക്കുകയും ചെയ്തതോടെയാണ് അവരുടെ പ്രശ്നം സമൂഹത്തിൽ സജീവ ചർച്ചയാകുന്നത്. തുടർന്ന് കേരളത്തിൽ ഇന്ത്യയിലാദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം പുറപ്പെടുവിച്ചു.

2016ൽ ട്രാൻസ്ജെൻഡേഴ്സിന് വേണ്ടി ട്രാൻസ്ജെൻഡേഴ്സ് വെൽ ഫെയർ ബോർഡ് രൂപീകരിക്കുകയും അവർക്ക് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു. അതുപോലെ തന്നെ പുതിയതായി രൂപീക രിക്കപ്പെട്ട കൊച്ചി മെട്രോ ട്രെയിൻ പദ്ധതിയിൽ വിവിധ തസ്തികകളിൽ ട്രാൻസ്ജെൻഡേഴ്സ്നെ നിയോഗിക്കാനും സർക്കാർ തയ്യാറാകുകയുണ്ടായി. മറ്റു പല മേഖലകളിലും ഇവർക്കു സഹായകരമായ സമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്.

സർക്കാർ ഈ സമീപനം സ്വീകരിക്കുമ്പോഴും സമൂഹം ഈ വിഭാഗത്തോട് ഇപ്പോഴും പൂർണമായും അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുന്നില്ല. കട്ടപിടിച്ച യാഥാസ്ഥിതിക ചിന്തകൾ അതിനു സമ്മതിക്കുന്നില്ല എന്നതാണ് വസ്തുത എങ്കിലും ഈ സമീപനം മാറുകയും ട്രാൻസ്ജൻഡേഴ്സ് മറ്റെ ല്ലാവരെയും പോലെ അംഗീകരിക്കപ്പെടുകയും ചെയ്യുന്ന കാലം വിദൂരമല്ല.

### 6.9 വയോജന ക്ഷേമം

1957ൽ അധികാരമേറ്റ ഒന്നാമത്തെ കേരള സർക്കാർ മുതൽ ആരംഭിക്കു കയും പുഷ്ടിപ്പെടുത്തുകയും ചെയ്ത കേരളത്തിലെ സാമൂഹ്യക്ഷേമ ആരോഗ്യ പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങളുടെ പ്രതിശീർഷ ആയുസ്സ് വലിയ തോതിൽ ഉയർത്തിയിട്ടുണ്ട്. ഇന്ന് കേരളത്തിലെ പ്രതിശീർഷ ആയുസ്സ് സ്ത്രീ കൾക്ക് 77ഉം പുരുഷന്മാർക്ക് 76ഉം ആണ്. ഇത് പല വികസിത രാജ്യങ്ങൾക്കും മേലെയാണ്. 2011ലെ സെൻസസ് അനുസരിച്ച് 60 വയസ്സ് കഴിഞ്ഞവരുടെ ദേശീയ ശരാശരി 8.5% ആയിരിക്കുമ്പോൾ കേരളത്തിൽ അത് 12.6% ആണ്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് നിലവിൽ കേരള ത്തിലെ 48 ലക്ഷം ആളുകൾ 60 വയസിനു മുകളിലുള്ളവരാണ്. 18 ശതമാനം പേർ 80 വയസ്സും അതിനുമുകളിൽ ഉള്ളവരുമാണ്. 2025 ആകുമ്പോഴേക്കും നമ്മുടെ ജനസംഖ്യയിൽ 20% പ്രായമായവർ ആകും എന്നാണ് പ്രതീക്ഷി ക്കുന്നത്. ഇത് ഒരേസമയം നമുക്ക് നേട്ടവും അതേസമയം അവരുടെ ശരി യായ സംരക്ഷണമെന്ന വെല്ലുവിളിയുമാണ് ഉയർത്തുന്നത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സർക്കാരുകൾ കാലാകാലങ്ങളിൽ പല പദ്ധതികളും വൃദ്ധ ജനങ്ങൾക്കായി രൂപീകരിച്ചിട്ടുണ്ട്.

#### 6.9.1 വയോജന നയം

2006-ൽ കേരള സർക്കാർ ഒരു വയോജന നയം പ്രഖ്യാപിക്കുകയുണ്ടായി. 2013-ൽ ഇത് കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ടു. അതനുസരിച്ച്,

- വയോജനങ്ങളെ സംബന്ധിച്ച് സ്ഥിതിവിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിക്കണം
- വയോജനങ്ങളുടെ പ്രത്യേക ഗ്രാമസഭകൾ വിളിച്ചു കൂട്ടണം
- സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ നയവും കർമ്മ പരിപാ ടിയും തയ്യാറാക്കണം.

പ്രാദേശികമായി സഹായ സമിതികൾ രൂപീകരിക്കണം.
**സഹായ സമിതികൾ :**

- വയോജനങ്ങളുടെ പരാതികൾ കേൾക്കുകയും പരിഹരിക്കുകയും ചെയ്യണം
- നിയമ സഹായം ലഭ്യമാക്കണം
- വയോജന ക്ലബ്ബുകളുടെ പ്രവർത്തനത്തെ സഹായിക്കണം

### 6.9.2 വയോജന ക്ലബ്ബുകൾ

സഹായ സമിതികളുടെ സഹായത്തോടെ രൂപീകരിച്ച് പ്രവർത്തിക്കുന്നു. പകൽവീടുകൾ നടത്തുക വയോജനങ്ങൾക്ക് സഹായകമാകുന്ന മറ്റു മാന സികോല്ലാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക തുടങ്ങിയവയാണ് ചുമതലകൾ.

### 6.10 വയോമിത്രം

- സംസ്ഥാന വയോജന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി വയോജന ങ്ങളുടെ ആരോഗ്യസംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി ക്കൊണ്ട് മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണിത്.
- 65 വയസിനു മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസിലിങ്ങും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു.
- കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു
- ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ചു വീട്ടിൽ എത്തിക്കുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.

### 6.11 പകൽവീട്

ഇതിനായി ഒരു പ്രത്യേക കെട്ടിടം വേണം. വയോജനങ്ങൾക്ക് പകൽ വന്നു ചിലവഴിക്കാവുന്ന വിധമാവണം. വിനോദം വിജ്ഞാനം തുടങ്ങിയവ യ്ക്കുള്ള സംവിധാനം ഇവിടെ ഉണ്ടാകണം. മാസത്തിലൊരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്ക് ഉള്ള സംവിധാനവും ഏർപ്പാടാക്കണം.

### 6.12 വൃദ്ധസദനം

അശരണരായ വയോജനങ്ങൾക്ക് സംരക്ഷണവും പരിചരണവും താമ സസ്ഥലവും നൽകുക എന്നതാണ് വൃദ്ധസദനങ്ങൾ കൊണ്ട് ഉദ്ദേശിക്കു ന്നത്. സർക്കാർ തലത്തിലുള്ള സദനങ്ങൾ പ്രവർത്തിക്കുന്നത് സാമൂഹ്യ നീതിവകുപ്പിന്റെ കീഴിലാണ്. സ്വകാര്യമേഖലയിലും സന്നദ്ധ സംഘടനാ നേതൃത്വത്തിലും സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിലെ സദനങ്ങൾ മിക്കവാറും ഫീസ് വാങ്ങി പ്രവർത്തിക്കുന്നവയാണ്. ഇന്ത്യൻ സമൂഹം ഇപ്പോഴും വൃദ്ധസദനങ്ങളെ പൂർണമായും ഉൾക്കൊണ്ടിട്ടില്ല. സ്വന്തം ഇഷ്ടപ്രകാരം വൃദ്ധസദനങ്ങളിലേക്കു വയോധികർ പോകുന്നത് പോലും

കുടുംബത്തിനു നാണക്കേടായി കരുതുന്നവർ ഇപ്പോഴുമുണ്ട്. ഈ സമീപനം മാറുകയും വയോധികരുടെ മാനസിക ഉല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനും സദനങ്ങളിലെ താമസം ഉതകുമെങ്കിൽ ആ സമ്പ്രദായം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എന്തായാലും ഭാവിയിൽ ഈ സമ്പ്രദായം കൂടുതൽ വിപുലമാകും എന്നത് നിസ്തർക്കമാണ്.

## നിയമവ്യവസ്ഥ

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടേയും ക്ഷേമവും പരിരക്ഷയും ഉറപ്പു വരുത്തുന്ന നിയമം 2007ലും അതിനുതകുന്ന ചട്ടങ്ങൾ 2009-ലും നിലവിൽ വന്നു.

1973-ലെ ക്രിമിനൽ നടപടിക്രമം വകുപ്പ് 125 അനുസരിച്ച് പിതാവിനെയും മാതാവിനെയും സംരക്ഷിക്കാൻ കുടുംബത്തിലെ ഏതൊരു അംഗത്തിനും ഉത്തരവാദിത്വമുണ്ട്. ഇത് പ്രകാരം സംരക്ഷണ ചെലവിനായി കുടുംബ കോടതിയെ സമീപിക്കാനും കഴിയും.

# 7
# മത്സ്യബന്ധനം

### ആമുഖം

വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒരു പ്രകൃതി വിഭവമാണ് മത്സ്യ വിഭവം. മഹാ ഭൂരിപക്ഷത്തിനും മത്സ്യം എന്നാൽ ഒരു ആഹാര പദാർത്ഥ മാണ്. എന്നാൽ ഒരു വിഭാഗം മനുഷ്യർക്ക് അതവരുടെ ജീവനോപാധിയാണ്. ഏറ്റവും സാഹസികവും അപകടകരവുമായ തൊഴിലാണ് മത്സ്യ ബന്ധനം.

കേരളത്തിന്റെ മത്സ്യ മേഖലയെ പ്രധാനമായും രണ്ടായി തിരിക്കാം. കടൽ മേഖലയും ഉൾനാടൻ മത്സ്യ മേഖലയും. ഇതിൽ മത്സ്യബന്ധനം കൂടുതലും കടൽമേഖലയുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. കടലോരത്ത് വസിക്കുന്ന വരുടെ ഉപജീവന മാർഗം മത്സ്യബന്ധനമാണ്. ചില സമുദായങ്ങളെ സംബ ന്ധിച്ചിടത്തോളം കുലത്തൊഴിലാണ് മത്സ്യബന്ധനം.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടു ത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി, വിവിധ കാലങ്ങളായി അവരുടെ തൊഴിലും തൊഴിലുപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ഉണ്ടായി. 1953ലെ ഇൻഡോ നോർവീജിയൻ പ്രോജക്ടിലൂടെയാണ് മത്സ്യ മേഖലയിൽ യന്ത്രവൽക്കരണം ആരംഭിച്ചത്. എണ്പതുകളിലാണ് പരമ്പരാ ഗത മേഖലയിൽ മോട്ടോർ വൽക്കരണം ആരംഭിച്ചത്. സാധാരണ വള്ളങ്ങ ളിൽ (ഉരുക്കൾ) ഔട്ടർ ബോർഡ് എഞ്ചിൻ ഘടിപ്പിച്ചുകൊണ്ടു പരമ്പരാഗത മത്സ്യബന്ധനം യന്ത്രവല്കൃതമാക്കി. പുതിയ തരം വലകൾ, മത്സ്യാകർഷണ വിളക്കുകൾ എന്നിവയും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി.

യന്ത്രവൽക്കരണം മത്സ്യബന്ധന മേഖലയിൽ വലിയ മാറ്റങ്ങൾക്ക് കള മൊരുക്കി. ട്രോളിംഗ്, പേഴ്സിൻ വല എന്നിവയുടെ വരവോടു കൂടി മൽസ്യ ഉത്പാദനം വർധിച്ചു. പേഴ്സിൻ വലകൾ (perseine Boat Operation) സമു ദ്രത്തിന്റെ അടിത്തട്ടിലുള്ള മത്സ്യങ്ങളെ പിടിക്കുന്നത് സാധ്യമാക്കി. ചെമ്മീൻ പോലുള്ള മത്സ്യങ്ങളുടെ വിപണനം വൻ ലാഭമുള്ള ബിസിനസ്സായി മാറിയ പ്പോൾ വൻകിട ബിസിനസുകാർ മത്സ്യ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. സ്റ്റോറേജ് സൗകര്യങ്ങൾ, ഐസ് പ്ലാന്റുകൾ, മത്സ്യ സംസ്കരണ സംവിധാന

ങ്ങൾ എന്നിവ ഒരുക്കുന്നതിലും മാർക്കറ്റിങ്ങിലും കുത്തകകൾ വൻ വിജയം നേടി. ഇവരോട് മത്സരിക്കാൻ പാരമ്പര്യ മത്സ്യത്തൊഴിലാളികൾക്ക് കഴിയാതെ വന്നു. ഔട്ടർ ബോർഡ് എഞ്ചിൻ പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനത്തിന്റെ വില വർദ്ധനവിന് ആനുപാതികമായി ഇവർ പിടിക്കുന്ന മത്സ്യത്തിന് വില കിട്ടാതായി. ഇടത്തട്ടുകാർ മത്സ്യത്തിന് വില നിശ്ചയിക്കുന്ന രീതി വന്നു. കുറഞ്ഞ വിലയ്ക്ക് മത്സ്യത്തൊഴിലാളികളിൽ നിന്നും വാങ്ങുന്ന മത്സ്യം അവർ കൂടിയ വിലയ്ക്ക് കമ്പോളത്തിൽ വിറ്റ് ലാഭം കൊയ്തു. സ്റ്റോറേജ് സൗകര്യവും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യവുമില്ലാത്ത സാധാരണ മത്സ്യത്തൊഴിലാളികൾ ചൂഷണത്തിന് വിധേയമായി സാഹചര്യങ്ങളോട് സമരസപ്പെടാൻ നിർബന്ധിതമാകുന്നു.

തൊഴിൽ സുരക്ഷിതത്വമില്ലായ്മ ആണ് മറ്റൊരു പ്രധാന പ്രശ്നം. പ്രതികൂല കാലാവസ്ഥയിൽ കടലിനോട് മല്ലിടേണ്ടി വരുന്ന തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റോ അത് പോലുള്ള സുരക്ഷിത സംവിധാനങ്ങളോ ഇല്ല. അപകടം യഥാസമയം അറിയിക്കാനുള്ള കമ്മ്യൂണിക്കേഷൻ സൗകര്യങ്ങളും ഇല്ല.

ടൂറിസത്തിന്റെ വികസനം, കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങൾ ഇവയ്ക്ക് എല്ലാം പുറമെ പ്രാദേശികമായ പ്രശ്നങ്ങൾ വേറെയും. പരമ്പരാഗത മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രധാനമായും പരിഹാരമുണ്ടാകേണ്ടത് കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നാണ്. എന്നാൽ ചെറുതല്ലാത്തൊരു പങ്ക് പ്രാദേശിക സർക്കാരുകൾക്കുമുണ്ട്. ഇത് കണ്ടറിഞ്ഞുള്ള പ്രവർത്തനമാണ് കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലമായി ജനകീയാസൂത്രണത്തിലൂടെ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാഴ്ച വെയ്ക്കുന്നത്. കേരളത്തിലെ ഒൻപതു ജില്ലകളിലായി കടലോരം വ്യാപിച്ചു കിടക്കുന്നു. ഇതിൽ ഗ്രാമങ്ങളും പട്ടണങ്ങളും ഉൾപ്പെടുന്നു. ഉൾനാടൻ മത്സ്യമേഖല ഏതാണ്ട് എല്ലാ ജില്ലകളിലും ഉണ്ടെന്നു പറയാം. ഈ മേഖലകളിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവരുടെ തൊഴിലും തൊഴിലുപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്നത്.

## 7.1 ജനകീയാസൂത്രണവും മത്സ്യമേഖലയും

ജനകീയാസൂത്രണം ലക്ഷ്യമാക്കുന്നത് ഓരോ പ്രദേശത്തെയും സാധ്യതകളെയും ജനങ്ങളുടെ ആവശ്യങ്ങളെയും കണ്ടറിഞ്ഞു പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ്. വൈദ്യുതി, ജലസേചനം തുടങ്ങിയ മേഖലകൾ വകുപ്പ് തലത്തിൽ കേന്ദ്രീകരിച്ചും കൃഷി, ചെറുകിടവ്യവസായം, മൃഗസംരക്ഷണം, മത്സ്യ ബന്ധനം തുടങ്ങിയവ പ്രാദേശിക തലത്തിൽ വികേന്ദ്രീകരിച്ചും ആസൂത്രണം ചെയ്യാനാണ് തീരുമാനിച്ചത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്നു തുക പ്രാദേശിക സർക്കാരുകൾക്ക് നൽകി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയാണ് ചെയ്തു വരുന്നത്.

സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം ഉത്പാദനം, സേവനം, പശ്ചാത്തലം എന്നീ വിശാല മേഖലകളിലായി വിഭജിച്ച് വകയിരുത്തുന്നതിനാ

ണ് നിഷ്കർഷിക്കുന്നത്. ഉത്പാദനമേഖലയ്ക്ക് നിശ്ചിത ശതമാനം വകയിരുത്തണമെന്നല്ലാതെ കൃഷി, മത്സ്യ ബന്ധനം തുടങ്ങിയ വിഷയമേഖലകൾക്ക് നിശ്ചിത ശതമാനം വകയിരുത്തണമെന്ന് പ്രത്യേകമായി നിഷ്കർഷിക്കാതിരുന്നത് കൊണ്ട് ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ മത്സ്യമേഖലയ്ക്ക് കാര്യമായ വകയിരുത്തൽ ഉണ്ടായിരുന്നില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ മത്സ്യമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, പട്ടികജാതി-പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, മറ്റു പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്നവർ) പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

- മത്സ്യ മേഖലയിലെ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു അവയ്ക്ക് പരിഹാരം കാണുക എന്ന സമീപനമാകണം പദ്ധതി ആസൂത്രണത്തിൽ സ്വീകരിക്കേണ്ടത്.
- മത്സ്യബന്ധന മേഖലയിലെ സ്ഥിരവരുമാനമില്ലായ്മ
- പഞ്ഞമാസങ്ങളിൽ മറ്റു തൊഴിലുകളുടെ ലഭ്യതക്കുറവ്
- കൂടുതലായി മത്സ്യങ്ങൾ ലഭ്യമാകുന്ന അവസരങ്ങളിൽ മത്സ്യത്തിന്റെ വിലയിടിവ്
- വില നിർണ്ണയത്തിൽ ഇടനിലക്കാരുടെ അമിതമായ ചൂഷണം
- മത്സ്യബന്ധന ഉപകരണങ്ങളുടെയും ഇന്ധനമുൾപ്പടെയുള്ള സാധന സാമഗ്രികളുടെയും വിലക്കയറ്റം
- കാലാവസ്ഥ വ്യതിയാനം
- തീരദേശ പരിപാലന നിയമം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ
- അശാസ്ത്രീയമായ ട്രോളിംഗ്, യന്ത്രവൽകൃത ബോട്ടുകളുടെ കടന്നുകയറ്റം
- മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ
- സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞു പോക്ക്
- തലച്ചുമടായി മത്സ്യ വ്യാപാരം നടത്തുന്ന സ്ത്രീത്തൊഴിലാളികളുടെ ദുരവസ്ഥ
- മത്സ്യ മാർക്കറ്റുകളുടെ ശുചിത്വമില്ലായ്മ, അനാരോഗ്യകരമായ അവസ്ഥ
- മത്സ്യം സംഭരിച്ചു സൂക്ഷിക്കുന്നതിനാവശ്യമായ ശീതീകരണ സംവിധാനം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇല്ലാത്ത അവസ്ഥ
- മത്സ്യം ഉണക്കി സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുടെ അഭാവം
- ഫിഷിങ് ഹാർബറുകൾ, ഫിഷ് ലാന്റ് സെന്ററുകൾ എന്നിവയുടെ അപര്യാപ്തത. ഉള്ളവയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

- വീട്, കുടിവെള്ളം, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ എല്ലാവർക്കും ഇല്ലാത്ത അവസ്ഥ
- കുട്ടികളുടെ പഠനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങളുടെ അഭാവം
- ആശുപത്രികളിലെ ആധുനിക സൗകര്യമില്ലായ്മ, മരുന്നിന്റെ ലഭ്യതക്കുറവ്
- മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, മദ്യപാന ശീലം, മറ്റു ലഹരി വസ്തുക്കളോടുള്ള ആസക്തി
- സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാരത്തിന്റെ ലഭ്യതക്കുറവ്.

## 7.2 മത്സ്യബന്ധന മേഖലയിൽ നഗരസഭയുടെ ചുമതലകൾ

കേരള മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടികയിൽ മേഖലാ ചുമതലകളിൽ മത്സ്യബന്ധന മേഖലയിൽ ഇനി പറയുന്ന ചുമതലകളാണ് പറയുന്നത്:

- കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മത്സ്യം വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക.
- മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും ചെയ്യുക
- മീൻ പിടുത്തത്തിന് ഉള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക
- മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക
- മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക
- മത്സ്യതൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക
- പരമ്പരാഗത കടവുകൾ വികസിപ്പിക്കുക
- ഫിഷറീസ് സ്കൂളുകളുടെ ഭരണനിയന്ത്രണം നടത്തുക

കൂടാതെ കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക, നഗരസഭയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക, പരിസ്ഥിതി ആരോഗ്യകരമായി സംരക്ഷിക്കുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, മത്സ്യവിൽപ്പന നിയന്ത്രിക്കുക എന്നീ അനിവാര്യ ചുമതലകളും ഉൾപ്പെടുന്നു.

## ഇടപെടൽ, സാധ്യതകൾ

മുനിസിപ്പൽ നിയമം നൽകുന്ന അധികാരങ്ങളും ചുമതലകളും വിനിയോഗിച്ച് മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതിയിലധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിക്കുക എന്നത് നഗരസഭകളുടെ ഉത്തരവാദിത്വമാണ്. സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി ഉൽപാദന സേവന മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. തൊഴിലുറപ്പു പദ്ധതി പ്രകാരം ചെയ്യാൻ കഴിയുന്നവ ആ നിലയ്ക്ക് ചെയ്യണം.

ഇനി പറയുന്ന സംഗതികൾക്ക് മുൻഗണന നൽകാവുന്നതാണ്:

## 7.3 ഉൽപാദന മേഖല

- ഉല്പാദനോപാധികൾ ലഭ്യമാക്കൽ (വള്ളം, വല മുതലായവ)
- കണ്ടൽകാടുകളുടെ പുനർജീവനം, വ്യാപനം

- ചെറുകിട ഉല്പാദന സംരംഭങ്ങളിലൂടെ മത്സ്യങ്ങളുടെ മൂല്യവർധന
- മത്സ്യ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം
- പുതിയ ജലകൃഷി സാധ്യതകൾ (കല്ലുമ്മക്കായ, കക്ക, ഞണ്ട് തുടങ്ങിയവ)
- ഓരുജല-ശുദ്ധജല മത്സ്യ കൃഷി വ്യാപനം, വീട്ടുവളപ്പിലും മട്ടുപ്പാവിലും കൃഷി
- തുറന്ന ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ
- മത്സ്യ തൊഴിലാളികളുടെ ഉപജീവന സുരക്ഷ മുൻനിർത്തിയുള്ള പദ്ധതികൾ
- മത്സ്യബന്ധന വള്ളങ്ങളുടെ (ഉരുക്കൾ) ഇന്ധന ക്ഷമത വർദ്ധിപ്പിക്കൽ (ഉദാഹരണം: LPG)
- മത്സ്യ വിഭവ മത്സ്യത്തൊഴിലാളി അവസ്ഥ പഠനങ്ങൾ, മത്സ്യവിഭവ ഭൂപടം തയ്യാറാക്കൽ
- കൂടുതൽ ഫിഷ് ലാൻഡിങ് സെന്ററുകൾ, നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ, ശുചിത്വം ഉറപ്പാക്കൽ
- മത്സ്യ സൂക്ഷിപ്പു കേന്ദ്രങ്ങൾ / ശീതികരണകേന്ദ്രങ്ങൾ
- വിപണന ശൃംഖല

### 7.4 സേവനമേഖല

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭകൾക്ക് ഉത്തരവാദിത്വമുണ്ട്. സാമൂഹിക ജീവിത രീതി മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് സേവനമേഖലയിൽ മുൻതൂക്കം നൽകുന്നു.

**പാർപ്പിടം:** എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. വ്യക്തിഗത വിഭവങ്ങൾക്ക് പുറമേ ഭൂരഹിതർക്കു സ്ഥലം വാങ്ങി ഭവനസമുച്ചയം നിർമ്മിച്ചു നൽകണം. പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ചെലവു കുറഞ്ഞ ഭവന പദ്ധതി ആസൂത്രണം ചെയ്യണം. സമ്പൂർണ്ണ പുനരധിവാസം ഉറപ്പാക്കണം. ശാസ്ത്രീയമായ ശുചിത്വ സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

**കുടിവെള്ളം:** 'എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം' എന്നതാകണം ലക്ഷ്യം. മഴവെള്ള സംഭരണിയുടെ സാധ്യതകളും പ്രയോജനപ്പെടുത്തണം. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് മുൻതൂക്കം നൽകണം.

**വിദ്യാഭ്യാസം:** തീരദേശ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തണം ഉൾനാടൻ-കടൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി അധ്യാപക കൂട്ടായ്മയും (Teacher's Guild) കുട്ടികളുടെ സഭയും (Children's Assembly). കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്കൂളുകളിൽ പൂരക വിദ്യാഭ്യാസ പദ്ധതികൾ രൂപപ്പെടുത്തണം. ഇന്റർനെറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ചുരുങ്ങിയ ചെലവിൽ

ലഭ്യമാക്കണം. തുടർ വിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമാക്കണം ലൈബ്രറികൾ ശക്തിപ്പെടുത്തണം.

**ആരോഗ്യം:** ഫിഷറീസ് ആശുപത്രികളിലെ ഭൗതികപശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. നഗരപ്രദേശത്തെ ആശുപത്രികളുടെ ഗുണമേന്മ മെച്ചപ്പെടുത്തണം. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, സ്ക്രീനിംഗ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കണം. സ്കൂൾ ആരോഗ്യ പരിപാടി ഫലപ്രദം ആക്കണം.

**സാമൂഹ്യനീതി:** ശിശുക്കൾ, കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ പ്രത്യേക പരിഗണന അർഹിക്കുന്ന സ്ത്രീകൾ, കുമാരിമാർ എന്നിവരുടെ ക്ഷേമവികസന പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണം. അങ്കണവാടി വഴി പോഷകാഹാര വിതരണം ഫലപ്രദമായി നടപ്പാക്കണം. അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, കുടിവെള്ള സൗകര്യം മറ്റു ഭൗതിക സൗകര്യം എന്നിവ ഉറപ്പാക്കണം. കുമാരിമാർക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തണം. സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെ ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തണം. തീരദേശ മേഖലയിലെ സർക്കാർ സ്കൂളുകളിൽ യു.പി വിഭാഗം വരെയുള്ള അർഹതപ്പെട്ട കുട്ടികൾക്കു പ്രഭാതഭക്ഷണം വിതരണംചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കണം. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തണം. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം.

### 7.5 മത്സ്യ സഹകരണ സംഘങ്ങൾ

മത്സ്യലേല സംവിധാനത്തിനും തൊഴിൽ വൈവിധ്യവൽക്കരണത്തിനും സഹായകമാകുന്ന വിധത്തിൽ സംഘങ്ങൾ രൂപീകരിക്കണം.

**ഊർജ്ജം:**

- സമ്പൂർണ്ണ ഭവന വൈദ്യുതീകരണം
- കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും മത്സ്യ സംസ്കരണ സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ
- ക്ഷമത കൂടിയ വിറകടുപ്പുകൾ
- LED ബൾബുകളുടെ വ്യാപനം (സ്പോൺസർഷിപ്പ് / KSEB സഹകരണം)
- വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

### 7.6 പശ്ചാത്തല മേഖല

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാടുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് പശ്ചാത്തല മേഖലയിൽ ആവിഷ്കരിക്കേണ്ടത്.

- കടൽതീര സംരക്ഷണം, കടൽഭിത്തി
- തീരദേശ റോഡുകൾ, നടപ്പാതകൾ, ഡ്രെയിനേജ് സൗകര്യങ്ങൾ
- ശുചിത്വ സംവിധാനം ഉള്ള കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ

മത്സ്യമേഖലയിലെ പദ്ധതികൾ മത്സ്യ ഉൽപ്പാദന കേന്ദ്രീകൃതം എന്നതിനു പകരം മത്സ്യത്തൊഴിലാളി കേന്ദ്രീകൃതം ആകണം. ഇതിനു സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമാണ്. സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിന് ഉതകുന്ന പദ്ധതി രൂപരേഖ തയ്യാറാക്കണം. മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഈ പ്രക്രിയ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനാണ് മത്സ്യസഭകളുടെ രൂപീകരണം നിഷ്കർഷിച്ചിരിക്കുന്നത്. ഊരുകൂട്ടം മാതൃകയിൽ, 25 മത്സ്യത്തൊഴിലാളികൾ എങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാർഡുകളിലും വാർഡ് സഭയ്ക്ക് മുൻപായി മത്സ്യ സഭ നിർബന്ധമായും വിളിച്ചു ചേർക്കണം. പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങളിലും മത്സ്യ സഭകൾ നിർബന്ധമാണ്. മത്സ്യമേഖല വികസനം മുൻനിർത്തി ആരംഭിച്ചിട്ടുള്ള മത്സ്യഭവനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം.

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ലക്ഷ്യമാക്കികൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുക എന്നത് നഗരസഭകളുടെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ വിവിധ വിഷയ മേഖലകൾ പരസ്പരപൂരകമായി സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്. മത്സ്യമേഖലയിലെ ഇത്തരം പ്രവർത്തനങ്ങൾ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. മത്സ്യമേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി നേതൃത്വപരമായ പങ്കു വഹിക്കേണ്ടതാണ്

# 8
# ലൈസൻസുകൾ, അനുവാദങ്ങൾ, രജിസ്ട്രേഷനുകൾ

**ആമുഖം**

ലൈസൻസുകൾ, പെർമിറ്റുകൾ, രജിസ്ട്രേഷനുകൾ എന്നിവ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ നിയന്ത്രണാധികാരങ്ങളാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സൈ്വര്യ ജീവിതത്തിനും സംരക്ഷണം നൽകുവാനുള്ള ഭരണകൂടത്തിന്റെ ബാധ്യത കൂടിയാണത്. പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം എന്നിവ സംരക്ഷിക്കുക എന്നതാണ് ഈ അധികാരങ്ങളുടെ പ്രധാന ലക്ഷ്യം.

**8.1 എന്താണ് ലൈസൻസ്**

ഏതെങ്കിലും ഒരു പ്രവൃത്തിയോ സേവനമോ ചെയ്യുന്നതിന് ഒരു അധികാര സ്ഥാനം നൽകുന്ന അനുമതിയാണ് ലൈസൻസ് എന്നുപറയാം. നിബന്ധനകൾക്ക് വിധേയം ആയിരിക്കും ഈ അനുമതി. ഉദാഹരണത്തിന് വാഹനം ഓടിക്കുന്നതിന് ഡ്രൈവിംഗ് ലൈസൻസ് വേണം. ഒരു വ്യാപാരമോ വ്യവസായമോ തുടങ്ങുന്നതിനും ലൈസൻസ് വേണം. മുകളിൽ പറഞ്ഞതുപോലെ ജനങ്ങളുടെ സുരക്ഷയെ മുൻ നിർത്തിയുള്ള ഒരു നിയന്ത്രണാധികാരം ആണ് ലൈസൻസ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജനങ്ങളുടെ സുരക്ഷിത ജീവിതം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് ലൈസൻസ്. ഉപാധികളോട് കൂടിയാണ് ലൈസൻസ് അനുവദിക്കുന്നതും.

**8.2 എന്താണ് പെർമിറ്റ്**

ഒരു പ്രവൃത്തി (Activity) ചെയ്യുന്നതിന് ആധികാരികത (Legal Authorization) നൽകുന്ന രേഖയാണ് പെർമിറ്റ്. ഉദാഹരണത്തിന് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി, ഒരു ബസ് ഒരു നിശ്ചിത സ്ഥലത്ത് ഓടിക്കുന്നതിനുള്ള അനുമതി, എന്തെങ്കിലും ചെയ്യുന്നതിനോ ഉപയോഗിക്കുന്നതിനോ നൽകുന്ന അനുമതി. ലൈസൻസും പെർമിറ്റും തമ്മിൽ വളരെ ചെറിയ വ്യത്യാസമേ പ്രത്യക്ഷത്തിൽ തോന്നുകയുള്ളൂ.

### 8.3 എന്താണ് രജിസ്ട്രേഷൻ

എന്തിനെക്കുറിച്ചും ഔദ്യോഗികമായി രേഖപ്പെടുത്തുന്നതിനെയാണ് രജിസ്ട്രേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അവകാശങ്ങൾ സംരക്ഷിച്ചു കിട്ടാൻ, ഉടമസ്ഥത സാധിച്ചുകിട്ടാൻ നിയമപരമായ നടത്തുന്ന രേഖപ്പെടുത്തലാണ് രജിസ്ട്രേഷൻ. ഉദാഹരണത്തിന് ഒരു വാഹനം രജിസ്റ്റർ ചെയ്യുന്നു, അതിന്റെ ഉടമസ്ഥത തെളിയിക്കാനും ഉടമസ്ഥനെ തിരിച്ചറിയാനുമാണ് ഈ രജിസ്ട്രേഷൻ.

#### 8.3.1 ജനനമരണ-വിവാഹ രജിസ്ട്രേഷൻ

നടന്ന തിയ്യതി, സ്ഥലം തുടങ്ങിയവ സംബന്ധിച്ച് ആധികാരികത ഉറപ്പുവരുത്താനുള്ള നിയമപരമായ പ്രക്രിയയാണ് രജിസ്ട്രേഷൻ.

### 8.4 ലൈസൻസിനും രജിസ്ട്രേഷനും ബാധകമായ നിയമങ്ങൾ ചട്ടങ്ങൾ

1. 1955-ലെ ഹിന്ദു വിവാഹ നിയമം
2. 1963-ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട് (PPR Act)
3. 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമവും 1970ലെ ചട്ടങ്ങളും
4. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്
5. 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ
6. 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ
7. 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്
8. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ
9. 2014-ലെ കേരള ആനന്ദ് വിവാഹ രജിസ്ട്രേഷൻ ചട്ടം (1909ലെ ആനന്ദ് വിവാഹ നിയമവും)
10. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്
11. 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (Kerala MSME Facilitation Act, 2019) 2020-ലെ റൂൾസും
12. 2019-ലെ കേരള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ

### 8.5 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ

നഗരസഭ പരിധിയിൽ വ്യാപാരം, വ്യവസായം, സംരംഭങ്ങൾ എന്നിവ ചെയ്യുന്നതിന് നഗരസഭയുടെ അനുമതി ആവശ്യമാണ്. ഇത്തരത്തിൽ നഗരസഭ

നൽകുന്ന അനുമതിയെ ഇൻഡസ്ട്രീസ്, ഫാക്ടറീസ്, ട്രേഡ്സ്, എന്റർപ്രണർ ഷിപ്പ് ആക്ടിവിറ്റീസ് ആൻഡ് അദർ സർവീസസ് (IFTE & OS) ലൈസൻസ് എന്നാണ് പറയുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 442 മുതൽ 492 വരെയുള്ള വകുപ്പുകളിലാണ് ഇവയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. 2011-ലെ കേരള മുനിസിപ്പാലിറ്റി ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടപ്രകാരമാണ് ലൈസൻസ് അനുവദിക്കുന്നത്.

### 8.5.1 ഒഴിവാക്കൽ

പ്രസ്തുത ലൈസൻസ് എടുക്കുന്നതിൽ നിന്ന് കേന്ദ്രസംസ്ഥാന സർക്കാരുകളെ ഒഴിവാക്കിയിട്ടുണ്ട് (വകുപ്പ് 442). 2019ലെ കേരള സൂക്ഷ്മചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, റെഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവ ഒഴികെയുള്ള വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനായി ആദ്യത്തെ മൂന്നു വർഷക്കാലം ലൈസൻസ് ആവശ്യമില്ല. ഇത്തരത്തിൽ വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നവർ നിശ്ചിതഫോറത്തിൽ ഒരു സ്വയം സാക്ഷ്യപത്രം നോഡൽ ഏജൻസിക്ക് (ജില്ലാ ബോർഡ്/ജില്ലാ വ്യവസായ കേന്ദ്രം) സമർപ്പിച്ച് കൈപ്പറ്റ് സർട്ടിഫിക്കറ്റ് വാങ്ങണം. ഓൺലൈനായോ നേരിട്ടോ അപേക്ഷ സമർപ്പിക്കാം. [K SWIFT Kerala Single Window Interface for Fast and Transparent Clearance] എന്ന പ്ലാറ്റ്ഫോമിലാണ് ഓൺലൈൻ സംവിധാനം ഒരുക്കിയിരിക്കുന്നത്.

വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, യന്ത്രങ്ങൾ, കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന യന്ത്രങ്ങൾ, കൊണ്ടു നടക്കാവുന്ന ഡ്രില്ലിങ് യന്ത്രങ്ങൾ, വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ / യന്ത്രങ്ങൾ, വൈദ്യുതി / കുടിവെള്ള സംവിധാനങ്ങളുമായി ബന്ധപ്പെട്ട യന്ത്രങ്ങൾ എന്നിവയും ലൈസൻസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. മലിനീകരണമില്ലാത്ത 5 HP യിൽ താഴെ മോട്ടർ പ്രവർത്തിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ, വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന പ്രദേശം / വ്യവസായ വളർച്ചാ കേന്ദ്രം എന്നിവയിലുള്ള വ്യവസായ യൂണിറ്റുകൾക്കും ലൈസൻസ് ആവശ്യമില്ല. എന്നാൽ ഇത്തരം വ്യവസായ യൂണിറ്റുകൾ ലൈസൻസ് ഫീസിന് തുല്യമായ ഫീസടച്ച് നഗരസഭയിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ് (വകുപ്പ് 450).

### 8.5.2 ലൈസൻസിനുള്ള അപേക്ഷ

പുതിയതായി വ്യാപാരം തുടങ്ങുന്നതിന് 30 ദിവസത്തിൽ കുറയാതെയും 90 ദിവസത്തിലധികരിക്കാതെയും അപേക്ഷ സമർപ്പിക്കണം (ചട്ടം 5, വകുപ്പ് 447(5)). ലൈസൻസ് പുതുക്കുന്നതിന് പ്രത്യേക അപേക്ഷ നിഷ്കർഷിക്കുന്നില്ല. നിലവിലുള്ള ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുൻപ് പുതുക്കുന്നതിനായി ഫീസ് അടയ്ക്കേണ്ടതാണ്.

### 8.5.3 അപേക്ഷ തീർപ്പാക്കൽ

സെക്രട്ടറിക്ക് ലഭിക്കുന്ന ലൈസൻസ് അപേക്ഷകളിന്മേൽ (മറ്റ് വകുപ്പിൽ നിന്നും ആവശ്യമായ അനുമതിയോടുകൂടി സമർപ്പിക്കുന്ന അപേക്ഷകൾ)

അഞ്ചു ദിവസത്തിനകം ലൈസൻസ് അനുവദിക്കണം. അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമായ ഏതെങ്കിലും രേഖകൂടി ഹാജരാക്കാനുണ്ടെങ്കിൽ അഞ്ചു ദിവസത്തിനകം ഹാജരാക്കാൻ അപ്പോൾ തന്നെ നിർദ്ദേശിക്കേണ്ടതാണ്. അത്തരത്തിൽ പൂർണമായ അപേക്ഷ ലഭിക്കുന്ന തിയതി മുതൽ അഞ്ചു ദിവസത്തിനകം ലൈസൻസ് അനുവദിച്ചിരിക്കണം. കൗൺസിൽ അനുമതി ആവശ്യമുള്ള സംഗതികളിൽ 30 ദിവസത്തിനകം ആണ് ലൈസൻസ് അനുവദിക്കേണ്ടത്. ഫാക്ടറികൾ, വർക്ക്ഷോപ്പുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ 5HP യ്ക്ക് മുകളിൽ യന്ത്രം സ്ഥാപനത്തിന് കൗൺസിൽ അനുമതി ആവശ്യമാണ്.

### 8.5.4 ലൈസൻസ് കാലാവധി

ലൈസൻസ് കാലാവധി 5 വർഷമാണ് (ചട്ടം 8). സ്ഥലം ഉടമയുടെ സമ്മത പ്രകാരം ഒരിക്കൽ ലൈസൻസ് നൽകി തുടർന്ന് വരുന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുന്നതിന് വീണ്ടും സ്ഥല ഉടമയുടെ സമ്മതപത്രം ആവശ്യമില്ല [വകുപ്പ് 492 (4)]

### 8.5.5 ക്യൂമുലേറ്റീവ് ലൈസൻസ്

ഒന്നിലധികം ആവശ്യങ്ങൾക്ക് അല്ലെങ്കിൽ ഒന്നിലധികം മറ്റു വ്യാപാരങ്ങൾക്ക് ഒരേ സ്ഥലം ഒരേ ആൾ ഉപയോഗിക്കുന്ന പക്ഷം അപ്രകാരമുള്ള എല്ലാ ആവശ്യങ്ങൾക്കുമായി അയാൾക്ക് ക്യൂമുലേറ്റീവ് ലൈസൻസ് അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ ലൈസൻസ് അനുവദിക്കുമ്പോൾ ഓരോ ഇനത്തിനും ബാധകമായ ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ് [2011-ലെ ലൈസൻസ് ചട്ടത്തിലെ ചട്ടം (10)]

### 8.5.6 ലൈസൻസ് റദ്ദാക്കൽ

ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ചെന്നോ തെറ്റായ വിവരങ്ങൾ നൽകിയാണ് ലൈസൻസ് നേടിയതെന്നോ മറ്റു തക്കതായ കാരണങ്ങളാലോ ലൈസൻസിക്ക് 15 ദിവസത്തെ നോട്ടീസ നൽകി (അദ്ദേഹത്തിന് പറയാനുള്ളത് പറയാൻ അവസരം നൽകി) ലൈസൻസ് റദ്ദാക്കാവുന്നതാണ്. (ചട്ടം 22)

### 8.5.7 ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ

ചട്ടങ്ങളുടെ ലംഘനത്തിന് വകുപ്പ് 511 / വകുപ്പ് 565 (4) എന്നിവ പ്രകാരമുള്ള പിഴ ശിക്ഷയാണ് നൽകേണ്ടത്. ലൈസൻസിന് യഥാസമയം അപേക്ഷിക്കാത്ത സംഗതികളിൽ ചട്ടം 11 (4) അനുസരിച്ചുള്ള അധിക തുകയാണ് ഈടാക്കേണ്ടത്. ലൈസൻസ് ഇല്ലാതെ നടത്തിയാൽ കോംബൗണ്ട് ചെയ്യാവുന്നതും അങ്ങനെ കുറ്റം രാജിയാക്കുമ്പോൾ, കുറ്റം രാജിയാക്കൽ ചട്ട പ്രകാരമുള്ള പിഴ കൂടി ഈടാക്കേണ്ടതുമാണ്.

## 8.6 മറ്റു ലൈസൻസുകൾ

### 8.6.1 പൊതു മാർക്കറ്റുകൾ സ്ഥാപിക്കൽ, പരിപാലിക്കൽ (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 457-459)

പൊതു മാർക്കറ്റുകൾ സ്ഥാപിക്കലും പരിപാലിക്കലും നഗരസഭയുടെ അനിവാര്യ ചുമതലയാണ്. വകുപ്പ് 457, 459 എന്നിവയിലെ വ്യവസ്ഥകൾ

പാലിച്ചു കൊണ്ടാണ് മാർക്കറ്റുകൾ സ്ഥാപിക്കേണ്ടത്. പൊതുമാർക്കറ്റിൽ ഓരോ വിഭാഗം ഉൽപ്പന്നങ്ങൾക്കും പ്രത്യേകം സ്ഥലം നീക്കി വയ്ക്കാവുന്ന താണ്. മാർക്കറ്റിലെ സ്റ്റാളുകളിൽ നിന്നുള്ള ഫീസ് പിരിവ്, വിൽപ്പനക്കായി കൊണ്ട് വരുന്ന സാധനങ്ങളിൽ നിന്നുള്ള ഫീസ് പിരിവ് എന്നിവ ഏർപ്പെടു ത്താവുന്നതാണ്. ഫീസ് പിരിവ് അവകാശം മൂന്ന് വർഷം വരെയുള്ള കാല ത്തേക്ക് കുത്തകയ്ക്ക് നൽകാൻ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്. യുക്ത മായ മറ്റ് നിബന്ധനകൾ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്.

### 8.6.2 സ്വകാര്യ മാർക്കറ്റുകൾക്കുള്ള ലൈസൻസ് (വകുപ്പ് 460 മുതൽ 467 വരെ)

സ്വകാര്യ മാർക്കറ്റ് ആരംഭിക്കുവാൻ സ്ഥലത്തിന്റെ സ്കെച്ചും കെട്ടിടത്തിന്റെ പ്ലാനും സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. നില വിലുള്ള മാർക്കറ്റ് ആണെങ്കിൽ കഴിഞ്ഞ 12 മാസത്തെ ആദായത്തിന്റെ സ്റ്റേറ്റ് മെന്റ് കൂടി ഹാജരാക്കണം. മുൻവർഷം ആ മാർക്കറ്റിൽ നിന്നും ഉടമസ്ഥന് ലഭിച്ച മൊത്തം ആദായത്തിന്റെ 33 1/3 ശതമാനത്തിന് തുല്യമായ തുക ലൈസൻസ് ഫീസായി ഈടാക്കേണ്ടതും പുതുക്കി നൽകാവുന്നതുമാണ്. മാർക്കറ്റിൽ ഓരോന്നിനും ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുകയും പൊതു മാർക്കറ്റ് പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിക്കേണ്ടതുമാണ്. ലൈസൻസ് പുതുക്കുന്നതിന് ആറ് ആഴ്ച്ച മുൻപേ അപേക്ഷിക്കണം.

### 8.6.3 സ്വകാര്യ വണ്ടിത്താവളങ്ങൾ (വകുപ്പ് 472-475)

ലൈസൻസിനുള്ള അപേക്ഷ വണ്ടിത്താവളം ആരംഭിക്കാൻ ഉദ്ദേശിക്കു ന്നതിനു ആറാഴ്ച മുമ്പായി സമർപ്പിക്കേണ്ടതും സ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ, സ്കെച്ച്, ഏറ്റവും അടുത്തുള്ള വണ്ടിത്താവളങ്ങളിൽ നിന്നുള്ള അകലം, അപേക്ഷകന്റെ പേര്, മറ്റു വിവരങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതു മാണ്. ശൗച്യാലയങ്ങൾ, ഡ്രൈനേജ് സൗകര്യങ്ങൾ മാലിന്യ പരിപാലനത്തി നുള്ള സൗകര്യങ്ങൾ എന്നിവ പ്രത്യേകം കാണിച്ചിരിക്കണം. വണ്ടിത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉള്ള പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവും ലൈസൻസി വഹിക്കേണ്ടതാണ്. പൊതുസ്ഥലമോ റോഡോ വണ്ടി ത്താവളമായി ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് ഫീസ് കൗൺസിൽ നിശ്ചയിക്കുന്ന ഫീസ് (പരമാവധി 3000 രൂപ)

### 8.6.4 കശാപ്പുശാലകൾ/ ഇറച്ചിക്കടകൾ (വകുപ്പ് 452-455)

പുതിയ കശാപ്പ് ശാല ആരംഭിക്കുന്നതിനും തുടർന്ന് നടത്തുന്നതിനും അത് തുറക്കുന്നതിനും ഒരു മാസം മുൻപു അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുതിയ നിർമ്മാണത്തിന് അപേക്ഷയോടൊപ്പം നിർമിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ, ജലലഭ്യത, പാർക്കിംഗ് സൗകര്യം, മാലിന്യ പരിപാ ലനം എന്നിവ സംബന്ധിച്ച വിവരങ്ങളും രേഖാമൂലം നൽകേണ്ടതും പരസ്യം ചെയ്യുന്നതിനുള്ള തുക കൂടി കെട്ടിവയ്ക്കേണ്ടതുമാണ്. കശാപ്പുശാലകൾ നടത്തുന്നവർ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗനിർ ദേശങ്ങളും നിശ്ചിത ഫീസും അടയ്ക്കേണ്ടതാണ്. കശാപ്പു ശാലകൾ പ്രവർ

ത്തിപ്പിക്കുന്നതിന് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി പത്രം വാങ്ങിയിരിക്കേണ്ടതാണ്. നഗരസഭകൾക്ക് സ്വന്തം നിലയ്ക്ക് കശാപ്പ് ശാലകൾ ഏർപ്പെടുത്താവുന്നതാണ്.

### 8.6.5 മൃഗങ്ങളെ വളർത്തുന്ന സ്ഥലങ്ങൾക്ക് ലൈസൻസ് നൽകൽ (വകുപ്പ് 444–446)

മൃഗങ്ങളെ വളർത്തുന്നതിനും ഫാമുകൾ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിനും ലൈസൻസ് ആവശ്യമാണ്. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ സ്കെച്ചും കെട്ടിടത്തിന്റെ പ്ലാനും ഹാജരാക്കണം. അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അനുമതി നൽകുകയോ കാര്യകാരണസഹിതം നിരസിക്കുകയോ ചെയ്യാവുന്നതാണ്. പരിസരമലിനീകരണം ഉണ്ടാകാൻ ഇടയുണ്ടെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെട്ടാൽ ജില്ല മെഡിക്കൽ ഓഫീസറുടെയോ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയോ അനുകൂല പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷമാകണം തീരുമാനമെടുക്കേണ്ടത്.

## 8.7 ചില മൃഗങ്ങളുടെ മേലുള്ള നിയന്ത്രണം (വകുപ്പ് 435–438)

വളർത്തു നായ്ക്കൾക്ക് രോഗപ്രതിരോധ കുത്തിവെപ്പ് നടത്തുകയും ലൈസൻസ് എടുക്കുകയും ചെയ്യേണ്ടതാണ്. അലഞ്ഞുതിരിയുന്ന പന്നികളെയും പട്ടികളെയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 8.8 ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനും ഉള്ള സ്ഥലങ്ങൾ (വകുപ്പ് 483–491)

ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനും ഉള്ള സ്ഥലങ്ങൾ നഗരസഭയ്ക്ക് സ്വന്തം നിലയ്ക്ക് ഏർപ്പെടുത്താവുന്നതാണ്. സ്വകാര്യ വ്യക്തികളോ സംഘടനകളോ ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾക്കുള്ള അനുമതിക്ക് അപേക്ഷിക്കുന്ന പക്ഷം ജില്ലാ കളക്ടറുടെയും ഹെൽത്ത് ഓഫീസറുടെയും / DMOയുടെയും അനുമതിയോടെ 1994ലെ കേരള മുനിസിപ്പാലിറ്റി നിയമവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും ലൈസൻസ് നൽകാവുന്നതാണ്. ജനവാസ കേന്ദ്രങ്ങളുടെയും ജല സ്രോതസ്സുകളുടെയും 50 മീ. പരിധിക്കുള്ളിൽ ശ്മാശനങ്ങൾ അനുവദനീയമല്ല. എന്നാൽ ഗ്യാസ്/ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ക്രിമിറ്റോറിയങ്ങളുടെയും കോൺക്രീറ്റ് കല്ലറകളുടെയും കാര്യത്തിൽ 25 മീറ്റർ മതിയാകുന്നതാണ് (വകുപ്പ് 485 എ). ശ്മാശാനങ്ങളുമായി ബന്ധപ്പെട്ട് മുനിസിപ്പൽ ബിൽഡിംഗ് റൂൾസിൽ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർമ്മാണാനുമതിക്ക് കൂടിയാണ് അപേക്ഷിക്കേണ്ടത്. പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയും വേണം.

## 8.9 1965–ലെ PPR ആക്ട് പ്രകാരമുള്ള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ലൈസൻസ്

ജീവകാരുണ്യപരമോ വിദ്യാഭ്യാസ കാര്യങ്ങൾക്കും മതപരമായ കാര്യങ്ങൾക്കും ഒഴികെ ഫീസ് ഈടാക്കി (ടിക്കറ്റ് നൽകി) കലാകായിക പ്രവർത്തന

ങ്ങളോ കളികളോ നടത്തുന്ന സ്ഥലത്തെയോ, കൂടാരത്തെയോ ഷെഡ്ഡിനെയോ അതുപോലുള്ള പ്രദേശങ്ങളെയോ പൊതു സ്ഥലം എന്ന് കണക്കാക്കാവുന്നതാണ്. 50 ച. മീറ്ററോ അതിൽ കൂടുതലോ തറ വിസ്തീർണ്ണം ഉള്ള സ്ഥലത്ത് നടത്തുന്ന പൊതു വിനോദ പരിപാടികൾക്കു നഗരസഭ ലൈസൻസ് ആവശ്യമാണ്. സ്ഥലത്തിന്റെ സ്കെച്ച്, കെട്ടിടത്തിന്റെ/ ഷെഡ്ഡിന്റെ പ്ലാൻ, ഉടമസ്ഥാവകാശ രേഖ എന്നിവ സഹിതം നിശ്ചിതഫോറത്തിൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. അന്വേഷണം നടത്തി നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ട് നിശ്ചിത ഫീസ് ഈടാക്കി ലൈസെൻസ് നൽകുന്നതാണ്. PPR ചട്ടത്തിലെ ചട്ടം 28 പ്രകാരമുള്ള ഫീസാണ് ഈടാക്കേണ്ടത്. എല്ലാ വിധ സുരക്ഷാസംവിധാനങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്. PPR ആക്ടിന് പുറമേ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങളും ബാധകമാണ്.

### 8.10 സിനിമാറ്റോഗ്രാഫ് ലൈസൻസ്

1958-ലെ കേരള സിനിമ റെഗുലേഷൻ ആക്ട്, 1988 ലെ കേരള സിനിമ റെഗുലേഷൻ ചട്ടം എന്നിവ പ്രകാരമാണ് സിനിമാ പ്രദർശന ലൈസൻസ് നൽകുന്നത്. നിശ്ചിത ഫോറത്തിലുള്ള ലൈസൻസ് അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശ രേഖ, സൈറ്റ് പ്ലാൻ, പൊതു മരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നുള്ള സ്ട്രക്ക്ച്ചറൽ സൗണ്ട്നെസ്സ് സർട്ടിഫിക്കറ്റ്, ഡിസൈൻ രേഖ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെകൂറേറ്റിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഹെൽത്ത് ഓഫീസർ/ ഡി.എം.ഒയിൽ നിന്നും സാനിറ്റേഷൻ സർട്ടിഫിക്കറ്റ്, എയർകണ്ടീഷൻ തിയേറ്റർ ആണെങ്കിൽ ഫയർ ഓഫീസറുടെ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കി നിശ്ചിത ഫീസും അടയ്ക്കേണ്ടതാണ്. ഫിലിം ഡിവിഷൻ സർട്ടിഫിക്കറ്റ് KMBR പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കണം. വാർഷിക ലൈസൻസ് ഫീസ് 1000 രൂപയാണ്.

### 8.11 രജിസ്ട്രേഷൻ

#### 8.11.1 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (വകുപ്പ് 310 മുതൽ 314 എ വരെ)

സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുൻപായി നിശ്ചിത ഫീസ് ഒടുക്കി രജിസ്ട്രേഷനുള്ള അപേക്ഷ നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്ന ദിവസം തന്നെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകണം. ഒരാഴ്ചയ്ക്കകം അപേക്ഷ പ്രകാരം ഉള്ള സ്ഥലം പരിശോധിച്ച് ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം എന്നിവയുടെ നിജസ്ഥിതി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കണം. സ്വകാര്യ ആശുപത്രിക്ക് മാലിന്യനിർമാർജനം, മലിനജല നിർഗമനം തുടങ്ങിയ സേവനങ്ങൾ നൽകുന്നുവെങ്കിൽ ആയതിന് കൗൺസിൽ തീരുമാനപ്രകാരം ഉള്ള യൂസർ ഫീസ് ഈടാക്കാവുന്നതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനം ആണെങ്കിൽ 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതുമാണ്. രജിസ്ട്രേഷൻ കാലാവധി അഞ്ച് വർഷം. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് അടച്ച് രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. 1997ലെ സ്വകാര്യ ആശുപത്രികളുടെയും

സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടപ്രകാരമാണ് രജിസ്ട്രേഷൻ നടപടികൾ. ഈ ചട്ടത്തിന് 2017ൽ ഭേദഗതി വരുത്തുകയുണ്ടായി.

### 8.11.2 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വകുപ്പ് (506–508)

1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം അന്വേഷണം നടത്തിയ ശേഷം രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണ്. സ്ഥാപനം തുടങ്ങുന്നതിന് 15 ദിവസം മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരാഴ്ചയ്ക്കകം അന്വേഷണം നടത്തി സ്ഥലത്തിന്റെ ശുചിത്വം, കുടിവെള്ളം, സുരക്ഷിതത്വം മാലിന്യ സംസ്കരണത്തിനുള്ള ഉപാധികൾ, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ കണക്കിലെടുത്ത് തീരുമാനം കൈക്കൊള്ളണം. എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. രജിസ്ട്രേഷൻ ഫീസ് 300/- രൂപയും പുതുക്കുന്നതിന് 100 രൂപയുമാണ്. സർക്കാരോ സർവകലാശാലകളോ നടത്തുന്ന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്ക് പരിശീലനം നൽകുന്ന അഫിലിയേഷൻ ഇല്ലാത്ത ഏതു സ്ഥാപനവും ട്യൂട്ടോറിയലായി കരുതപ്പെടും (വകുപ്പ് 506 ബി).

### 8.12 ജനനമരണ രജിസ്ട്രേഷൻ

രാജ്യത്ത് വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത ഉദ്യോഗസ്ഥരായിരുന്നു ജനനമരണ രജിസ്ട്രേഷൻ നിർവഹിച്ചിരുന്നത്. ഒരു ഏകീകൃത രീതിയിലായിരുന്നില്ല. എന്നാൽ 1969ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് നിലവിൽ വന്നതോടെ ചട്ടങ്ങൾ നിർമ്മിക്കുകയും 01.04.1970 മുതൽ ജനന മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ വരികയും ചെയ്തു. 1999ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണ് നിലവിൽ ജനനമരണ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നത്.

ദേശീയതലത്തിൽ ഭാരത സർക്കാരിന്റെ സെൻസസ് കമ്മീഷണർ തന്നെയാണ് ജനനമരണ രജിസ്ട്രാർ ജനറൽ ആയി ചുമതല വഹിക്കുന്നത്. സംസ്ഥാനതലത്തിൽ ജനനമരണ ചീഫ് രജിസ്ട്രാർ പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടർ ആണ്. രജിസ്ട്രാറെ കൂടാതെ അഡീഷണൽ ചീഫ് രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന അഡീഷണൽ ഡയറക്ടർ, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ ആയി ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് എന്നിവരും, ജില്ലാ തലത്തിൽ ജില്ലാ രജിസ്ട്രാർ ആയി നഗരസഭകളിൽ നഗരസഭ സെക്രട്ടറിമാരും, ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും, അഡിഷണൽ ജില്ലാ രജിസ്ട്രാർ ആയി ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ സീനിയർ റിസർച്ച് അസ്സിസ്റ്റന്റുമാണ് ഈ ചുമതലകൾ നിർവഹിക്കുന്നത്. ലോക്കൽ രജിസ്ട്രാറായി മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരും കോർപ്പറേഷനുകളിൽ ഹെൽത്ത് ഓഫീസർമാരും സബ് രജിസ്ട്രാർമാരായി

മുനിസിപ്പാലിറ്റികളിൽ JHI Gr.I ഉം കോർപ്പറേഷനുകളിൽ H.S/H.I Gr.I ഉം ഓരോ യൂണിറ്റിലും ജനനമരണ രജിസ്ട്രേഷൻ ചുമതലകൾ വഹിച്ചു വരുന്നു.

ജനനം, മരണം എന്നിവ ഏത് പ്രദേശത്ത് വെച്ച് നടക്കുന്നുവോ അതാത് സ്ഥലത്തെ നഗരസഭകളിൽ / പഞ്ചായത്തുകളിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. നഗരസഭാ പരിധിയിൽ വരുന്ന എല്ലാ ജനനവും മരണവും നിർജീവ ജനനവും രജിസ്റ്റർ ചെയ്യേണ്ടതാണ്. ജനനവും മരണവും 21 ദിവസത്തിനകം നഗരസഭയിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച് ലോക്കൽ രജിസ്ട്രാർ (നഗരസഭയിലെ ജനന മരണ രജിസ്ട്രാർ) മുൻപാകെ ഹാജരാക്കി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. 21 ദിവസത്തിനുശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതിയിൽ, രജിസ്റ്റർ ചെയ്യുവാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ടുള്ള അഞ്ചു രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച അപേക്ഷയും രണ്ട് രൂപ ലേറ്റ് ഫീസുമടച്ച് രജിസ്ട്രേഷൻ രജിസ്ട്രാർക്ക് തന്നെ നടത്താവുന്നതാണ്. എന്നാൽ 30 ദിവസത്തിനു ശേഷം ഒരു വർഷം വരെയുള്ള സംഗതികളിൽ ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദത്തിനായി രജിസ്റ്റർ ചെയ്യുവാൻ വൈകിയതിനുള്ള കാരണം കാണിച്ചു കൊണ്ട് അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, നോട്ടറി/ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, ലോക്കൽ രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം ജില്ല രജിസ്ട്രാർ കൂടിയായ നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ നൽകി അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം അഞ്ചു രൂപ ലേറ്റ് ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാതെ കാലതാമസം വന്നിട്ടുള്ള ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദത്തിനായി സബ്ഡിവിഷണൽ മജിസ്ട്രേറ്റി(റവന്യു ഡിവിഷണൽ ഓഫീസർ)ന് നൽകി അനുമതി ലഭിച്ചശേഷം ഏഴുദിവസത്തിനകം 10 രൂപ ലേറ്റ് ഫീ അടച്ചു നഗരസഭ രജിസ്ട്രാർക്ക് ജനനമരണ രജിസ്ട്രേഷൻ നടത്താവുന്നതാണ്. 01.04.1970-ന് മുൻപു നടന്ന ജനനമരണ രജിസ്ട്രേഷനുകളിൽ പേര് ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. 2015ലെ ഭേദഗതി ചട്ട പ്രകാരം പേര് ചേർക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട് [റൂൾ 10]

മരണം രജിസ്റ്റർ ചെയ്യുന്ന സംഗതികളിൽ പൊതുസ്ഥലത്തുള്ള അസ്വാഭാവിക മരണം, മരണം നടന്ന സ്ഥലത്തെ പോലീസ് ഓഫീസർ / സ്റ്റേഷൻ ഹൗസ് ഓഫീസർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ മറ്റു സ്ഥലങ്ങളിൽ നടക്കുന്ന അസ്വാഭാവിക മരണം ഉൾപ്പെടെയുള്ള എല്ലാ മരണങ്ങളും നിയമപ്രകാരം ചുമതലപ്പെട്ട വ്യക്തികൾ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 8.13 വിവാഹ രജിസ്ട്രേഷൻ

#### 8.13.1 ഹിന്ദു വിവാഹ രജിസ്ട്രേഷൻ

1955ലെ ഹിന്ദു വിവാഹ നിയമപ്രകാരം ഭാര്യയും ഭർത്താവും ഹിന്ദു മത വിശ്വാസികളോ, ബുദ്ധ, ജൈന, സിഖ് മതവിശ്വാസികളോ ആയിരിക്കുകയും

വിവാഹം ഹിന്ദു മതാചാരപ്രകാരം നടക്കുകയും ചെയ്താൽ വിവാഹ സമയത്ത് ഭർത്താവിന് 21 വയസ്സും ഭാര്യക്ക് 18 വയസ്സും പൂർത്തീകരിച്ചിട്ടുള്ളതാണെന്ന രേഖയും ഹാജരാക്കി 1957ലെ ഹിന്ദു വിവാഹ രജിസ്ട്രേഷൻ റൂൾസിലെ ഫോറം ഒന്നിൽ വിവാഹം കഴിഞ്ഞു 15 ദിവസത്തിനകം ലോക്കൽ രജിസ്ട്രാർ ആയ നഗരസഭാ സെക്രട്ടറിക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചാൽ വിവാഹം രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്. വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതിയിൽ കാലതാമസം മാപ്പാക്കുന്നതിനു 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് സംയുക്ത അപേക്ഷ സമർപ്പിച്ചു ഹിന്ദു വിവാഹ നിയമപ്രകാരം വിവാഹം രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്. വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം ആണെങ്കിൽ, ചട്ടപ്രകാരമുള്ള ഫോറം ഒന്നിൽ ഉള്ള റിപ്പോർട്ടിന്റെ 2 പകർപ്പും, വയസ്സു തെളിയിക്കുന്നതിനുള്ള രേഖയും, കാലതാമസം മാപ്പാക്കുന്നതിനു അഞ്ചു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് തദ്ദേശ രജിസ്ട്രാർക്കും. ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ സഹിതം തദ്ദേശ രജിസ്ട്രാർ (മുനിസിപ്പൽ സെക്രട്ടറി മുഖാന്തരം) ജില്ലാ രജിസ്ട്രാർമാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്) അയച്ചു അനുമതി ലഭിച്ചശേഷം വിവാഹം രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്. വിവാഹ രജിസ്ട്രേഷനിലെ അടിസ്ഥാനവിവരങ്ങളുടെ തിരുത്തലുകൾക്കായി ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിനാണ് അപേക്ഷിക്കേണ്ടത്. ഇതിലേക്കായി സംയുക്ത അപേക്ഷ 5 രൂപ സ്റ്റാമ്പ് പതിച്ച്, തിരുത്തലിന് ആവശ്യമായ ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പു സഹിതം നഗരസഭാ സെക്രട്ടറി മുഖാന്തരം ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡയറക്ടർ) അയച്ചുകൊടുത്ത് അനുമതി ലഭിച്ചശേഷം ഫീസ് ഇല്ലാതെ തന്നെ തദ്ദേശ രജിസ്ട്രാർ തിരുത്തൽ വരുത്തി നൽകുന്നതാണ്.

### 8.13.2 പൊതുവിവാഹ ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ

2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം നഗരസഭയിലെ ജനന മരണ രജിസ്ട്രാർ തന്നെയാണ് നഗരസഭാ വിവാഹ (പൊതു) രജിസ്ട്രാർ. വിവാഹ പൊതു രജിസ്ട്രാർ ജനറൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും, പൊതു വിവാഹ മുഖ്യ രജിസ്ട്രാർ ജനറൽ പഞ്ചായത്ത് ഡയറക്ടറുമാണ്.

വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവരുടെ വിവാഹങ്ങളും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്ന വിവാഹങ്ങളും ഈ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തു നൽകുന്നു. ചട്ടം 9 പ്രകാരം നിശ്ചിത ഫോറത്തിലുള്ള (ഫോറം 1) മെമ്മോറാണ്ടത്തിന്റെ രണ്ട് പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ 2 (അധിക സെറ്റ്), ജനനത്തീയതി തെളിയിക്കുന്ന രേഖകൾ, വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ ഫോറം നമ്പർ രണ്ടിൽ ഉള്ള സാക്ഷ്യപത്രം എന്നിവ സഹിതം വിവാഹത്തിന് ശേഷം 45 ദിവസത്തിനകം തദ്ദേശ പൊതു വിവാഹ രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസ് 100 രൂപ (BPL, SC, ST Rs.10/-) സർട്ടിഫിക്കറ്റ് ഫീസ്

20/- രൂപയും അടയ്ക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞ സംഗതികളിൽ 100/- രൂപ പിഴ കൂടി അടയ്ക്കേണ്ടതാണ്. വിവാഹം കഴിഞ്ഞു അഞ്ചു വർഷം കഴിഞ്ഞുള്ള രജിസ്ട്രേഷന്, കാലതാമസം മാപ്പാക്കുന്നതുനുള്ള രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള) അപേക്ഷ പ്രകാരം അനുമതി ലഭിച്ചശേഷം 250 രൂപ പിഴ കൂടി ഈടാക്കി നഗരസഭാ രജിസ്ട്രാർക്ക് വിവാഹം രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്.

ചട്ടം 13ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തദ്ദേശ രജിസ്ട്രാർക്ക് രജിസ്ട്രേഷനിൽ സ്വമേധയാ തിരുത്തലുകൾ വരുത്തുന്നതിനും രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അധികാരം ഉണ്ട്. എന്നാൽ പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകളുടെ തിരുത്തലുകൾക്ക് രജിസ്ട്രാർ ജനറലിൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) നിന്നുള്ള അനുമതി ആവശ്യമാണ്. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകൾ ശരിയാക്കുന്നതിനുള്ള വിവരങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്) തദ്ദേശ രജിസ്ട്രാർ മുഖേന അപേക്ഷ അയച്ച് അനുമതി ലഭിച്ചശേഷം 100 രൂപ ഫീസ് അടച്ച് തദ്ദേശ പൊതു രജിസ്ട്രാർക്ക് തിരുത്തൽ വരുത്താവുന്നതാണ്.

### 8.13.3 ആനന്ദ് വിവാഹ നിയമപ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ

1909-ലെ ആനന്ദ് വിവാഹ നിയമപ്രകാരം, സിഖ് മതക്കാരുടെ ഇടയിലുള്ള വിവാഹ ആചാരപ്രകാരം (ആനന്ദ് കരാജ്) നടക്കുന്ന വിവാഹങ്ങളാണ് ആനന്ദ് വിവാഹം. വിവാഹം നടന്ന് 30 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തണം. ജനനമരണ രജിസ്ട്രാർ ആരാണോ അവരാണ് തദ്ദേശ രജിസ്ട്രാർ (20.04.2015-ലെ GO (P) 6/2015/ Law നമ്പർ നോട്ടിഫിക്കേഷൻ) വിവാഹം നടന്ന് 30 ദിവസത്തിന് ശേഷമുള്ള വിവാഹ രജിസ്ട്രേഷന് കാലതാമസം മാപ്പാക്കി ലോക്കൽ രജിസ്ട്രാർക്ക് തന്നെ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്. രജിസ്റ്ററിലെ ഉൾക്കുറിപ്പ് തിരുത്തുന്നതിന് ജില്ലാ രജിസ്ട്രാറുടെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതി ആവശ്യമാണ്.

## 8.14 സർട്ടിഫിക്കറ്റുകൾ

### 8.14.1 ജനന മരണ സർട്ടിഫിക്കറ്റുകൾ

#### *8.14.1.1 സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ്*

21 ദിവസത്തിനകം റിപ്പോർട്ട് ലഭിച്ച സംഗതികളിൽ സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ് അപേക്ഷ കൂടാതെ തന്നെ സൗജന്യമായി നൽകണം. 30 ദിവസത്തിനകം കൈപ്പറ്റാത്ത പക്ഷം തപാലിൽ അയച്ചുകൊടുക്കണം.

അപേക്ഷ പ്രകാരം മുദ്രപത്രത്തിൽ ആണ് സർട്ടിഫിക്കറ്റ് വേണ്ടതെങ്കിൽ 50/- രൂപയുടെ മുദ്രപത്രം അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷ ഫീസും തിരച്ചിൽ ഫീസും അടയ്ക്കണം. ഏഴ് ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകും. crlsgkerala.gov.in എന്ന സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. (കൊച്ചി നഗരസഭ ഒഴികെ)

ബാർകോഡുള്ള ജനനമരണ ഇ-സർട്ടിഫിക്കറ്റുകൾ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാം.

### 8.14.2 വിവാഹ സർട്ടിഫിക്കറ്റുകൾ

#### *8.14.2.1ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ്*

50/- രൂപയുടെ മുദ്രപത്രം (ആവശ്യമുണ്ടെങ്കിൽ മാത്രം) 10/- രൂപ ഫീസ് അപേക്ഷിച്ച് 10 ദിവസത്തിനകം നൽകും. കോർപ്പറേഷനുകളിൽ ഏഴുദിവസം.

#### *8.14.2.2 പൊതു ചട്ടപ്രകാരമുള്ള വിവാഹ സർട്ടിഫിക്കറ്റുകൾ*

കോർപ്പറേഷൻ ഏഴ് ദിവസത്തിനകവും മുനിസിപ്പാലിറ്റികൾ 10 ദിവസത്തിനകവും നൽകണം. 25/- രൂപയാണ് ഫീസ്.

രജിസ്ട്രേഷൻ പൂർത്തീകരിച്ചതും വെബ്ലേക്ക് അപ്ലോഡ് ചെയ്തതുമായ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. കൊച്ചി നഗരസഭയ്ക്ക് മാത്രം നഗരസഭയുടെ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യണം.

# CONTRIBUTORS

**Dr. Joy Elamon**
Director General
Kerala Institute of Local Administration (KILA), Kerala – 680581
director@kila.ac.in Ph:- 9446521312

**Dr. Sunny George**
Professor, Urban Planning
Kerala Institute of Local Administration (KILA), Kerala – 680581
george@kila.ac.inPh:- 9446604973

**Adv. T.S. Saifudeen**
Corporation Secretary (Rtd.)
Urban Affairs Department
Aroor P.O., Alappuzha Dist.
saifdeents@gmail.com Ph:- 9961881727

**Mr. M. Renukumar**
Faculty (Rtd.)
ETC, Mannuthy, Thrissur – 680 028
renukumar@kila.ac.in Ph:- 9496346320

**Mr. P.M. Devarajan**
Joint Director (Rtd.)
Urban Affairs Department
Nila House, Chettupuzha P.O., Thrissur – 680 012
devarajanpmtsr@gmail.com Ph:- 9497073049

**Mr. R. Balagangadharan**
Secretary to Council (Rtd.)
Thrissur Municipal Corporation
Chengamanadu P.O.
Aluva, Ernakulam – 683 578
balagangadharan@kila.ac.in Ph:- 9447172941

**Mr. V.K. Unnikrishnan**
Council Secretary (Rtd.)
Thrissur Municipal Corporation
Panchamam, Arimboor P.O.
Thrissur – 680 620
reguvk@gmail.com Ph:- 9961910081

**Mr. M. Vijayarajan**
Secretary (Rtd.)
Thodupuzha Municipality
Vallichira P.O., Pala
Kottayam – 686 574
vijayarajann57@gmail.com Ph:- 9447507934

**Mr. K.M. Mohammedali**
Superintendent (Rtd.)
Angamali Municipality
Mudickal.P.O., Perumbavoor
Ernakulam – 683 547
kmmohammedali61@gmail.com Ph:- 9447916587

**Mr. AjmalA**
Programme Co-ordinator (UNDP)
KILA Regional Office
Kumarapuram, Trivandrum
ajmal@kila.ac.in Ph:- 9567951612